നമുക്ക് തിരുക്കുറൾ പഠിക്കാം

Thirukkural Payilvom

(Malayalam)

காசி தமிழ் சங்கமம்
काशी तमिल संगमम्
KASHI TAMIL SANGAMAM

Kashi Tamil Sangamam 5.0

"Thirukkural Payilvom – Thirukkural Abhyas Karen"

Translator

Dr. N. Manoharan

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലാസിക്കൽ തമിഴ്

2026

ഉള്ളടക്കം

അദ്ധ്യായം 1 - കാശി, തമിഴ്നാട് 4

അദ്ധ്യായം 2 - തിരുവള്ളുവരുടെ ജീവചരിത്രം 8

അദ്ധ്യായം 3 - തിരുക്കുറൾ ഗ്രന്ഥസൂചികയും അതുല്യതയും 11

അദ്ധ്യായം 4 - വ്യാഖ്യാനവും പ്രസിദ്ധീകരണവും 15

അദ്ധ്യായം 5 - വാനോളം വള്ളുവം 16

5.1. തിരുക്കുറളിലെ സ്നേഹവും ധർമ്മവും 16

5.2. തിരുക്കുറളിലെ ആതിഥ്യമര്യാദ 20

5.3. തിരുക്കുറളിലെ ജീവകാരുണ്യം 23

5.4. തിരുക്കുറളിലെ സന്യാസം 25

5.5. തിരുക്കുറളിലെ വ്യക്തി ശീലം 27

5.6. തിരുക്കുറളിലെ ആത്മവിശ്വാസ ചിന്തകൾ 29

5.7. തിരുക്കുറളിലെ വിദ്യാഭ്യാസം 32

5.8. തിരുക്കുറളിലെ നേതൃഗുണങ്ങൾ 34

5.9. തിരുക്കുറളിലെ ആരോഗ്യം 35

5.10. തിരുക്കുറളിലെ വൈദ്യ നൈതികത 37

5.11. തിരുക്കുറളിലെ മാനസികാരോഗ്യം 38

5.12. തിരുക്കുറളിലെ മാനവികത 40

5.13. തിരുക്കുറളിലെ സാമൂഹിക ഐക്യം 41

5.14. തിരുക്കുറളിലെ സൗഹൃദം 43

5.15. തിരുക്കുറളിലെ രാഷ്ട്രീയം 44

5.16. തിരുക്കുറളിലെ ഭരണപരമായ കഴിവുകൾ 45

5.17. തിരുക്കുറളിലെ സാമ്പത്തിക ചിന്തകൾ 47

5.18. തിരുക്കുറളിലെ കൃഷി 48

5.19. തിരുക്കുറളിലെ പരിസ്ഥിതി 49

5.20. തിരുക്കുറളിലെ കുടുംബ മൂല്യങ്ങൾ 51

5.21. തിരുക്കുറളിൽ സ്ത്രീ 53
5.22. തിരുക്കുറളിൽ നിർവാഹ ശേഷി 54
5.23. ലോക ഭാഷകളിൽ തിരുക്കുറൾ 56
അദ്ധ്യായം - 6 കുറൾ മണിമാല 58

അദ്ധ്യായം 1 - കാശിയും തമിഴ്നാടും

കാശിക്കും തമിഴ്നാടിനും ചരിത്രപരമായ ബന്ധമുണ്ട്. തമിഴ് പ്രാചീന ക്ലാസിക്കൽ സാഹിത്യങ്ങളിൽ കാശിയെ വാരണാസി എന്നാണ് പരാമർശിക്കുന്നത്. കലിത്തൊക, ചിലപ്പതികാരം, മണിമേക്കലൈ, നീലകേശി, ചൂളാമണി, പെരുങ്കതൈ, വില്ലിഭാരതം, തേവാരം, പെരിയപുരാണം, നാലയിര ദിവ്യപ്രബന്ധം, തിരുപ്പുകഴ്, ശിവഭോഗസാരം, തിരുവിളൈയാടൽ പുരാണം, കാഞ്ചീപുരാണം, ശിവജ്ഞാന പാലയ സ്വാമികൾ കലമ്പകം, തിരുവുരുട്പാ, വീരപാന്ധ്യ കട്ടപൊമ്മു കതൈപ്പാടൽ, ഭാരതിയാർ കവിതകൾ, കവിമണിയുടെ മലരും മലയും മുതലായ കൃതികളിലും കാശിയെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. ഇവയല്ലാതെ ശിലാലിഖിതങ്ങളിലും ചെപ്പേടുകളിലും കാശിയെ കുറിച്ചുള്ള പരാമർശങ്ങൾ ധാരാളമുണ്ട്. കാശികലമ്പകം, കാശി തുണ്ടിവിനായകർ പതികം, കാശി കാണ്ടം, കാശിരഹസ്യം, കാശിയാത്ര, കാശി മഹാത്മീയം അഥവാ സിംഹദ്വജൻ കഥ, കാശി വിശ്വനാഥ സദകം, ശ്രീ കാശി യാത്രാ ദീപം തുടങ്ങിയ ഗ്രന്ഥങ്ങൾ കാശിയെക്കുറിച്ച് രചിക്കപ്പെട്ടവയാണ്. ഇതിൽ നിന്നും കാലാകാലമായി തുടരുന്ന കാശിയും തമിഴ്നാടും തമ്മിലുള്ള ബന്ധം മനസ്സിലാക്കാം.

ഈ രീതിയിൽ, ചരിത്രപരമായ ബന്ധങ്ങൾ തിരിച്ചറിയുക, രണ്ട് ബൗദ്ധിക പാരമ്പര്യങ്ങളെ ഒന്നിപ്പിക്കുക, അവയ്ക്കിടയിൽ കാണപ്പെടുന്ന ബന്ധങ്ങൾ പങ്കിടുക, ദീർഘകാല സാംസ്കാരിക തുടർച്ച വെളിപ്പെടുത്തുക, ഒരെ ഭാരതം - പരമോന്നത ഭാരതം എന്ന ആശയത്തിൽ സാംസ്കാരിക പാരമ്പര്യങ്ങൾ അറിയിച്ച് ദേശീയ ഐക്യം പ്രോത്സാഹിപ്പിക്കുക, വിജ്ഞാന കൈമാറ്റം പ്രോത്സാഹിപ്പിക്കുക, ഇന്ത്യൻ തലത്തിൽ തമിഴ് ഭാഷയും ക്ലാസിക്കൽ സാഹിത്യവും പരിചയപ്പെടുത്തുക, യുവാക്കളെ ഇന്ത്യൻ സാംസ്കാരിക പൈതൃകവുമായി ബന്ധിപ്പിക്കുക, സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇന്ത്യൻ ഭാഷകൾ തമ്മിലുള്ള ഭാഷാപരമായ ആശയവിനിമയം സംയോജിപ്പിക്കുക തുടങ്ങിയ വിവിധ കാരണങ്ങളെ അടിസ്ഥാനമാക്കി, ഇന്ത്യാ ഗവൺമെന്റിന്റെ വിദ്യാഭ്യാസ മന്ത്രാലയം കാശി തമിഴ് സംഗമം നടത്തുന്നു.

കാശിയും തമിഴ്നാടും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നതിനായി, കാശി-തമിഴ്നാട് ബന്ധങ്ങൾ, ബൗദ്ധികവും സാംസ്കാരികവുമായ ബന്ധങ്ങൾ ശക്തിപ്പെടുത്തൽ, ഇന്ത്യൻ ബൗദ്ധിക പാരമ്പര്യത്തിൽ അഗസ്ത്യ മുനിയുടെ സംഭാവന, തമിഴ് പഠനം

എന്നീ വിഷയങ്ങളിൽ നാല് കാശി തമിഴ് സംഗമങ്ങൾ നടന്നു. ഇതിനെത്തുടർന്ന്, ഈ വർഷം, "നമുക്ക് തിരുക്കുറൾ പഠിക്കാം" എന്ന വിഷയത്തിൽ കാശി തമിഴ് സംഗമം 5.0 28.11.2026 മുതൽ 12.12.2026 വരെ വാരണാസിയിൽ നടക്കുന്നു.

കാശി – തമിഴ്നാട്: ചരിത്രപരമായ ബന്ധങ്ങൾ

ഗംഗാ തീരത്തുള്ള കാശിയും വൈകൈ , കാവേരി തീരത്തുള്ള തമിഴ്നാടും ഇന്ത്യയിലെ ഏറ്റവും പഴക്കമേറിയ ബൗദ്ധിക കേന്ദ്രങ്ങളാണ്. നൂറ്റാണ്ടുകളായി ഇവയെ ബന്ധിപ്പിക്കുന്ന വിഷയങ്ങൾ ഇവയാണ്:

- **കുമരഗുരുപര സ്വാമികൾ (പതിനേഴാം നൂറ്റാണ്ട്):** ധർമ്മപുര ആതീനം സ്വദേശിയായ അദ്ദേഹം കാശിയിൽ കുമാരസ്വാമി മഠം സ്ഥാപിക്കുകയും കേദാർ ഘട്ടിൽ കേദാരീശ്വരർ ക്ഷേത്രം നിർമ്മിക്കുകയും ചെയ്തു. അദ്ദേഹം 'കാശിക് കലമ്പകം' പാടി കാശിയിൽ തന്നെ ദേവന്മാരോടൊപ്പം ചേർന്നു.
- **മഹാകവി ഭാരതിയാർ:** 1898 മുതൽ 1902 വരെ അദ്ദേഹം കാശി ഹനുമാൻ ഘട്ടയിലാണ് താമസിച്ചത്. അദ്ദേഹം താമസിച്ചിരുന്ന വീട് 'ഭാരതി ഇല്ലം' എന്ന പേരിൽ നവീകരിച്ച് 2022 ഡിസംബർ 11 ന് തുറന്നു. 'കാശിയിലെ കവി പ്രസംഗം, കാഞ്ചിയിൽ കേൾക്കുവാനൊരു ഉപകരണം ഉണ്ടാക്കും' എന്ന അദ്ദേഹത്തിന്റെ വരി വടക്കും തെക്കും ബന്ധിപ്പിക്കുക എന്ന സ്വപ്നമാണ്.
- **തെങ്കാശി, ശിവകാശി:** 'തെക്കൻ കാശി' എന്ന പേരുകൾ കാശിയോടുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. ഈ ക്ഷേത്രങ്ങൾ പതിനഞ്ചാം നൂറ്റാണ്ടിലെ പാണ്ഡ്യ രാജാവായ പരാക്രമ പാണ്ഡ്യനുമായി ബന്ധപ്പെട്ടിരിക്കുന്നു. തെങ്കാശി പാണ്ഡ്യനായ അതിവീരരാമ പാണ്ഡ്യൻ 'കാശി കാണ്ഡം' പാടി.
- **നിരെല്ലാം ഗംഗൈ, നിലമെല്ലാം കാശി:** പാണ്ഡ്യ പാരമ്പര്യത്തിലെ ശൈലി വാചകം ഈ പരമ്പര 2023 ലെ സംഗമത്തിന്റെ ഉദ്ഘാടന വേളയിൽ പ്രധാനമന്ത്രി ഉദ്ധരിച്ചു.
- **കാശി - രാമേശ്വരം യാത്ര:** രാമേശ്വരം സന്ദർശനത്തോടെയാണ് കാശി യാത്ര അവസാനിക്കുന്നത് എന്നത് വളരെക്കാലമായി നിലനിൽക്കുന്ന ഒരു വിശ്വാസമാണ്. 'കാശി യാത്ര' ഇപ്പോഴും തമിഴ് വിവാഹ ചടങ്ങുകളുടെ ഭാഗമാണ്.

- **വിദ്യാഭ്യാസ പാലം:** ബനാറസ് ഹിന്തു സർവ്വകലാശാലയിൽ 'സുബ്രമണ്യ ഭാരതി തമിഴ് ഗവേഷണ ചെയർ' സ്ഥാപിക്കുമെന്ന് ഭാരതിയാരുടെ 100-ാം ചരമവാർഷിക ദിനത്തിൽ 11.09.2021 ന് ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി പ്രഖ്യാപനം നടത്തി.

കാശി തമിഴ് സംഗമത്തിന്റെ യാത്ര:

കാശി തമിഴ് സംഘം 1.0

- 'കാശിയും തമിഴ്നാടും തമ്മിലുള്ള ബന്ധം' എന്ന പ്രമേയവുമായി കാശി തമിഴ് സംഗമം 1.0 16.11.2022 മുതൽ 15.12.2022 വരെ ഉത്തർപ്രദേശിലെ വാരണാസിയിലുള്ള ബനാറസ് ഹിന്ദു സർവകലാശാല കാമ്പസിൽ നടന്നു.

കാശി തമിഴ് സംഘം 2.0

- 'ബൗദ്ധികവും സാംസ്കാരികവുമായ ബന്ധങ്ങൾ ശക്തിപ്പെടുത്തുക' എന്ന പ്രമേയവുമായി കാശി തമിഴ് സംഗമം 2.0 17.12.2023 മുതൽ 30.12.2023 വരെ ഉത്തർപ്രദേശിലെ വാരണാസിയിലെ നമോഘട്ടിൽ വെച്ചു നടന്നു.

കാശി തമിഴ് സംഗമം 3.0

- "ഇന്ത്യൻ ബൗദ്ധിക പാരമ്പര്യത്തിൽ അഗസ്ത്യ മുനിയുടെ സംഭാവന" എന്ന വിഷയവുമായി കാശി തമിഴ് സംഗമം 3.0 15.02.2025 മുതൽ 24.02.2025 വരെ ഉത്തർപ്രദേശിലെ വാരണാസിയിലെ നമോ ഘട്ടിൽ വെച്ചു നടന്നു.

കാശി തമിഴ് സംഗമം 4.0

- "തമിഴ് പഠിക്കുക" എന്ന വിഷയവുമായി കാശി തമിഴ് സംഘം 4.0 02.12.2025 മുതൽ 15.12.2025 വരെ ഉത്തർപ്രദേശിലെ വാരണാസിയിലെ നമോ ഘട്ടിൽ വെച്ചു നടന്നു. കാശി തമിഴ് സംഘത്തിന്റെ സമാപന ചടങ്ങ് 30.12.2025 ന് തമിഴ്നാട്ടിലെ രാമേശ്വരത്ത് നടന്നു.

കാശി തമിഴ് സംഗമം 5.0

- 'നമുക്ക് തിരുക്കുറൾ പഠിക്കാം' എന്ന വിഷയം ആസ്പതമാക്കി ഉത്തർപ്രദേശിലെ വാരണാസിയിലെ നമോ ഘട്ടിൽ വെച്ചു 28.11.2026 മുതൽ 12.12.2206 വരെ നടക്കും. ഇന്ത്യയിലുടനീളമുള്ള 1,000 കോളേജുകളിൽ നിന്നും സർവ്വകലാശാലകളിൽ നിന്നും ഓരോ വിദ്യാർത്ഥിയെ വീതം തിരഞ്ഞെടുത്ത് തിരുക്കുറൾ അവരുടെ മാതൃഭാഷയിൽ പഠിക്കുകയും തുടർന്ന് അവരുടെ കോളേജുകളിൽ തിരുക്കുറളിന്റെ സന്ദേശം പ്രചരിപ്പിക്കുകയും ചെയ്യും.

തിരുക്കുറളിൽ ഏതൊരു മതത്തെയോ രാജാവിനെയോ രാജ്യത്തെയോ പേരെടുത്ത് പരാമർശിക്കുന്നില്ല. അതുകൊണ്ടാണ് എല്ലാവരും അതിനെ അവരുടേതായി സ്വീകരി ക്കുന്നത്. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലാസിക്കൽ തമിഴ് സ്റ്റഡീസ് ഈ പുസ്തകം 35 ഭാഷകളിൽ വിവർത്തം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്, കൂടാതെ എട്ടാം ഷെഡ്യൂളിലെ ഇരുപത്തിരണ്ട് ഭാഷകളിലും സ്ഥാപനത്തിന്റെതായ ബഹുഭാഷാ ആപ്പ് വഴി ഈ തിരുക്കുറൾ പുസ്തകം നൽകുന്നു. അതിനാൽ, കാശ്മീരിലെ ഒരു വിദ്യാർത്ഥിക്കും കന്യാകുമാരിയിലെ ഒരു വിദ്യാർത്ഥിക്കും ഒരേ സമയം അവരുടെ ഭാഷയിൽ തിരുക്കുറൾ പഠിക്കാൻ സാധിക്കും.

അദ്ധ്യായം 2 - തിരുവള്ളുവരുടെ ജീവചരിത്രം

തിരുവള്ളുവരെക്കുറിച്ച് നമുക്ക് ഉറപ്പായും അറിയാവുന്ന ഒരു കാര്യം അദ്ദേഹം രചിച്ച 1,330 കുറൾ സൂക്തങ്ങളാണ്. അദ്ദേഹത്തിന്റെ ജനനം, കുടുംബം, തൊഴിൽ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ മിക്കവാറും പിൽക്കാല പാരമ്പര്യമാണ്. എന്നിരുന്നാലും, രചിച്ച പുസ്തകം തന്നെ അതിന്റെ രചയിതാവിനെ വ്യക്തമായി കാണിക്കുന്നു.

പേരും പ്രത്യേക പേരുകളും

'തിരു' എന്ന വിശേഷണത്തോടെ 'വള്ളുവൻ' എന്ന പേര് ചേർത്ത് 'തിരുവള്ളുവർ' രൂപപ്പെടുത്തിയിരിക്കുന്നു. പാരമ്പര്യം അദ്ദേഹത്തിന് നിരവധി പ്രത്യേക പേരുകൾ നൽകിയിട്ടുണ്ട്: നായനാർ, തേവർ, ദൈവപുലവർ, മുതൽപാവലർ, നാൻമുഖനാർ, മാതാനുപംഗി, ചെന്നാപ്പോതാർ, പെരുനാവലർ, പൊയ്യിൽ പുലവർ. തമിഴ് സമൂഹത്തിന് അദ്ദേഹത്തോടുള്ള ബഹുമാനത്തെ ഈ പേരുകൾ കാണിക്കുന്നു.

കാലം : പണ്ഡിത അഭിപ്രായങ്ങൾ

തിരുക്കുറളിന്റെ കാലഘട്ടം പൊ.വ. മുമ്പു 300 മുതൽ പൊ.വ. പിമ്പു അഞ്ചാം നൂറ്റാണ്ട് വരെയുള്ളതാണെന്ന് പലവിധത്തിൽ കണക്കാക്കുന്നു. ചെക്ക് ഭാഷാ പണ്ഡിതനായ കമീൽ സ്വെലെബിൽ ഇതിന്റെ കാലം പൊ.വ. പിമ്പു 450–500 ആയി കണക്കാക്കുന്നു. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക ഇത് ആറാം നൂറ്റാണ്ടാണെന്ന് പറയുന്നു, ചിലർ പൊ.വ. മുമ്പു ഒന്നാം നൂറ്റാണ്ട് എന്നും പറയുന്നു. തമിഴ് പാരമ്പര്യം വള്ളുവർ കാലഘട്ടത്തെ പൊ.വ. മുമ്പു 31 എന്ന് കണക്കാക്കുന്നു. മറൈമലൈയടികൾ നിർദ്ദേശിച്ച ഈ കണക്കുകൂട്ടലിനെ അടിസ്ഥാനമാക്കി, തമിഴ്നാട് സർക്കാർ 1971 ൽ 'തിരുവള്ളുവർ വർഷം' സമ്പ്രദായം ഗസറ്റ് ചെയ്തു; അത് 1972 ൽ പ്രാബല്യത്തിൽ വന്നു. വള്ളുവർ വർഷം = പൊതു വർഷം + 31; 2026 തെ മാസം എന്നാൽ തിരുവള്ളുവർ വർഷം 2057 ആണ്.

പരമ്പരാഗത കഥകൾ

പിൽക്കാലത്തെ തനിപ്പാട്ടുകളിലും വാമൊഴി പാരമ്പര്യത്തിലും വള്ളുവരെ കുറിച്ചു ചില കഥകൾ നൽകുന്നു. ഇവയ്ക്ക് ചരിത്രപരമായ തെളിവുകളൊന്നുമില്ല;

എന്നിരുന്നാലും, വള്ളുവർ ജനങ്ങളുടെ മനസ്സിൽ എങ്ങനെ ജീവിച്ചിരുന്നുവെന്ന് അതിൽ നിന്നാറിയാം.

- ചെന്നൈയിലെ മൈലാപ്പൂരിലാണ് അദ്ദേഹം ജനിച്ചതെന്ന് വിശ്വസിക്കുന്നു. അദ്ദേഹത്തിന് അവിടെ ഒരു പ്രത്യേക ക്ഷേത്രമുണ്ട്.
- അദ്ദേഹം ഒരു നെയ്ത്തുകാരനാണെന്നും അദ്ദേഹത്തിന്റെ ഭാര്യ വാസുകി ആണെന്നും പാരമ്പര്യം പറയുന്നു. ഭർത്താവ് വിളിച്ചപ്പോൾ വാസുകി വെള്ളം കോരിയ കയർ കിണറ്റിൽ ഉപേക്ഷിച്ച കഥ ഗാർഹിക സ്നേഹത്തിന്റെയും ചാരിത്രശുദ്ധിയുടെയും ഉദാഹരണമായി പറയപ്പെടുന്നു.
- മധുരൈ തമിഴ് സംഘത്തിൽ കൃതിയെ അവതരിപ്പിച്ചപ്പോൾ, സംഘപ്പലക തിരു ക്കുറളിന് മാത്രം ഇടം നൽകിയതായി ഒരു കഥയുണ്ട്.
- തിരുവള്ളുവമാല എന്ന കൃതി തിരുക്കുറളിന്റെ മഹത്വം പ്രകീർത്തിച്ച് പലകവികൾ പാടിയ അമ്പത്തിയഞ്ച് വെൺപാക്കളുടെ ഒരു സമാഹാരമാണ്. അതിൽ, 'കടുകിനുള്ളിൽ എഴു കടലും വെച്ച പോലെ'ന്നു ഇടൈക്കാടരും 'അണുവിനെ തുളച്ച് അതിൽ എഴു കടലും വെച്ച പോൽ കുറിയ വടിവുള്ള കുറൾ' എന്നു ഔവൈയാരും കുറളിന്റെ ചെറിയ രൂപവും അർത്ഥ സാന്ദ്രതയും വിപുലതയും വിസ്തരിക്കുന്നു.

പുസ്തകത്തിൽ കാണുന്ന രചയിതാവ്

വള്ളുവർ ജീവിതത്തിന്റെ എല്ലാ മേഖലകളിലും അറിവുള്ള ജ്ഞാനകവിയാണ്. അതിൽ ധാർമ്മികത, രാഷ്ട്രീയം, സാമ്പത്തിക ശാസ്ത്രം, യുദ്ധം, വൈദ്യശാസ്ത്രം, സ്നേഹം ഇവയെല്ലാം ഉൾപ്പെടുന്നു. ജനനം കൊണ്ടല്ല, പ്രവൃത്തി കൊണ്ടാണ് അദ്ദേഹം ഒരു വ്യക്തിയെ അളക്കുന്നത്. അതിനാൽ, ജൈനർ, ബുദ്ധമതക്കാർ, ശൈവർ, വൈഷ്ണവർ എന്നിവരുൾപ്പെടെ നിരവധി മതപാരമ്പര്യങ്ങൾ വള്ളുവരെ തങ്ങളുടെ സ്വന്തമെന്ന് ആഘോഷിക്കുന്നു. ഈ വൈവിധ്യമാണ് അദ്ദേഹത്തിന്റെ സാർവത്രികതയുടെ ഏറ്റവും മികച്ച തെളിവ്. ഇന്ത്യയിലെ പൊതു ധാർമ്മിക ബോധ പാരമ്പര്യത്തിന്റെ ശബ്ദമായിട്ടാണ് പണ്ഡിതന്മാർ അദ്ദേഹത്തെ കാണുന്നത്.

സ്മാരകങ്ങൾ

- തിരുവള്ളുവർ ദിനം: പൊങ്കൽ ഉത്സവവേളയിൽ തൈ മാസത്തിലെ രണ്ടാം ദിവസം ആഘോഷിക്കുന്നു.
- വള്ളുവർ കോട്ടം, ചെന്നൈ: 1976 ഏപ്രിലിൽ പ്രസിഡന്റ് ഫക്രുദ്ദീൻ അലി അഹമ്മദ് ഉദ്ഘാടനം ചെയ്തു. വൈ. ഗണപതി സ്ഥപതിയാണ് രൂപകൽപ്പന ചെയ്തത്. 1,330 കുറളുകളും കല്ലിൽ കൊത്തിവച്ചിട്ടുണ്ട്. ചെലവിൽ നവീകരിച്ച ഇത് 2025 ജൂൺ 21 ന് വീണ്ടും തുറന്നു.
- വള്ളുവർ പ്രതിമ: കന്യാകുമാരിയിൽ 133 അടി ഉയരമുള്ള തിരുവള്ളുവർ പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. അതായത്, 133 അധ്യായങ്ങൾക്ക് ഒരു അടി. 38 അടി പീഠം അറത്തുപ്പാലിലെ 38 അദ്ധ്യായങ്ങളെയും, 95 അടി പ്രതിമ പൊരുൾപാൽ, ഇൻപത്തുപ്പാലിലെ 95 അധ്യായങ്ങളെയും പ്രതിനിധീകരിക്കുന്നു. 01.01.2000 ന് ഉദ്ഘാടനം ചെയ്ത പ്രതിമ 2004 ലെ സുനാമിയെ അതിജീവിച്ചു. ഇതിന്റെ സിൽവർ ജൂബിലി ചടങ്ങിൽ, വിവേകാനന്ദ പാറയെ ബന്ധിപ്പിക്കുന്ന 77 മീറ്റർ കണ്ണാടിപ്പാലം 2024 ഡിസംബർ 30 ന് ഉദ്ഘാടനം ചെയ്തു; ഈ പ്രതിമ 'ജ്ഞാനന്റെ പ്രതിമ' എന്നും അറിയപ്പെടുന്നു.

അദ്ധ്യായം 3 — തിരുക്കുറളിന്റെ ഘടനയും വ്യതിരിക്തതയും

തിരുക്കുറളിൽ 1,330 ശ്ലോകങ്ങളുണ്ട്; 133 അധ്യായങ്ങളുണ്ട്; ഓരോ അദ്ധ്യായത്തിലും പത്തു വീതമാണ്. മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു: രണ്ട് പാദങ്ങളും ഏഴ് ചീരുകളും ഉള്ള ശ്ലോകങ്ങളാണ്, അവയെ കുറൾ വെൺപാ എന്ന് വിളിക്കുന്നു.

ഗ്രന്ഥഘടന

മുപ്പാൽ : 133 അദ്ധ്യായങ്ങൾ : 1,330 കുറൾ സൂക്തങ്ങൾ (പരിമേലഴകരുടെ വ്യാഖ്യാന പാഠത്തെ അടിസ്ഥാനമാക്കിയുള്ള കുറൾ സൂക്തങ്ങളുടെ എണ്ണം)		
അറത്തുപ്പാൽ ധർമ്മ പ്രകരണം	പൊരുടപ്പാൽ അർത്ഥ പ്രകരണം	കാമത്തുപ്പാൽ കാമ പ്രകരണം
38 അദ്ധ്യായങ്ങൾ (1-38) 380 കുറൾ സൂക്തങ്ങൾ	70 അദ്ധ്യായങ്ങൾ (39-108) 700 കുറൾ സൂക്തങ്ങൾ	25 അദ്ധ്യായങ്ങൾ (109-133) 250 കുറൾ സൂക്തങ്ങൾ
പായിരം / സ്തുതി 4 അദ്ധ്യായങ്ങൾ ഇല്ലറവിയൽ/ ഗൃഹസ്തം 20 അദ്ധ്യായങ്ങൾ തുറവിയൽ / സന്യാസം 13 അദ്ധ്യായങ്ങൾ ഊഴിയൽ / വിധി 01 അദ്ധ്യായം	അരചിയൽ 25 അദ്ധ്യായങ്ങൾ അങ്കവിയൽ 32 അദ്ധ്യായങ്ങൾ ഒഴിപിയൽ 13 അദ്ധ്യായങ്ങൾ	കളവിയൽ 07 അദ്ധ്യായങ്ങൾ കറ്റ്പിയൽ 18 അദ്ധ്യായങ്ങൾ

അറത്തുപ്പാൽ / ധർമ്മ പ്രകരണം – 38 അദ്ധ്യായങ്ങൾ

ധർമ്മപ്രകരണം ഒരു വ്യക്തിയുടെ അകം ജീവിതത്തെയും കുടുംബ ജീവിതത്തെയും കുറിച്ചു സംസാരിക്കുന്നു.

- പായിരം ഒരു മുഖവുരയ്ക്ക് തുല്യമാണ് (1–4): ഇതിൽ ദൈവസ്തുതി, മഴ മഹത്വം, സന്യാസി മഹിമ, ധർമ്മ ശാസനം എന്ന നാലു അദ്ധ്യായങ്ങളുണ്ട്. ദൈവസ്തുതിക്ക് ശേഷം പെയ്യുന്ന മഴയെ കുറിച്ച് പ്രത്യേക അദ്ധ്യായം നൽകിയിട്ടുള്ളതിൽ പ്രകൃതിയാണ് ജീവിതത്തിന്റെ അടിസ്ഥാനം എന്ന വള്ളുവരുടെ വീക്ഷണം വ്യക്തമാകുന്നു.

- ഗാർഹികം / ഗൃഹസ്തം (5–24): കൂടുംമ്പ ജീവിതം, ജീവിത പങ്കാളി, സൽപുത്ര ലാഭം എന്നിവ തൊട്ടു സ്നേഹം, ആതിഥ്യം, മധുര ഭാഷണം, കൃതജ്ഞത, മിതത്വം, ക്ഷമ, ഉപകാര ബോധം, ദാനം, കീർത്തി വരെയും ഇതിൽ പറയുന്നു. ഗൃഹസ്ത ജീവിതത്തെ സന്യാസത്തിന് തുല്യമായും ചില ഇടങ്ങളിൽ അതിലും ഉയർന്നതായും വള്ളുവര് വിലമതിക്കുന്നു.
- സന്യാസം (25–37): കരുണ, മാംസവർജ്ജനം, സത്യസന്ധത, കോപവർജ്ജനം അക്രമരാഹിത്യം, അഹിംസ, ആസക്തിയില്ലായ്മ, ത്യാഗം, സത്യസാക്ഷാത്കാരം എന്ന സന്യാസത്തിന് വേണ്ട ഗുണങ്ങളെ ഇതിൽ വിവരിക്കുന്നു. ലോക പണ്ഡിതന്മാരെ വളരെയധികം ആകർഷിച്ച അഹിംസയെ കുറിച്ചുള്ള സൂക്ത വാക്യങ്ങൾ ഈ അധ്യായത്തിൽ അടങ്ങിയിരിക്കുന്നു.
- ഊഴിയൽ/വിധി (38): മനുഷ്യ പ്രയത്നത്തിനപ്പുറം നിലനിൽക്കുന്ന കർമ്മഫല ത്തെക്കുറിച്ചുള്ള ഏക അദ്ധ്യായമാണിത്.

പൊരുൾപാൽ / അർത്ഥ പ്രകരണം - 70 അദ്ധ്യായങ്ങൾ

കൃതിയുടെ പകുതിയിലധികവും അർത്ഥ പ്രകരണമാണ്; ഇത് രാഷ്ട്രീയം, ഭരണം, സാമ്പത്തികശാസ്ത്രം, സൗഹൃദം, സമൂഹം എന്നിവയെക്കുറിച്ചാ പ്രതിപാതിക്കുന്നത്.

- രാഷ്ട്രീയം (39–63): രാജ മഹത്വം, വിദ്യാഭ്യാസം, കേളവിജ്ഞാനം, ബുദ്ധിശക്തി മുതൽ സദ്ഭരണം, ചാര പ്രവൃത്തി, പരിശ്രമശീലം, കഷ്ടതയിൽ മനം തളരായ്ക എന്നിങ്ങനെ നല്ലൊരു ഭരണാധികാരിയുടെയും നീതിപൂർണ്ണമായ ഭരണത്തിന്റെയും സവിശേഷതകൾ ഇവിടെ ശ്രദ്ധാകേന്ദ്രമാണ്.
- അംഗവിയൽ (64–95): രാജാവിനെ ഭരണനിർവാഹത്തിൽ സഹായിക്കുന്ന ഘടകങ്ങളെ കുറിച്ചു പറയുന്നു. മന്ത്രി, വാക്ചാതുര്യം, കർമ്മദൃഡത, സമ്പത്ത് സ്വരൂപീകരണം, ദൂതു, നാടു, കോട്ട, പ്രതിരോധം, പട ബലം, മൈത്രി, ശത്രുത പോലുള്ള രാജ്യത്തിന്റെ അവയവങ്ങളെ ഓരോന്നായി പരിശോധിക്കുന്നു.
- ഒഴിപിയൽ (96–108): കുലീനത, അഭിമാനം, സംസ്കാരം, കൃഷി, യാചന, വറുതി നീചത പോലുള്ള നല്ലൊരു പ്രജ കൈകൊളേളണ്ട സൽപ്രവൃത്തികളും വെടിയേണ്ട ദുഷ്പ്രവൃത്തികളെയും ഇവിടെ ചർച്ചചെയ്യുന്നു.

കാമത്തുപ്പാൽ – 25 അധ്യായങ്ങൾ

സംഘ സാഹിത്യത്തിലെ അകംതിണ പാരമ്പര്യത്തിൽ നടക്കുന്ന ഒരു പ്രണയ നാടകമാണ് കാമത്തുപ്പാൽ. നായകന്റെയും നായികയുടെയും തോഴിയുടെയും സമഭാഷണങ്ങളാണ് ഇതിലെ വരികൾ. 'പേരുകൾ ചൂണ്ടി പറയുക് പതിവില്ല' എന്ന തൊൽക്കാപ്പിയ തത്വമനുസരിച്ച്, കുറൾ കവിതകൾ ആരുടെയും പേര് പരാമർശിക്കുന്നില്ല; അതിനാൽ, ഇതിലെ അനുരാഗ ഭാവം എല്ലാവർക്കും അവകാശപ്പെട്ടതാണ്.

- കളവിയൽ (109–115): നായികാ നായകന്മാരുടെ രഹസ്യാനുരാഗ വികാരങ്ങളെ കുറിച്ചു പറയുന്ന വിവാഹത്തിനു മുമ്പുള്ള പ്രണയമാണിതിൽ ഉള്ളടക്കം
- കറ്റ്പിയൽ (116–133): പ്രണയാനന്തര വിവാഹ ജീവിതവും നായകന്റെ വേർപാടിൽ നായികയുടെ വിരഹ പരിഭവങ്ങളും പിണക്കവും പിണക്കം തീർക്കലും ഭാര്യയുമായുള്ള ദാമ്പത്യ സുഖത്തിൽ ഒന്നിക്കലുമാണ് ഇതിൽ പ്രതിപാദ്യം.

വള്ളുവരുടെ വീക്ഷണത്തിൽ, ധർമ്മ മാർഗത്തിൽ നേടാത്ത അർത്ഥവും (സമ്പത്ത്/ധ നം) സമ്പത്തില്ലാത്ത കുടുംബജീവിതവും സ്നേഹമില്ലാത്ത കാമവും പൂർണ്ണമല്ല. മനുഷ്യജീവിതത്തിനു വേണ്ട ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്ന പുരുഷാർത്ഥങ്ങളെയാണ് തിരുക്കുറൾ പറയുന്നത്. ധർമ്മം, അർത്ഥം, കാമത്തെ ഏറേ വിശദീകരിച്ചും മോക്ഷത്തെ സന്യാസത്തിലും പ്രസ്താവിക്കുന്നു. ഈ പൊതു ചട്ടക്കൂടാണ് ഏത് ദിക്കിലുമുള്ള വായനക്കാർക്ക് തിരുക്കുറൾ എളുപ്പത്തിൽ വായിക്കാനും മനസിലാക്കുവാനും സഹായിക്കുന്നത്.

കുറൾ വെൺപാ വൃത്തം

- പാദങ്ങൾ: രണ്ട് പാദങ്ങൾ. ഒന്നാം പാദത്തിൽ നാല് ചീർ, രണ്ടാം പാദത്തിൽ മൂന്ന് ചീർ; ആകെ ഏഴ് ചീർ.
- തളൈ: വെൺതളൈ. അവസാനത്തെ ചീർ നാൾ, മലർ, കാചു , പിറപ്പു എന്ന പദ ഘടന പോലുള്ളതയാകാം
- ചീർ തിരിക്കൽ -

കുറൾ 1: അകാര | മുതല | എഴു ത്തെല്ലാം | ആദി
ഭഗവൻ | മുതറ്റേ | ഉലകു.

ഇത്രയും സംഗ്രഹവും ലഘൂത്വവുമാണ് കുറളിന്റെ ശക്തി. 'അണുവിനെ തുളച്ച് ഏഴ് കടലുകൾ കുറിക്കിയ രൂപമെന്ന് ഔവൈയാർ പറഞ്ഞതിണ കാരണവും ഇതുതന്നെ. ഓർമ്മിക്കുവാനും, വിവർത്തനം ചെയ്യുന്നതിനും, സാമൂഹ്യ മാധ്യമങ്ങളിൽ പങ്കിടുന്നതിനും അനുയോജ്യമായ ഒരു രൂപമാണ് കുറൾ.

തിരുക്കുറളിന്റെ പ്രത്യേക പേരുകൾ

മുപ്പാൽ, ഉത്തരവേദം, ദൈവനൂൽ, പൊയ്യമൊഴി, വായുറൈ വാഴ്ത്തു, പൊതു മറൈ എന്നിവയാണ് തിരുക്കുറളിന്റെ പ്രത്യേക പേരുകൾ. 'പൊതു മറൈ' എന്ന പേരിന് കാരണം സർവ്വ ജനനീയമായ അതിന്റെ ഉള്ളടക്കമാണ്. ഫ്രഞ്ച് വിവർത്തകനായ എ. എസ്. ഏരിയൽ പറഞ്ഞതുപോലെ, വള്ളുവർ 'ജാതി, മനുഷ്യർ, മതം, വിശ്വാസം എന്നിവയില്ലാതെ എല്ലാ മനുഷ്യരാശിക്കായും' സംസാരിക്കുന്നു.

അദ്ധ്യായം 4 — വ്യാഖ്യാനങ്ങൾ പ്രസിദ്ധീകരണങ്ങൾ

പത്താം നൂറ്റാണ്ട് മുതൽ പതിമൂന്നാം നൂറ്റാണ്ട് വരെ, പത്തോളം വ്യാഖ്യാന കർത്താക്കൾ തിരുക്കുറളിന് വിഖ്യാനം രചിച്ചിട്ടുണ്ട്. ധർമർ, മണകുടവർ, താമത്തർ, നച്ചർ, പരിതി യാർ, പരിമേലഴകർ, തിരുമലയാർ, മല്ലർ, പരിപ്പെരുമാൾ, കാലിംഗർ എന്നിങ്ങനെ. ഇവയിൽ മണകുടവർ, പരിതിയാർ, കാലിങ്കർ, പരിപ്പെരുമാൾ, പരിമേലഴകർ എന്നിവരുടെ വ്യാഖ്യാനങ്ങൾ പൂർണ്ണവും ലഭ്യമാണ്, അതേസമയം ധരുമർ, താമത്തർ, നച്ചരുടെ വ്യാഖ്യാനങ്ങൾ ഭാഗികമായി ലഭ്യമാണ്. തിരുമലയാർ, മല്ലർ എന്നിവരുടെ ഗ്രന്ഥങ്ങൾ നിലവിൽ ലഭ്യമല്ല. നിരവധി നൂറ്റാണ്ടുകളായി തിരുക്കുറലിനെ സംരക്ഷിച്ച് ഇന്നത്തെ തലമുറയ്ക്ക് കൈമാറിയ പാഠ പാരമ്പര്യമാണിത്.

സമകാലിക വ്യാഖ്യാനങ്ങൾ

19-20 നൂറ്റാണ്ടുകളിൽ, കവിരാജ പണ്ഡിതർ, ഉ. വേ. സാമിനാഥ അയ്യർ, കെ. വടിവേലു ചെട്ടിയാർ, അയോത്തിദാസർ, വി.ഒ. ചിദംബരം പിള്ള, തിരു.വി.കല്യാണസുന്തരം, നാമക്കൽ കവി, ഭാരതിദാസൻ തുടങ്ങിയവർ തിരുക്കുറളിന് വ്യാഖ്യാന ഗ്രന്ഥങ്ങൾ രചിച്ചു. 1949-ൽ എം. വരദരചനാരുടെ 'തിരുക്കുറൽ വ്യാഖ്യാന'ത്തോടെയാണ് ലളിതമായ ആധുനിക വ്യാഖ്യാന പാരമ്പര്യം ആരംഭിച്ചത്. തിരുക്കുറലിനുള്ള വ്യാഖ്യാന ഗ്രന്ഥങ്ങൾ ഇന്നും എഴുതപ്പെടുന്നു.

കൈയെഴുത്തുപ്രതി മുതൽ അച്ചടി വരെ

നൂറ്റാണ്ടുകളായി, തിരുക്കുറൾ പകർത്തി കൈയെഴുത്തു പ്രതികളായി സൂക്ഷിച്ചിരുന്നു. 1812-ൽ, തഞ്ചാവൂർ ജ്ഞാനപ്രകാശർ നാലടിയാർ, തിരുവള്ളുവമാല എന്നിവയ്ക്കൊപ്പം ആദ്യത്തെ തിരുക്കുറൾ അച്ചടി പതിപ്പ് പ്രസിദ്ധീകരിച്ചു. അതിനുശേഷം, നൂറുകണക്കിന് പതിപ്പുകൾ പുറത്തുവന്നു.

ഡിജിറ്റൽ യുഗം

ഇന്ന്, തിരുക്കുറൾ പൂർണമായി ഇന്റർനെറ്റിലും സ്മാർട്ട് ഫോണുകളിലും ബഹുഭാഷാ ആപ്പുകൾ വഴിയും ഓഡിയോ പുസ്തകങ്ങൾ തുടങ്ങിയ പുതിയ മാനങ്ങളിൽ ലഭ്യമാണ്.

അദ്ധ്യായം – 5 വാനോളം വള്ളുവം

ഒന്ന് മുതൽ ഇരുപത്തിമൂന്ന് വരെയുള്ള വിഷയങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന തിരുക്കുറളിന്റെ 108 അദ്ധ്യായങ്ങളിലെ കേന്ദ്ര തത്വങ്ങളിലേക്കുള്ള ഒരു ആമുഖമാണ് ഈ അദ്ധ്യായം.

5.1. തിരുക്കുറളിൽ സ്നേഹവും സദ്ഗുണവും

സാർവത്രിക ഗ്രന്ഥമായി ആദരിക്കപ്പെടുന്ന തിരുക്കുറൾ, മനുഷ്യജീവിതത്തിന്റെ അടിസ്ഥാന മൂല്യങ്ങളെ വളരെ സംക്ഷിപ്തമായും ആഴത്തിലും വിശദീകരിക്കുന്ന ഒരു ജീവചരിത്ര സാഹിത്യമാണ്. ഒരു വ്യക്തി എങ്ങനെ ജീവിക്കണമെന്ന് മാത്രമല്ല, അവൻ എന്ത് മാനസികാവസ്ഥയോടെയാണ് ജീവിക്കേണ്ടതെന്ന് തിരുവള്ളുവർ വിശദീകരിക്കുന്നു. ആ ജീവിത ചിന്തയുടെ കേന്ദ്രത്തിൽ സ്നേഹവും സദ്ഗുണവും നിലകൊള്ളുന്നു. ധർമ്മത്തിന്റെ ജീവരക്തമായി തിരുക്കുറളിൽ സ്നേഹം വെളിപ്പെടുത്തിയിരിക്കുന്നു, ധർമ്മം സ്നേഹത്തിന്റെ പ്രക്രിയയാണ്.

സ്നേഹം - മനുഷ്യജീവിതത്തിന്റെ അടിത്തറ

തിരുവള്ളുവർ സ്നേഹത്തെ വെറും ഒരു വികാരമായി കണക്കാക്കുന്നില്ല; മനുഷ്യനെ സ്വാർത്ഥതയിൽ നിന്ന് പൊതുനന്മയിലേക്ക് ഉയർത്തുന്ന ഒരു അടിസ്ഥാന ഗുണമായിട്ടാണ് അദ്ദേഹം അതിനെ കാണുന്നത്.

> அன்பிலார் எல்லாம் தமக்குரியர் அன்புடையார்
> என்பும் உரியர் பிறர்க்கு. (குறள் 72)
>
> അൻപിലാർ എല്ലാം തമക്കുരിയർ അൻപുടൈയാർ
> എൻപും ഉരിയർ പിറർക്കു.
>
> സ്നേഹശൂന്യർക്ക് എല്ലാം തനതാം സ്നേഹ
> ശീലർക്കോ തന്നുടലും അന്യർക്കാം. (കുറൾ 72)

സ്നേഹമില്ലാത്ത വ്യക്തി തന്നിൽ മാത്രം കേന്ദ്രീകരിച്ചാണ് ജീവിക്കുന്നത്; സ്നേഹിക്കുന്ന വ്യക്തിയോ മറ്റുള്ളവർക്ക് സ്വയം നൽകാനുള്ള പക്വത കൈവരിക്കുന്നു. അങ്ങനെ, സ്നേഹം 'ഞാൻ' എന്ന ഇടുങ്ങിയ മനസ്ഥിതിയെ 'നമ്മൾ' എന്ന വിശാലമായ അർത്ഥത്തിലേക്ക് മാറ്റുന്നു. അത് കുടുംബത്തിൽ

വാത്സല്യമായും, സമൂഹത്തിൽ കാരുണ്യമായും, ലോകത്തിൽ മനുഷ്യത്വമായും വികസിക്കുന്നു.

அன்பின் வழியது உயிர்நிலை அஃதிலார்க்கு
என்புதோல் போர்த்த உடம்பு. (குறள் 80)

അൻപിൻ വഴിയതു ഉയിർനിലൈ അഃതിലാർക്കു
എൻപുതോൽ പോർത്ത ഉടമ്പു.

ഉള്ളിലൻപുളളതേ ഉയിരുള്ളതാം മറ്റെല്ലാം
എല്ലിനെ തോൽമൂടിയ ദേഹം. (കുറൾ 80)

ശരീരം ജീവനുള്ളതായി മാത്രമല്ല ജീവിതം അർത്ഥവത്താക്കുന്നത്; മനസ്സ് മറ്റ് ജീവജാലങ്ങളുടെ സന്തോഷവും ദുഃഖവും അനുഭവിക്കുമ്പോൾ മാത്രമേ ജീവിതത്തിന് അർത്ഥം ലഭിക്കൂ. അതിനാൽ, തിരുവള്ളുവരുടെ വീക്ഷണത്തിൽ, സ്നേഹം മനുഷ്യന്റെ ഒരു സ്വഭാവം മാത്രമല്ല; അത് മനുഷ്യജീവിതത്തിന്റെ ജീവരക്തമാണ്.

സ്നേഹവും ധർമ്മവും

அன்பும் அறனும் உடைத்தாயின் இல்வாழ்க்கை
பண்பும் பயனும் அது. (குறள் 45)

അൻപും അറനും ഉടൈത്തായിൻ ഇൽവാഴ്കൈ
പൺപും പയനും അതു.

സ്നേഹവും ധർമ്മവും ഉണ്ടാകിലതുതന്നെ
കുടുമ്പജീവിതത്തിൻ ഗുണപുണ്യം.(കുറൾ 45)

ഈ ജീവിതത്തിന്റെ മഹത്വം സമ്പത്തിലോ അധികാരത്തിലോ അല്ല; സ്നേഹവും ധർമ്മ വും നിറഞ്ഞ ഒരു ജീവിതത്തിലാണ് അത് സ്ഥിതിചെയ്യുന്നത്. ഇവിടെ, സ്നേഹം ഹൃദയത്തിന്റെ ഗുണമാണ്, ധർമ്മം അതിൻ പ്രവർത്തന രൂപമാണ്.

സ്നേഹമുള്ള ഒരാൾ മറ്റുള്ളവരെ ദ്രോഹിക്കാൻ ആഗ്രഹിക്കുന്നില്ല. മറ്റുള്ളവരുടെ കഷ്ടപ്പാടുകൾ തന്റേതാണെന്ന് കരുതുന്ന ഒരാളിൽ നിന്ന്, ദാനധർമ്മം, ആതിഥ്യം, അഹിംസ, കൊല്ലാതിരിക്കൽ, ഔദാര്യം തുടങ്ങിയ ഗുണങ്ങൾ സ്വാഭാവികമായും

ഉത്ഭവിക്കുന്നു. അതിനാൽ, തിരുക്കുറൾ പറയുന്ന ധർമ്മം ബലപ്രയോഗത്തിലൂടെ നടപ്പിലാക്കുന്ന ഒരു ശിക്ഷണമല്ല; അത് സ്നേഹത്തിൽ നിന്ന് സ്വാഭാവികമായി ഉത്ഭവിക്കുന്ന ഒരു ജീവിതരീതിയാണ്. വള്ളുവർ ഇത് കൂടുതൽ ആഴത്തിലാക്കുന്നു,

அறத்திற்கே அன்புசார்பு என்ப அறியார்
மறத்திற்கும் அஃதே துணை. (குறள் 76)

அറത്തிற്കേ അൻപുച്ചാർപു എൻപ അറിയാർ
മറത്തിർക്കും അഃതേ തുണൈ.

ധർമ്മത്തിനേ സ്നേഹം തുണയെന്നതറിയായ്മ
ě Ńയ്ത്തിനും തുണയതുതന്നെ.(കുറൾ 76)

സ്നേഹം ആർദ്രതയുടെ അടയാളം മാത്രമല്ല; അത് ഒരാളുടെ കടമ ചെയ്യാനും മറ്റുള്ളവർക്കുവേണ്ടി ത്യാഗം ചെയ്യാനും നീതിക്കുവേണ്ടി ധൈര്യത്തോടെ നിലകൊള്ളാനും പ്രേരിപ്പിക്കുന്ന ഒരു ആന്തരിക ശക്തിയാണ്.

സദ്ഗുണം – മനഃശുദ്ധിയിൽ നിന്ന് ആരംഭിക്കുന്നു

തിരുവള്ളുവരുടെ സദ്ഗുണ സങ്കൽപ്പം ബാഹ്യ പ്രവൃത്തികളെ മാത്രമല്ല ആശ്രയിക്കുന്നത്. അത് ആന്തരികത്തെ ആശ്രയിച്ചിരിക്കുന്നു. സദ്ഗുണത്തിന്റെ ആരംഭം മനുഷ്യ മനസ്സാണ്. അതിനാൽ, മനസ്സിന്റെ ശുദ്ധിയാണ് സദ്ഗുണത്തിന്റെ അടിസ്ഥാനമെന്ന് വള്ളുവർ പറയുന്നു. ഒരു പ്രവൃത്തി പുറം ലോകത്തിന് നല്ലതായി തോന്നിയാലും, അതിന് പിന്നിൽ വഞ്ചന, അസൂയ, അത്യാഗ്രഹം അല്ലെങ്കിൽ പ്രശസ്തിക്കായുള്ള ആഗ്രഹം എന്നിവ ഉണ്ടെങ്കിൽ, അതിന്റെ ധാർമ്മിക മൂല്യം കുറയുന്നു. അതിനാൽ, സദ്ഗുണം ഒരു വ്യക്തി എന്ത് ചെയ്യുന്നു എന്നതിനെ മാത്രമല്ല; അവൻ അത് എന്തിനാണ് ചെയ്യുന്നത് എന്നതിനെയും ആശ്രയിച്ചിരിക്കുന്നു.

அறத்தினூஉங்கு ஆக்கமும் இல்லை அதனை
மறத்தலின் ஊங்கில்லை கேடு. (குறள் 32)

அറത്തിനൂഉങ്കു ആക്കമും ഇല്ലൈ അതനൈ
മറത്തലിൻ ഊങ്കില്ലൈ കേടു.

ധർമ്മത്തെക്കാൾ നന്മയില്ല അതു
മറപ്പതിൽപരം തിന്മയുമില്ല. (കുറൾ 32)

സമ്പത്തും അധികാരവും ശാശ്വതമല്ല; എന്നാൽ സദ്ഗുണത്തിലൂടെ നേടുന്ന മാനുഷിക മൂല്യം ശാശ്വതമാണ്. ധാർമ്മികതയെ മനുഷ്യജീവിതത്തിലെ ഏറ്റവും ഉയർന്ന സമ്പത്തായി വള്ളുവർ കാണുന്നതിന്റെ കാരണവും ഇതാണ്.

സ്നേഹത്തിൽ നിന്ന് കരുണയിലേക്ക്

തിരുക്കുരളിന്റെ സ്നേഹം കുടുംബത്തിലും ബന്ധുക്കളിലും മാത്രം ഒതുങ്ങുന്നില്ല. അത് മറ്റ് മനുഷ്യരെ മറികടന്ന് എല്ലാ ജീവജാലങ്ങളെയും ആശ്ലേഷിക്കുമ്പോൾ, അത് കരുണ / കൃപയുടെ ഏറ്റവും ഉയർന്ന അവസ്ഥയിലെത്തുന്നു.

அருட்செல்வம்செல்வத்துள்செல்வம்பொருட்செல்வம்
பூரியார்கண்ணும்உள. (குறள் 241)

അരുട്ചെൽവം ചെൽവത്തുൾ ചെൽവം പൊരുട്ചെൽവം
പൂരിയാർ കണ്ണും ഉള.

കാരുണ്യം മഹാധനം മറ്റു ധനം
ഹീനർക്കും ഉണ്ടാം. (കുറൾ 241)

മറ്റു ജീവജാലങ്ങളുടെ ദുഃഖം തന്റെ ദുഃഖമായി അനുഭവിക്കുന്ന അവയോടുള്ള കാരുണ്യം ഏതൊരു ഭൗതിക സമ്പത്തിനേക്കാളും ഉയർന്നതാണ്. ഈ രീതിയിൽ, തിരുക്കുറളിലെ സ്നേഹം വ്യക്തിഗത സ്നേഹം → കുടുംബ സ്നേഹം → സാമൂഹിക സ്നേഹം → ജീവിത സ്നേഹം എന്നിങ്ങനെ വികസിക്കുന്നു. അതുകൊണ്ടാണ്,

தன்னுயிர்க்கு இன்னாமை தானறிவான் என்கொலோ
மன்னுயிர்க்கு இன்னா செயல். (குறள் 318)

തന്നുയിർക്കു ഇന്നാമൈ താനറിവാൻ എൻകൊലോ
മന്നുയിർക്കു ഇന്നാ ചെയൽ.

തന്നുയിരിൻ തുമ്പങ്ങൾ താനറിവോനെന്തേ
മറ്റുയിരിനേകുന്നു തുമ്പം. (കുറൾ 318)

എന്ന് വള്ളുവർ ചോദിക്കുന്നു. സ്വയം വേദന എന്താണെന്ന് തിരിച്ചറിഞ്ഞ ഒരാൾക്ക് മറ്റ് ജീവജാലങ്ങളോട് എങ്ങനെ അത് ചെയ്യാൻ കഴിയും എന്ന ഈ ചോദ്യത്തിൽ

ധർമ്മ ത്തിന്റെ ആഴമേറിയ അടിസ്ഥാനം വെളിപ്പെടുന്നു. മറ്റുള്ളവരുടെ സ്ഥാനത്ത് തന്നെ കാണുന്ന മനസ്സാണ് യഥാർത്ഥ ധർമ്മത്തിന്റെ ആരംഭം.

ഇന്നത്തെ ലോകത്തിനായുള്ള സന്ദേശം

ശാസ്ത്രം, സാങ്കേതികവിദ്യ, സാമ്പത്തിക ശാസ്ത്രം എന്നിവയിൽ മനുഷ്യ സമൂഹം വളരെയധികം പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും, വിദ്വേഷം, അക്രമം, സ്വാർത്ഥത, വിവേചനം തുടങ്ങിയ പ്രശ്നങ്ങൾ നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ, തിരുക്കുറളി ന്റെ സ്നേഹവും ധാർമ്മികതയും പഴഞ്ഞൻ ആശയങ്ങളല്ല, മറിച്ച് ഇന്നത്തെ ലോകത്തിന് ആവശ്യമായ മാനുഷിക തത്വങ്ങളാണ്.

അറിവ് മനുഷ്യന് ശക്തി നൽകുന്നു; ധാർമ്മികത ആ ശക്തി നന്മയ്ക്കായി ഉപയോഗിക്കാൻ അവനെ നയിക്കുന്നു. സാങ്കേതികവിദ്യ ആളുകളെ ബന്ധിപ്പിക്കുന്നു; സ്നേഹം അവരുടെ ഹൃദയങ്ങളെ ബന്ധിപ്പിക്കുന്നു. നിയമം തെറ്റ് തടയുന്നു; ധാർമ്മികത തെറ്റ് ചെയ്യാത്ത ഒരു മനസ്സിനെ സൃഷ്ടിക്കുന്നു.

തിരുക്കുറളിൽ, സ്നേഹവും ധാർമ്മികതയും രണ്ട് വ്യത്യസ്ത തത്വങ്ങളല്ല. സ്നേഹമാണ് ധാർമ്മികതയുടെ മൂലവും ധാർമ്മികത സ്നേഹത്തിന്റെ ഫലവുമാണ്. സ്നേഹം മനുഷ്യനെ സ്വാർത്ഥതയിൽ നിന്ന് മോചിപ്പിക്കുന്നു; ധാർമ്മികത അവനെ പൊതുനന്മയിലേക്ക് നയിക്കുന്നു. സ്നേഹം കരുണയായി വികസിക്കുമ്പോൾ, മനുഷ്യൻ എല്ലാ ജീവികളെയും തന്നോട് ബന്ധപ്പെട്ടിരിക്കുന്നതായി കാണുന്നു.

അതിനാൽ, തിരുവള്ളുവർ കാണിക്കുന്ന ധാർമ്മിക ജീവിതം ഭയത്തിൽ നിന്ന് അനുഷ്ഠിക്കുന്ന ഒരു ധാർമ്മികതയല്ല; അത് സ്നേഹത്തിൽ നിന്ന് സ്വാഭാവികമായി പൂക്കുന്ന ഒരു ഉയർന്ന ജീവിത തത്വമാണ്. സ്നേഹം ഒരു മനുഷ്യനെ മനുഷ്യനാക്കുന്നു; സദ്ഗുണം ആ മനുഷ്യനെ ഉന്നത മനുഷ്യനാക്കുന്നു. ഇവ രണ്ടും ഒന്നിക്കുന്നിടത്താണ് വ്യക്തിഗത സമാധാനം, കുടുംബ ക്ഷേമം, സാമൂഹിക ഐക്യം, ആഗോള മാനവികത എന്നിവ വളരുന്നത്.

5.2. തിരുക്കുറളിൽ ആതിഥ്യ മര്യാദ

തമിഴ് സംസ്കാരത്തിന്റെ ഏറ്റവും ഉയർന്ന മൂല്യങ്ങളിലൊന്നാണ് ആതിഥ്യം. അപരിചിതരാണെങ്കിൽ പോലും വരുന്ന ആരെയും സ്വാഗതം ചെയ്യുകയും ഭക്ഷണം

നൽകുകയും പരിപാലിക്കുകയും ചെയ്യുന്നതാണ് തമിഴ് ജീവിതരീതി. തിരുവള്ളുവർ ഇതിനെ ഒരു സാമൂഹിക ആചാരമായി കണക്കാക്കുന്നില്ല, മറിച്ച് ഗൃഹാതുരത്വത്തിന്റെ അടിസ്ഥാന ഗുണമായി ഉയർത്തുന്നു. തിരുക്കുറളിൽ, ആതിഥ്യ മര്യാദയെക്കുറിച്ച് ഒരു അദ്ധ്യായം അദ്ദേഹം സ്ഥാപിക്കുകയും അതിഥികളെ പരിപാലിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തുകാണിക്കുകയും ചെയ്യുന്നു.

ഗൃഹസ്ത ലക്ഷ്യം - ആതിഥ്യം

இருந்தோம்பி இல்வாழ்வது எல்லாம் விருந்தோம்பி
வேளாண்மை செய்தற் பொருட்டு. (குறள் 81)

ഇരുന്തോമ്പി ഇൽവാഴ്വതു എല്ലാം വിരുന്തോമ്പി
വേളാണ്മൈ ചെയ്ത൑ പൊരുട്ടു.

ഗൃഹസ്ഥ ജീവിത നിയോഗം അതിഥിയെ
ആദരിച്ച് ഉപചരിക്കൽ. (കുറൾ 81)

ഒരു വ്യക്തി ധനം സമ്പാദിക്കുന്നതും അത് പരിപാലിക്കുന്നതും കുടുംബം നടത്തുന്നതും തന്റെയും കുടുംബത്തിന്റെയും നിലനിൽപ്പിന് വേണ്ടി മാത്രമല്ല; അത് മറ്റുള്ളവരുടെയും പ്രയോജനത്തിനാണെന്ന് വള്ളുവർ പറയുന്നു. ഇവിടെ, ആതിഥ്യം ഭക്ഷണം നൽകുന്നതിനപ്പുറം പോകുന്നു, തനിക്കുള്ളത് മറ്റുള്ളവരുമായി പങ്കിടുന്നതിന്റെ ഒരു സാമൂഹിക ഗുണമായി മാറുന്നു.

അതിഥി പുറത്തിരിക്കുമ്പോൾ താണ് മാത്രം ഉണ്ണുക ശരിയല്ല അതു മരണത്തെ മാറ്റുന്ന അമൃതാണെങ്കിലും, ഒറ്റയ്ക്ക് കഴിക്കുന്നത് അഭികാമ്യമല്ലെന്ന് പറയുന്നു വള്ളുവർ.

விருந்து புறத்ததாத் தானுண்டல் சாவா
மருந்தெனினும் வேண்டற்பாற்று அன்று. (குறள் 82)

വിരുന്തു പുറത്തതാത് താനുണ്ടൽ ½ Lവാ
മരുന്തെനിനും വേണ്ട ┌ റ്പാറ്റു അന്റു

അതിഥി പുറത്തിരിക്കെ താൻമാത്രമുണ്ണൽ
അമൃതമാണെങ്കിലും നിഷിദ്ധം. (കുറൾ 82)

തനിക്കുള്ളത് തനിക്കായി മാത്രം സൂക്ഷിക്കുന്നത് സമ്പത്തിന്റെ യഥാർത്ഥ ലക്ഷ്യമല്ല.

ഭക്ഷണത്തേക്കാൾ ഉയർന്നതാണ് പ്രസന്ന വദനം

ആതിഥ്യമര്യാദയിൽ, ഭക്ഷണം മാത്രം പ്രധാനമല്ല; അത് വിളമ്പുന്ന മാനസികാവസ്ഥയും സന്തോഷം നിറഞ്ഞ മുഖവും പ്രധാനമാണ്.

மோப்பக் குழையும் அனிச்சம் முகம்திரிந்து
நோக்கக் குழையும் விருந்து. (குறள் 90)

മോപ്പക് കുഴൈയും അനിച്ചം മുകംതിരിന്തു
നോക്കക് കുഴൈയും വിരുന്തു.

മുകര്ന്നാൽ വാടും അനിച്ചം മുഖംകറുത്തു
നോക്കിയാൽ വാടും അതിഥി. (കുറൾ 90)

മണത്താൽ പോലും വാടിപ്പോകുന്ന അനിച്ച മലർ പോലെയാണ് അതിഥി. നിങ്ങൾ മറ്റൊരു മുഖത്തോടെ സ്വാഗതം ചെയ്താൽ പോലും അതിഥിയുടെ ഹൃദയവും വാടിപ്പോകുമെന്ന് വള്ളുവർ പറയുന്നു. യഥാർത്ഥ ആതിഥ്യം എന്നത് ഒരാൾ നൽകുന്നതിന്റെ അളവല്ല, മറിച്ച് "നിങ്ങൾ ഞങ്ങളുടേതാണ്" എന്ന് അതിഥിയെ തോന്നിപ്പിക്കുന്നതാണെന്ന് അദ്ദേഹം സൂക്ഷ്മമായി അറിയിക്കുന്നു.

സാമൂഹിക ബന്ധങ്ങളുടെ അടിസ്ഥാനം

ആതിഥ്യം ആളുകൾ തമ്മിലുള്ള അന്തരം കുറയ്ക്കുന്നു. അത് പുതുമുഖത്തെ ഒരു ബന്ധുവാക്കി മാറ്റുന്നു; വ്യക്തിയെ സമൂഹവുമായി ബന്ധിപ്പിക്കുന്നു. അതിനാൽ, ആതിഥ്യമര്യാദയെ വ്യക്തിപരമായ ഒരു ഗുണമായി മാത്രമല്ല, സാമൂഹിക ഐക്യം സൃഷ്ടിക്കുന്ന ഒരു ഗുണമായും കാണാൻ കഴിയും. ആതിഥ്യമര്യാദയെ കുടുംബത്തിന്റെ ഏറ്റവും വലിയ കടമയായി പ്രശംസിച്ചിട്ടുണ്ട്,

இருந்தோம்பி இல்வாழ்வது எல்லாம் விருந்துஓம்பி
வேளாண்மை செய்தல் பொருட்டு. (குறள் 81)

ഇരുന്തോമ്പി ഇൽവാഴ്വതു എല്ലാം വിരുന്തോമ്പി
വേളാണ്മൈ ചെയ്ത ൾ പൊരുട്ടു.

ഗൃഹസ്ഥ ജീവിത നിയോഗം അതിഥിയെ
ആദരിച്ച് ഉപചരിക്കൽ. (കുറൾ 81)

ഇന്നത്തെ നഗര, വ്യക്തി കേന്ദ്രീകൃത ജീവിതത്തിലും ഈ ആശയം പ്രസക്തമാണ്. ആതിഥ്യമര്യാദയുടെ ആധുനിക രൂപം ഭക്ഷണം നൽകുന്നതിനെക്കുറിച്ചല്ല; മറ്റുള്ളവരെ ബഹുമാനിക്കുക, പുതുമുഖങ്ങളെ സ്വീകരിക്കുക, ആവശ്യക്കാരെ പിന്തുണയ്ക്കുക എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

തിരുക്കുറളിൽ, ആതിഥ്യം ഭക്ഷണം നൽകുന്ന പ്രവൃത്തിയല്ല; ഹൃദയം പങ്കിടുന്നതിന്റെ ഗുണമാണ്. സമ്പത്തിന്റെ മഹത്വം അതിന്റെ കൈവശമല്ല; അത് പങ്കിടുന്നതിലാണ്. ഒരു വീടിന്റെ മഹത്വം അതിന്റെ സൗകര്യങ്ങളിലല്ല; അവിടെ എത്തുന്ന വ്യക്തിക്കു ലഭിക്കുന്ന സ്നേഹത്തിലാണത്. അതിനാൽ, ആതിഥ്യമര്യാദയിലൂടെ തിരുവള്ളുവർ "തനിക്ക് വേണ്ടി മാത്രം ജീവിക്കുന്നതല്ല മറ്റുള്ളവർക്കു വേണ്ടിയും ജീവിക്കുന്നതാണ് ഗ്രഹസ്ത്യത്തിന്റെ മഹത്തായ ധർമ്മമെന്ന മാനുഷിക ചിന്തയെ വള്ളുവർ ഇതിൽ സ്ഥാപിക്കുന്നു.

5.3. തിരുക്കുറളിൽ ജീവകാരുണ്യം

മനുഷ്യരിൽ മാത്രമല്ല, എല്ലാ ജീവജാലങ്ങളെയും ബഹുമാനിക്കുകയും ജീവിക്കുകയും ചെയ്യുന്ന വിശാലമായ ഒരു ധാർമ്മിക ചിന്തയാണ് തിരുക്കുറളിൽ അടങ്ങിയിരിക്കുന്നത്. കരുണ, അഹിംസ, മാംസ വർജ്ജനം, കൊല്ലാതിരിക്കൽ, ഉപദ്രവിക്കാതിരിക്കൽ എന്നീ അദ്ധ്യായങ്ങളിലൂടെ സർവ്വ ജീവജാലങ്ങളുടെയും ജീവിക്കാനുള്ള അവകാശത്തെ വള്ളുവർ ഊന്നിപ്പറയുന്നു.

എല്ലാ ജീവനും തന്റെ ജീവനായി കാണുക

தன்னூன் பெருக்கற்குத் தான்பிறிது ஊன்உண்பான்
எங்ஙனம் ஆளும் அருள். (குறள் 251)

തന്നൂൻ പെരുക്കറ്റ്കുത് താൻപിറിതു ഊൻഉൺപാൻ
എങ്ങനം ആളും അരുൾ.

തന്നുടൽ കൊഴുക്കുവാൻ മറ്റുടൽ ഉൺമോനിൽ
എമ്മട്ടുണ്ടാകും കാരുണ്യം (കുറൾ 251)

മറ്റൊരു ജീവിയെ കൊന്ന് സ്വന്തം ശരീരത്തെ പോഷിപ്പിക്കുന്നതിനായി മാംസം കഴിക്കുന്ന ഒരാൾക്ക് എങ്ങനെ ഒരു കരുണയുള്ളവനാകാൻ കഴിയുമെന്നു വള്ളുവർ

ചോദിക്കുന്നു. നമ്മുടെ ജീവനെപ്പോലെ തന്നെ മറ്റ് ജീവജാലങ്ങളുടെയും ജീവനെ നാം വിലമതിക്കുന്നുണ്ടോ? ഭക്ഷണക്രമം എന്ന ആശയത്തിനപ്പുറമുള്ള ഒരു അടിസ്ഥാന ധാർമ്മിക ചോദ്യവും അദ്ദേഹം ഉന്നയിക്കുന്നു.

அருளல்லது யாதெனின் கொல்லாமை கோறல்
பொருளல்லது அவ்வூன் தினல். (குறள் 254)

അരുളല്ലതു യാതെനിൻ കൊല്ലാമൈ കോറൽ
പൊരുളല്ലതു അവ്വൂൻ തിനൽ.

കൊല്ലായ്കതാനല്ലോ കാരുണ്യം അധർമ്മം
കൊല്ലലും ആമാംസം തിന്നലും. (കുറൾ 254)

വള്ളുവർ കൊല്ലാതിരിക്കുന്നതിനെ കൃപയുടെ അടിസ്ഥാനമായി സ്ഥാപിക്കുന്നു.

ജീവ കാരുണ്യത്തിന്റെ കൊടുമുടി

മറ്റു ജീവജാലങ്ങളെ ഉപദ്രവിക്കാതെ ജീവിക്കുന്നവനാണ് ഏറ്റവും ഉയർന്ന മനുഷ്യൻ എന്ന ആശയത്തെ

கொல்லான் புலாலை மறுத்தானைக் கைகூப்பி
எல்லா உயிரும் தொழும். (குறள் 260)

കൊല്ലാൻ പുലാലൈ മറുത്താനൈക് കൈകൂപ്പി
എല്ലാ ഉയിരും തൊഴും.

കൊല്ലാത്തോൻ മാംസമുണ്ണാത്തോനെ കൈകൂപ്പി
എല്ലാ ഉയിരും തൊഴും. (കുറൾ 260)

എന്ന കുറളിൽ വെളിപ്പെടുത്തുന്നു. ജീവജാലങ്ങളോട് സഹതാപം തോന്നിയാൽ മാത്രം പോരാ അതിൻ തുമ്പവും മനസിലാക്കണം

உண்ணாமை வேண்டும் புலாஅல் பிறிதொன்றன்
புண்அது உணர்வார்ப் பெறின். (குறள் 257)

ഉണ്ണാമൈ വേണ്ടും പുലാഅൽ പിറിതൊന്റൻ
പുൺഅതു ഉണർവാർപ് പെറിൻ.

ഉണ്ണായ്ക മാംസം അതുമറ്റൊന്നിൻ
പുണ്ണെന്നറിയും ആരായ്കിൽ. (കുറൾ 257)

ജീവ കാരുണ്യമെന്നത് ആ ജീവിയുടെ കഷ്ടപ്പാട് മനസ്സുകൊണ്ട് അനുഭവിക്കുക എന്നതാണ് എന്ന് വിശദീകരിക്കുന്നു. ഏതൊരു ജീവനും കഷ്ടപ്പാട് ഉണ്ടാക്കാത്ത ഒരു ജീവിതശൈലി തിരഞ്ഞെടുക്കണം എന്നതാണ് ഈ വാക്യം നൽകുന്ന ആഴമേറിയ സന്ദേശം.

ഇന്നത്തെ സാഹചര്യത്തിൽ, മൃഗസംരക്ഷണം, ജൈവവൈവിധ്യം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ ആശയങ്ങളിൽ ഈ ആശയം പ്രയോഗിക്കാവുന്നതാണ്. വള്ളുവരുടെ ജീവ കാരുണ്യം മനുഷ്യൻ പ്രകൃതിയുടെ ഭരണാധികാരിയല്ലെന്നും അവൻ അതിന്റെ ജീവിതശൈലിയുടെ ഭാഗമാണെന്നും മനസ്സിലാക്കുന്നതിലേക്ക് നയിക്കുന്നു.

തിരുക്കുറളിൽ, മനുഷ്യനോടുള്ള സ്നേഹത്തിന്റെ ഒരു വിപുലീകരണമാണ് ജീവ സ്നേഹം. സ്വന്തം ജീവനെ ബഹുമാനിക്കുന്നതുപോലെ മനുഷ്യജീവിതത്തെയും ബഹുമാനിക്കണമെന്ന് കുറൾ പഠിപ്പിക്കുന്നു. മനുഷ്യന്റെ ഉന്നതി അവന്റെ ശക്തിയിലല്ല; അത് തന്നേക്കാൾ ശക്തി കുറഞ്ഞ ജീവികളോട് അവൻ കാണിക്കുന്ന കരുണ യിലാണ്. ഈ രീതിയിൽ, തിരുക്കുറൾ എല്ലാ ജീവജാലങ്ങളെയും ഉൾക്കൊള്ളുന്ന വിശാലമായ ഒരു ധാർമ്മികത അവതരിപ്പിക്കുന്നു.

5.4. തിരുക്കുറളിലെ സന്യാസം

തിരുക്കുറളിന്റെ ധർമ്മ പ്രകാരണത്തിൽ, സന്യാസവുമായി ബന്ധപ്പെട്ട ധാർമ്മിക തത്വങ്ങൾ ഗൃഹസ്ത തത്വങ്ങളെ പിന്തുടരുന്നു. ലോകത്തിൽ നിന്നുള്ള ശാരീരികമായ പിന്മാറ്റം മാത്രമല്ല സന്യാസം; ആഗ്രഹം, ആസക്തി, കോപം, അഹങ്കാരം തുടങ്ങിയ മാനസിക അവസ്ഥകളെ നിയന്ത്രിച്ച് മറികടക്കുന്നതിന്റെ ആഴമേറിയ അർത്ഥവും തിരുക്കുറളിലെ പല അദ്ധ്യായങ്ങളും വെളിപ്പെടുത്തുന്നു. പാഠ പാരമ്പര്യത്തിൽ ധർമ്മ പ്രകാരണത്തിലെ അദ്ധ്യായങ്ങളെ ഗൃഹസ്തം , സന്യാസം എന്ന ഉപവിഭാഗങ്ങളായി ങ്ങനെ തിരിച്ചിരിക്കുന്നു.

ആസക്തി ഉപേക്ഷിക്കൽ

മനുഷ്യന്റെ പല കഷ്ടപ്പാടുകൾക്കും കാരണം അമിതമായ ആസക്തി തന്നെയാണ്. ഭൗതിക വസ്തുക്കൾ, പ്രശസ്തി, അധികാരം എന്നിവ മനുഷ്യനെ ഭരിക്കുന്ന

ശക്തികളല്ല, ജീവിതത്തിനുള്ള ഉപകരണങ്ങളായിരിക്കണം. ഒരാളുടെ ജീവിതത്തിൽ ഇവ പിന്തുടരുന്നതിന്, ദൈവത്തിന്റെ കൃപ വളരെ അത്യാവശ്യമാണ്; കൃപ ലഭിക്കാൻ, ഒരാൾ മറ്റ് ആസക്തികളെ ഉപേക്ഷിച്ച് ഭഗവാന്റെ പാദത്തിൽ പറ്റിപ്പിടിക്കണം.

பற்றுக பற்றற்றான் பற்றினை அப்பற்றைப்
பற்றுக பற்று விடற்கு. (குறள் 350)

പറ്റുക പറ്ററ്റാൻ പറ്റിനൈ അപ്പറ്റൈപ്
പറ്റുക പറ്റു വിടറ്റ്കു.

പറ്റുക പറ്ററ്റോൻ പറ്റിനെ പറ്റിൻ
പറ്റൊഴിഞ്ഞിടുവാനായ്. (കുറൾ 350)

യഥാർത്ഥ സന്ന്യാസം രൂപത്തിലോ വേഷഭൂഷാദികളിലോ അല്ല; അത് ഹൃദയത്തിലാണ്. ആഗ്രഹങ്ങളെ നിയന്ത്രിക്കാതെ ത്യജിക്കാതെ പുറമേ ഒരു സന്യാസിയായി പ്രത്യക്ഷപ്പെടുന്നത്തില് ഫലമില്ല. തിരുവള്ളുവർ പറയുന്ന സന്ന്യാസം സ്വയം നിയന്ത്രിക്കുന്നതിനുള്ള ഒരു ആത്മനിഷ്ഠമായ രീതിയാണ്.

സന്ന്യാസവും കരുണയും

തിരുക്കുറളിന്റെ സന്ന്യാസ ചിന്ത ഒരു വ്യക്തിയെ സമൂഹത്തിൽ നിന്ന് വേർതിരിക്കുന്നില്ല. മറിച്ച്, കൃപ, തപസ്സ്, സത്യസന്ധത, അഹിംസ, മാസവർജ്ജനം തുടങ്ങിയ ഗുണങ്ങളിലൂടെ അത് അവനെ കൂടുതൽ ഉത്തരവാദിത്തമുള്ളവനാക്കുന്നു.

തന്റെ ആഗ്രഹങ്ങളെ ജയിക്കുന്നവൻ മറ്റുള്ളവരുടെ അവകാശങ്ങൾ തള്ളി കളയുന്നില്ല; കോപത്തെ ജയിക്കുന്നവൻ മറ്റുള്ളവരെ പീഡിപ്പിക്കുന്നില്ല; അഹങ്കാരത്തെ ജയിക്കുന്നവൻ മറ്റ് ജീവികളെ താഴ്ന്നവരായി കണക്കാക്കുന്നില്ല. അതിനാൽ, ത്യാഗം ലോകത്തോടുള്ള വെറുപ്പല്ല; അത് തന്നിലെ അതിരറ്റ ആഗ്രഹത്തിൽ ജയിക്കുന്നതാണ്.

ഉപഭോഗം, മത്സരം, ഭൗതികവാദം എന്നിവ വർദ്ധിച്ചുവരുന്ന ഇന്നത്തെ ലോകത്ത്, തിരുക്കുറളിന്റെ സന്ന്യാസ ചിന്തയ്ക്ക് പുതിയ അർത്ഥം ലഭിക്കുന്നു. ആവശ്യത്തിനും ആഗ്രഹത്തിനും ഇടയിലുള്ള വ്യത്യാസം മനസ്സിലാക്കുക, മിതത്വം, ആത്മനിയന്ത്രണം, ലാളിത്യമോടെ ജീവിക്കുക എന്നത് ആധുനിക ജീവിതത്തിലും അത്യന്താപേക്ഷിതമാണ്.

തിരുക്കുറളിൽ പറഞ്ഞു വരുന്ന സന്യാസം ലോകത്തിൽ നിന്ന് ഒളിച്ചോടുന്നതിനെക്കുറിച്ചല്ല; ലോകത്തിൽ ജീവിക്കുമ്പോൾ ആത്മാവിനെ കീഴടക്കുന്നതിനെക്കുറിച്ചാണ്. ആസക്തി ഉപേക്ഷിക്കുന്നത് ഭൗതിക വസ്തുക്കളെ ഉപേക്ഷിക്കുന്നതിനേക്കാൾ ഉയർന്നതാണ്, സ്വയം കീഴടക്കുന്നത് മറ്റുള്ളവരെ കീഴടക്കുന്നതിനേക്കാൾ ഉയർന്നതാണ്. ഈ രീതിയിൽ, തിരുവള്ളുവർ സന്യാസത്തെ മനുഷ്യന്റെ ആന്തരിക വിശുദ്ധിയിലേക്കും മാനസിക വിമോചനത്തിലേക്കും നയിക്കുന്ന ഒരു ജീവിതരീതിയായി അവതരിപ്പിക്കുന്നു.

5.5. തിരുക്കുറളിൽ വ്യക്തി ശീലം / സദാചാരം

നല്ല സമൂഹത്തിന്റെ അടിത്തറ നല്ല വ്യക്തികളാണ്. നിയമങ്ങൾ കൊണ്ട് മാത്രം സമൂഹത്തെ മെച്ചപ്പെടുത്താൻ കഴിയില്ല. ആത്മനിയന്ത്രണം, സത്യസന്ധത, ഉത്തരവാദിത്തം, വിനയം തുടങ്ങിയ സദാചാര ഗുണങ്ങൾ ഓരോ മനുഷ്യനിലും സ്ഥാപിക്കപ്പെടണം. വ്യക്തിഗത ശീലമെന്ന വിശാലമായ വീക്ഷണകോണിൽ നിന്നാണ് തിരുക്കുറൾ ഇതിനെ അഭിസംബോധന ചെയ്യുന്നത്.

വ്യക്തിശീലമാണ് ഏറ്റവും ഉയർന്ന നന്മ

ഒരു വ്യക്തിക്ക് ഉയർന്ന സ്ഥാനം നൽകുന്നത് സമ്പത്തോ സ്ഥാനമോ അല്ല; അത് അയാളുടെ ശീലങ്ങളാണ്. അതുകൊണ്ടാണ് നല്ല ശീലത്തെ ജീവനെക്കാൾ നാം സംരക്ഷിക്കേണ്ടത്

ஒழுக்கம் விழுப்பம் தரலான் ஒழுக்கம்
உயிரினும் ஓம்பப் படும். (குறள் 131)

ഒഴുക്കം വിഴുപ്പം തരലാൻ ഒഴുക്കം
ഉയിരിനും ഓമ്പപ് പടും.

സദാചാരം മേന്മയേകിടുമാകയാലതു
കാക്കുക ജീവനേക്കാളതി മുഖ്യം (കുറൾ 131)

അറിവും വൈദഗ്ധ്യവും ഒരു വ്യക്തിയെ മുന്നോട്ട് കൊണ്ടുപോകും; എന്നാൽ ആ പുരോഗതിയെ വിലപ്പെട്ടതാക്കുന്നത് സദാചാര ശീലമാണ്. അറിവുള്ള ഒരാൾ

അധാർമികനാണെങ്കിൽ, അവന്റെ അറിവ് സമൂഹത്തിന് ദോഷകരമായി മാറിയേക്കാം.

ആത്മനിയന്ത്രണം – സദാചാരത്തിന്റെ കാവലാൾ

വ്യക്തിപരമായ സദാചാരത്തിന്റെ കേന്ദ്രമായി വള്ളുവർ ആത്മനിയന്ത്രണത്തെ അവതരിപ്പിക്കുന്നു. ചിന്തകളെയും വാക്കുകളെയും പ്രവൃത്തികളെയും നിയന്ത്രിക്കാനുള്ള കഴിവാണ് ആത്മനിയന്ത്രണം. വികാരങ്ങളുടെ അടിമയാകാതെയും അവയുടെ അനന്തരഫലങ്ങൾ പരിഗണിച്ചും പ്രവർത്തിക്കലാണ് പക്വതയുള്ള മനസ്സിന്റെ ലക്ഷണം. അച്ചടക്കവും സദാചാര ബോധവും ഒരുവനെ ദൈവ തുല്യനാക്കുന്നു, അമരത്വത്തിലെത്തിക്കുന്നു.

அடக்கம் அமரருள் உய்க்கும் அடங்காமை
ஆரிருள் உய்த்து விடும். (குறள் 121)

അടക്കം അമരരുൾ ഉയ്ക്കും അടങ്കാമൈ
ആരിരുൾ ഉയ്ത്തു വിടും.

അടക്കം ഒരുവനെ അമരനാക്കിടും അടങ്ങായ്കിൽ
നരകത്തിൽ താഴ്ത്തിടും. (കുറൾ 121)

അതുപോലെ, ഒരു വ്യക്തിയുടെ വാക്കുകളും അവന്റെ സദാചാരത്തിന്റെ അളവുകോലാണ്.

தீயினால் சுட்டபுண் உள்ளாறும் ஆறாதே
நாவினால் சுட்ட வடு. (குறள் 129)

തീയിനാൽ ചുട്ടപുൺ ഉള്ളാറും ആറാതേ
നാവിനാൽ ചുട്ട വടു.

തീചുട്ട പുണ്ണിൻ ഉള്ളാറും ആറില്ല
നാവാൽ ചുട്ട വടു. (കുറൾ 129)

ശരീരത്തിനേറ്റ മുറിവ് ഉണങ്ങുമെങ്കിലും, വാക്കുകൾ മൂലമുണ്ടാകുന്ന മാനസിക മുറിവ് വളരെക്കാലം നിലനിൽക്കുമെന്ന സത്യം അദ്ദേഹം ഈ വാക്യത്തിൽ പ്രകടിപ്പിക്കുന്നു. അതിനാൽ, വ്യക്തിഗത ശിക്ഷണം പ്രവൃത്തികളെ നിയന്ത്രിക്കുക മാത്രമല്ല; ചിന്ത, വാക്ക്, വികാരം എന്നിവയെല്ലാം ശുദ്ധീകരിക്കുക എന്നതാണ്.

വ്യക്തിയിൽ നിന്ന് സമൂഹത്തിലേക്ക്

സദാചാര ബോധമോടെ ജീവിതം നയിക്കുന്നതിന്റെ ഗുണങ്ങൾ വ്യക്തിക്ക് മാത്രമല്ല. സത്യസന്ധരായ വ്യക്തികളാണ് നല്ല കുടുംബങ്ങളെ സൃഷ്ടിക്കുന്നത്; നല്ല കുടുംബങ്ങൾ ഒരു നല്ല സമൂഹത്തെ സൃഷ്ടിക്കുന്നു; ഒരു നല്ല സമൂഹം ഉത്തരവാദിത്തമുള്ള ഒരു രാജ്യത്തെ സൃഷ്ടിക്കുന്നു. അതിനാൽ, സാമൂഹിക മാറ്റത്തിന്റെ തുടക്കം വ്യക്തിയിലാണ്.

ഇന്നത്തെ ഇന്റർനെറ്റ്, സാമൂഹ്യ മാദ്ധ്യമ യുഗത്തിൽ, വ്യക്തിഗത സദാചാരത്തിന്റെ വ്യാപ്തി കൂടുതലാണ്. നേരിട്ട് പറയാൻ മടിക്കുന്ന കാര്യങ്ങളെ ഓൺലൈനിൽ എഴുതാതിരിക്കുക, തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കാതിരിക്കുക, മറ്റുള്ളവരുടെ സ്വകാര്യതയെ മാനിക്കുക എന്നിവയും ആധുനിക സദാചാരത്തിന്റെ രൂപങ്ങളായി കണക്കാക്കാം.

തിരുക്കുറളിൽ, വ്യക്തിഗത സദാചാരം ഒരു ബാഹ്യ നിയന്ത്രണമല്ല; അത് സ്വയം നിയന്ത്രിക്കുന്ന ഒരു ആന്തരിക നിയന്ത്രണമാണ്. എളിമ, മധുരമായ സംസാരം, സത്യസന്ധത, ക്ഷമ, വിനയം എന്നീ ഗുണങ്ങളാണ് ഒരു വ്യക്തിയുടെ യഥാർത്ഥ മൂല്യം നിർണ്ണയിക്കുന്നത്. ലോകത്തെ മാറ്റാൻ ഒരു വ്യക്തിക്ക് കഴിയുന്നതിനുമുമ്പ്, അവൻ സ്വയം മെച്ചപ്പെടുത്തണമെന്ന് വള്ളുവരുടെ വീക്ഷണം. സാമൂഹിക സദാചാരത്തിന്റെ ആദ്യ വിത്താണ് വ്യക്തിഗത സദാചാരം എന്നതിനാൽ, തിരുക്കുറളിന്റെ ഈ ആശയവും ഏറേ സ്വീകാര്യമാണ്.

5.6. തിരുക്കുറളിൽ ആത്മവിശ്വാസ ചിന്തകൾ

തിരുവള്ളുവർ 'ആത്മവിശ്വാസം' എന്ന വാക്ക് നേരിട്ട് ഉപയോഗിക്കുന്നില്ലെങ്കിലും, ആത്മവിശ്വാസത്തെക്കുറിച്ചുള്ള ആശയങ്ങൾ പ്രചോദനം, മാനസിക ശക്തി, പരിശ്രമം, ദൃഢനിശ്ചയം, തുമ്പത്തിൽ തളരായ്ക തുടങ്ങിയ അദ്ധ്യായങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു വ്യക്തിയുടെ ഉയർച്ചയും താഴ്ചയും പ്രധാനമായും അവന്റെ മനസ്സിന്റെ ശക്തിയെയും പരിശ്രമത്തെയും ആശ്രയിച്ചിരിക്കുന്നു എന്നതാണ് വള്ളുവരുടെ വീക്ഷണം. അതിനാൽ, അദ്ദേഹം

வெள்ளத் தனைய மலர்நீட்டம் மாந்தர்தம்
உள்ளத் தனையது உயர்வு. (குறள் 595)

വെള്ളത് തനൈയ മലർനീട്ടം മാന്തർതം
ഉള്ളത് തനൈയതു ഉയർവു.

വെള്ളത്തിനോളം ഉയരുന്നു മലര് തൻ
ഉൾക്കരുത്തിനോളം മനുഷ്യര്, (കുറൾ 595)

ജലത്തിന്റെ ആഴത്തിനനുസരിച്ച് താമരയുടെ തണ്ട് ഉയരുന്നതുപോലെ, ഒരു വ്യക്തിയുടെ ഉയർച്ച അവന്റെ ആത്മാവിന്റെ ഉയർച്ചയെ ആശ്രയിച്ചിരിക്കുന്നു. ഉയർന്ന ആദർശങ്ങളും പ്രതീക്ഷയും മനുഷ്യ പുരോഗതിയുടെ തുടക്കമാണെന്ന് ഈ കുറൾ കാണിക്കുന്നു.

മനക്കരുത്തും വിജയവും

ജീവിതത്തിൽ ഒരു ലക്ഷ്യം നേടുന്നതിന്, ലക്ഷ്യം നിശ്ചയിച്ചാൽ മാത്രം പോരാ; അത് നേടുന്നതിന് മാനസിക ദൃഢതയും ആവശ്യമാണ്. ചിന്തയും പ്രവൃത്തിയും ഒന്നിക്കുന്നിടത്താണ് വിജയം സൃഷ്ടിക്കപ്പെടുന്നത്. ഈ വിഷയത്തെ വള്ളുവർ

எண்ணிய எண்ணியாங்கு எய்துப எண்ணியார்
திண்ணியர் ஆகப் பெறின். (குறள் 666)

എണ്ണിയ എണ്ണിയാങ്കു എയ്തുപ എണ്ണിയാർ
തിണ്ണിയർ ആകപ്പെറിൻ.

എണ്ണിയതെല്ലാം സാദ്ധ്യമാം എണ്ണുന്നോർ
തിണ്ണമാം കർമ്മശീലരാകിൽ. (കുറൾ 666)

എന്ന വരികളിൽ വ്യക്തമാക്കുന്നു. പരാജയങ്ങളിൽ നിരുത്സാഹപ്പെടരുതെന്നും വള്ളുവർ ഊന്നിപ്പറയുന്നു.

துன்பம் உறவரினும் செய்க துணிவாற்றி
இன்பம் பயக்கும் வினை. (குறள் 669)

തുൻപം ഉറവരിനും ചെയ്ക തുണിവാറ്റി
ഇൻപം പയക്കും വിനൈ.

തുൻപമേറേ വരിനും ചെയ്ക തുനിവോടെ
ഇൻപമേകിടും കര്മ്മം. (കുറൾ 669)

പ്രതികൂല സാഹചര്യങ്ങളിൽ കർമ്മത്തിന്റെ ഗതിയിൽ എന്തൊക്കെ തടസ്സങ്ങൾ ഉണ്ടായാലും, ആ പ്രവൃത്തി ഉപേക്ഷിക്കരുത്, വിജയം കൈവരിക്കുന്നതുവരെ അതിൽ തുടരണം. ആത്മവിശ്വാസം എന്നത് തടസ്സങ്ങളെക്കുറിച്ച് ചിന്തിക്കുക മാത്രമല്ല; തടസ്സങ്ങളുണ്ടെങ്കിൽപ്പോലും അവയെ മറികടക്കാൻ കഴിയുമെന്ന മനസ്സുമാണ്.

പ്രയത്നത്തിന്റെ മൂല്യം

വിധിവശാൽ ഒരു പ്രവൃത്തിയിൽ വിജയിച്ചില്ലെങ്കിൽ പോലും, ആ പ്രവൃത്തി ചെയ്യാനുള്ള പരിശ്രമം കൊണ്ട് വിജയം കൈവരിക്കാൻ കഴിയുമെന്നു വള്ളുവർ ഉറപ്പ് നല്കുന്നു.

தெய்வத்தான் ஆகா தெனினும் முயற்சிதன்
மெய்வருத்தக் கூலி தரும். (குறள் 619)

തെയ് വത്താൻ ആകാ തെനിനും മുയറ്റ്ചിതൻ
മെയ് വരുത്തക് കൂലി തരും.

ദൈവത്താലാകില്ല എങ്കിലും പരിശ്രമംതൻ
മെയ്യനക്കം കൂലി നൽകിടും. (കുറൾ 619)

പ്രതീക്ഷിക്കുന്ന പൂർണ്ണ വിജയം നേടിയില്ലെങ്കിലും, യഥാർത്ഥ ശ്രമം പാഴാകില്ല എന്നതാണ് ഈ കുറളിലെ ആശയം. അതിനാൽ, ആത്മവിശ്വാസം എന്നത് വെറും ഒരു പോസിറ്റീവ് ചിന്തയല്ല; അത് പരിശ്രമത്തോടൊപ്പം പ്രവൃത്തിയിലുള്ള വിശ്വാസമാണ്.

തിരുക്കുറളിന്റെ വീക്ഷണത്തിൽ, ആത്മവിശ്വാസം അഹങ്കാരമല്ല; അത് ഒരാളുടെ കഴിവ് തിരിച്ചറിയുന്നതിനും, ലക്ഷ്യം വ്യക്തമാക്കുന്നതിനും, ഉത്സാഹത്തോടെ പ്രവർത്തിക്കുന്നതിനുമുള്ള മാനസിക ധൈര്യമാണ്. "എനിക്ക് കഴിയും" എന്ന ചിന്ത "ഞാൻ ചെയ്യും" എന്ന പ്രവർത്തനവുമായി സംയോജിപ്പിക്കുമ്പോൾ മാത്രമേ ഒരു വ്യക്തിയുടെ കഴിവ് നിറവേറ്റപ്പെടുന്നുള്ളൂ.

5.7. തിരുക്കുറളിൽ വിദ്യാഭ്യാസം

തിരുവള്ളുവർ വിദ്യാഭ്യാസത്തെ വെറും അറിവിന്റെ ശേഖരണമായി കാണുന്നില്ല. അത് ഒരു വ്യക്തിയുടെ കാഴ്ചപ്പാടിനെ വിശാലമാക്കുകയും, അവന്റെ പെരുമാറ്റത്തെ പരിഷ്കരിക്കുകയും, ജീവിതത്തിലുടനീളം അവനെ പിന്തുണയ്ക്കുന്ന ഒരു സമ്പത്തായി മാറുകയും ചെയ്യണമെന്ന് അദ്ദേഹം പറയുന്നു.

கற்க கசடறக் கற்பவை கற்றபின்
நிற்க அதற்குத் தக. (குறள் 391)

കറ്റ്ക കചടറക് കറ്റ്പവൈ കറ്റപിൻ
നിറ്റ്ക അതറ്റ്കുത് തക.

പഠിക്കുക പതിരില്ലാതെ പഠിക്കേണ്ടവ പഠിച്ചാൽപിൻ
നിൽക്കുക അതിൻ വഴി. (കുറൾ 391)

പഠിക്കേണ്ട കാര്യങ്ങൾ പഠിക്കുക, പഠിച്ചതിനുശേഷം, അതനുസരിച്ച് നിങ്ങളുടെ ജീവിതം നയിക്കുക എന്നതാണ് വള്ളുവർ കാണിച്ച വിദ്യാഭ്യാസ തത്വം. വിവരങ്ങൾ മനഃപാഠമാക്കുക മാത്രമല്ല പഠനം. യഥാർത്ഥ വിദ്യാഭ്യാസം വ്യക്തമായി പഠിക്കുകയും പഠിച്ച തത്വമനുസരിച്ച് ജീവിക്കുകയും ചെയ്യുക എന്നതാണ്.

വിദ്യാഭ്യാസം - മനുഷ്യന്റെ കണ്ണുകൾ

വിദ്യാഭ്യാസം കണ്ണുകൾ പോലെയാണ്. അത്തരം വിദ്യാഭ്യാസം നേടുക എന്നതാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യമെന്ന് വള്ളുവം സൂചിപ്പിക്കുന്നു.

எண்ணென்ப ஏனை எழுத்தென்ப இவ்விரண்டும்
கண்ணென்ப வாழும் உயிர்க்கு. (குறள் 392)

എണ്ണെൻപ ഏനൈ എഴുത്തെൻപ ഇവ്വിരണ്ടും
കണ്ണെൻപ വാഴും ഉയിർക്കു.

എണ്ണും എഴുത്തും എന്നിവരണ്ടും
കണ്ണാകുന്നു മാനുഷ്യര്ക്കെല്ലാം. (കുറൾ. 392)

അക്ഷരവും സംഖ്യയും (എഴുത്തും എണ്ണലും) മനുഷ്യജീവിതത്തിന്റെ കണ്ണുകളാണ് . കണ്ണുകൾ ലോകത്തിന്റെ രൂപഭാവം കാണിക്കുന്നു; വിദ്യാഭ്യാസം അതിന്റെ അർത്ഥം മനസ്സിലാക്കാൻ സഹായിക്കുന്നു.

கண்ணுடையர் என்பவர் கற்றோர் முகத்திரண்டு
புண்ணுடையர் கல்லா தவர். (குறள் 393)

കണ്ണുടൈയർ എൻപവർ കറ്റോർ മുകത്തിരണ്ടു
പുണ്ണുടൈയർ കല്ലാ തവർ.

വിദ്യയുള്ളോരേ കണ്ണുള്ളവര് മുഖത്തിരണ്ട്
പുണ്ണുള്ളവര് വിദ്യയില്ലാത്തോര്.(കുറൾ 393)

വിദ്യാഭ്യാസം ഉള്ളവരാണ് കണ്ണുള്ളർ. വിദ്യയില്ലെന്നാൽ കണ്ണുണ്ടെങ്കിലും കാര്യമില്ല; അവർ നിരക്ഷരരാണ്. ആ കണ്ണുകളാൽ അവര്ക്കു വേദനയും ദുഃഖവുമാണ് ലഭിക്കുക. അതിനാലവ പുണ്ണിനു തുല്യമാണെന്ന് പറയുന്നു വള്ളുവം. വിദ്യാഭ്യാസം ഒരു മനുഷ്യന് വെറും കാഴ്ചയല്ല; അത് യുക്തിയുടെ, വിവേചനബുദ്ധിയുടെ കാഴ്ചയാണെന്ന് പറയുന്നു.

അക്ഷയ സമ്പത്ത്

ഭൗതിക സമ്പത്ത് നശിച്ചേക്കാം; വിദ്യാഭ്യാസം ഒരാളുടെ ചിന്തകളിലും വ്യക്തിത്വത്തിലും നിലനിൽക്കുന്നു. അതിനാൽ, വള്ളുവർ വിദ്യാഭ്യാസത്തെ അക്ഷയ സമ്പത്തായി കണക്കാക്കുന്നു. അദ്ദേഹം ഈ ചിന്തയെ

கேடில் விழுச்செல்வம் கல்வி ஒருவற்கு
மாடுஅல்ல மற்றை யவை. (குறள் 400)

കേടിൽ വിഴുച്ചെൽവം കൽവി ഒരുവറ്റ്കു
മാടുഅല്ല മറ്റൈ യവൈ.

കേടില്ലാ സദ്ധനമൊരുവന് വിദ്യ
ധനമല്ല മറ്റൊന്നും. (കുറൾ 400)

എന്ന കുറളിൽ വ്യക്തമാക്കുന്നു.

തിരുക്കുറളിൽ, വിദ്യാഭ്യാസം അറിവ്, അച്ചടക്കം, പരിശീലനം എന്നിവയുടെ സംയോജനമാണ്. പഠിതാവ് അറിവുള്ളവൻ മാത്രമല്ല, പഠിച്ചതനുസരിച്ച് ജീവിക്കുന്നവനും ആയിരിക്കണം. അറിവിനെ ജീവിതമാക്കി മാറ്റുന്നതിലാണ് വിദ്യാഭ്യാസം പൂർണതലെത്തുന്നത്.

5.8. തിരുക്കുറളിലെ നേതൃത്വഗുണങ്ങൾ

രാജാവ്, മന്ത്രി, കോട്ട, സൈന്യം, പൗരന്മാർ, ഉപദേശം, കാല നിർവാഹം, കർമ്മ നിരവാഹം തുടങ്ങിയ ആശയങ്ങൾ തിരുക്കുറളിന്റെ ഉള്ളടക്കത്തിൽ കാണാം . ഈ ആശയങ്ങളെ നേതൃത്വഗുണത്തിന്റെ അടിസ്ഥാന തത്വങ്ങളായും കാണാൻ കഴിയും.

தூங்காமை கல்வி துணிவுடைமை இம்மூன்றும்
நீங்கா நிலனாள் பவற்கு. (குறள் 383)

തൂങ്കാമൈ കൽവി തുണിവുടൈമൈ ഇമ്മൂന്റും
നീങ്കാ നിലനാൾ പവറ്റ്കു.

ജാഗ്രത വിദ്യ വീര്യമിവ മൂന്നും
നീങ്ങിടാ രാജ്യപാലരിൽ. (കുറൾ 383)

ഒരു നേതാവിന്റെ മൂന്ന് അടിസ്ഥാന ഗുണങ്ങളായി വള്ളുവർ അവബോധം, അറിവ്, ധൈര്യം എന്നിവയെ ഓർമ്മിപ്പിക്കുന്നു.

നേതൃത്വം

കാഴ്ചയിൽ എളിമയുള്ളവനും എല്ലാവരെയും സ്നേഹിക്കുന്നവനുമായ ഒരു നേതാവിന്റെ നേതൃത്വമാണ് എല്ലാ ആളുകളും ആഗ്രഹിക്കുന്നതെന്നു തിരുവള്ളുവർ പറയുന്നു,

காட்சிக்கு எளியன் கடுஞ்சொல்லன் அல்லனேல்
மீக்கூறும் மன்னன் நிலம். (குறள் 386)

കാട്ചിക്കു എളിയൻ കടുഞ്ചൊല്ലൻ അല്ലനേൽ
മീക്കൂറും മന്നൻ നിലം.

കാഴ്ച്ചയ്ക്കെളിയോൻ മൃദുഭാഷിയാം മന്നന്റെ
നാടിനെ വാഴ്ത്തുമീ ലോകം. (കുറൾ 386)

നിർഭയത്വം, എളിമയുള്ളവരോടുള്ള ഉദാരത, അറിവ്, ധൈര്യം എന്നിവയെ ഒരു നേതാവിന്റെ നാല് ഗുണങ്ങളായി തിരുക്കുറൾ നിർവചിക്കുന്നു.

നേതൃത്വ തത്വം

முறைசெய்து காப்பாற்றும் மன்னவன் மக்கட்கு
இறையென்று வைக்கப் படும். (குறள் 388)

മുറൈചെയ്തു കാപ്പാറ്റും മന്നവൻ മക്കട്കു
ഇറൈയെന്റു വൈക്കപ്പെടും.

നീതിയൊട് കാക്കുന്ന മന്നവനെ ജനം
വാഴ്ത്തുന്നു ദൈവമെന്ന്. (കുറൾ 388)

തിരുക്കുറൾ കാണിക്കുന്ന നേതൃത്വതത്വം, തന്നെ വിശ്വസിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ജനങ്ങൾക്ക് ആവശ്യമായത് നേതാവിന് ചെയ്യാൻ കഴിയണം എന്നതാണ്. നേതൃത്വം അധികാരത്തിന്റെ അവകാശമല്ലെന്ന് ഇത് കാണിക്കുന്നു; അത് ഉത്തരവാദിത്തത്തിന്റെ കടമയാണ്. ഒരു നല്ല നേതാവ് ഉപദേശം ശ്രദ്ധിക്കുകയും കുറവുകൾ ചൂണ്ടിക്കാണിക്കുന്നവരെ അംഗീകരിക്കുകയും വേണം.

അറിവ്, ധൈര്യം, നീതി, ഉപദേശം, ഉത്തരവാദിത്തം, ജനക്ഷേമം എന്നിവ തിരുക്കുറളിന്റെ നേതൃത്വ ചിന്തയിൽ ഒത്തുചേരുന്നു. ഒരു യഥാർത്ഥ നേതാവ് മുന്നിൽ നടക്കുന്നവനല്ല; എല്ലാവരെയും മുന്നോട്ട് നയിക്കുന്നവനാണ്.

5.9. തിരുക്കുറളിൽ ആരോഗ്യം

തിരുക്കുറളിന്റെ ഔഷധ പ്രാമാണികം രോഗത്തിനുള്ള ചികിത്സയെക്കുറിച്ചു മാത്രമല്ല, രോഗം വരാതെ തടയുന്ന ജീവിതശൈലിയെക്കുറിച്ചും പ്രതിപാദിക്കുന്നു. ഭക്ഷണ അച്ചടക്കത്തിന് വള്ളുവർ നൽകുന്ന പ്രാധാന്യം പ്രത്യേകിച്ചും ശ്രദ്ധേയമാണ്.

மருந்தென வேண்டாவாம் யாக்கைக்கு அருந்தியது
அற்றது போற்றி உணின் (குறள் 942)

മരുന്തെന വേണ്ടാവാം യാക്കൈക്കു അരുന്തിയതു
അറ്റതു പോറ്റി ഉണിൻ.

മരുന്നൊന്നും വേണ്ടാ ഉടലിനു ഉണ്ടതു
ദഹിച്ചിട്ട് ഉണ്ടാൽ മതി. (കുറൾ 942)

കഴിച്ച ഭക്ഷണം ദഹിച്ച ശേഷം മിതമായി കഴിച്ചാൽ ശരീരത്തിന് മരുന്ന് ആവശ്യമില്ല എന്ന പ്രതിരോധ ആരോഗ്യ ചിന്തയെ ഇത് പ്രതിഫലിപ്പിക്കുന്നു.

മിതമായ ഭക്ഷണം

அற்றால் அளவறிந்து உண்க அஃதுஉடம்பு
பெற்றான் நெடிதுய்க்கும் ஆறு. (குறள் 943)

அற்றால் அளவறிந்து உண்க அஃதுடம்பு
பெற்றான் நெடிதுய்க்கும் ஆறு.

ദഹനത്തിൻ അളവറിഞ്ഞു ഉണ്ണുക
തണുടൽ നെടുനാൾ വാഴുവാൻ. (കുറൾ 943)

ഭക്ഷണത്തിന്റെ ഗുണനിലവാരം മാത്രമല്ല, അതിന്റെ അളവും പ്രധാനമാണ്. ശരീരത്തിന് ആവശ്യമായ അളവിൽ ഭക്ഷണം കഴിക്കുന്നത് ആരോഗ്യകരമായ ജീവിതത്തിന്റെ അടിസ്ഥാനമാണ്.

மாறுபாடு இல்லாத உண்டி மறுத்துண்ணின்
ஊறுபாடு இல்லை உயிர்க்கு. (குறள் 945)

മാറുപാടു ഇല്ലാത ഉണ്ടി മറുത്തുണ്ണിൻ
ഊറുപാടു ഇല്ലൈ ഉയിർക്കു.
വിരുദ്ധമല്ലാത്ത ഭക്ഷ്യം നിയന്ത്രിച്ചുണ്ണുകിൽ
ഉയിരിന്നു ഇല്ലൊരു രോഗം. (കുറൾ 945)

ശരീരത്തിന് അനുയോജ്യമല്ലാത്ത ഭക്ഷണം ഒഴിവാക്കുകയും അനുയോജ്യമായ ഭക്ഷണക്രമം പിന്തുടരുകയും ചെയ്യുക എന്ന ആശയവും ഇതിൽ കാണാം.

രോഗത്തിന് ശേഷമുള്ള മരുന്നിനേക്കാൾ, രോഗത്തിന് മുമ്പുള്ള ശരിയായ ജീവിതത്തിനാണ് തിരുക്കുറളിലെ ആരോഗ്യചിന്ത മുൻഗണന നൽകുന്നത്. ഭക്ഷണം, അളവ്, ദഹനം, ശരീരത്തിന്റെ സ്വഭാവം എന്നിവയെക്കുറിച്ചുള്ള അറിവോടെ ജീവിക്കുന്നതാണ് ആരോഗ്യകരമായ ജീവിതത്തിന്റെ അടിസ്ഥാനം.

5.10. തിരുക്കുറളിലെ വൈദ്യ നൈതികത

തിരുക്കുറളിൽ മരുന്ന് (ഔഷധം) എന്ന അദ്ധ്യായത്തിൽ വൈദ്യശാസ്ത്രം, വൈദ്യൻ, ചികിത്സയെ കുറിച്ചുള്ള വീക്ഷണങ്ങൾ രേഖപ്പെടുത്തുന്നു. രോഗം, രോഗകാരണം, രോഗം ഭേദമാക്കാനുള്ള മാർഗം, രോഗിയുടെ സ്വഭാവം എന്നിവ അറിഞ്ഞുകൊണ്ട് വൈദ്യൻ പ്രവർത്തിക്കണമെന്ന് പ്രസ്താവിന്നു.

நோய்நாடி நோய்முதல் நாடி அதுதணிக்கும்
வாய்நாடி வாய்ப்பச் செயல். (குறள் 948)

നോയ്നാടി നോയ്മുതൽ നാടി അതുതണിക്കും
വായ്നാടി വായ്പ്പച് ചെയൽ.

രോഗവും ഹേതുവും പ്രതിവിതിയും ആരാഞ്ഞ്
പാകത്തിൽ ചെയ്യുക ചികിത്സ. (കുറൾ 948)

ആദ്യം, രോഗം അറിയണം; പിന്നീട് അതിന്റെ കാരണം കണ്ടെത്തണം; തുടർന്ന് പരിഹാരം അന്വേഷിക്കുകയും ഉചിതമായ ചികിത്സ നടത്തുകയും വേണം. , വ്യവസ്ഥാപിതമായ ഒരു ആതുരചികിത്സാ സമീപനമാണ് ഈ തിരുക്കുറളിൽ വ്യക്തമായി അവതരിപ്പിച്ചിരിക്കുന്നത്.

രോഗിയെ കേന്ദ്രീകരിച്ചുള്ള വൈദ്യശാസ്ത്രം

உற்றான் அளவும் பிணியளவும் காலமும்
கற்றான் கருதிச் செயல். (குறள் 949)
ഉറ്റാൻ അളവും പിണിയളവും കാലമും
കറ്റാൻ കരുതിച്ചെയൽ.

രോഗിതൻനിലയും രോഗനിലയും കാലവും
കണ്ടറിഞ്ഞു ചെയ്യുക വൈദ്യൻ. (കുറൾ 949)

ഒരേ രോഗത്തിന് എല്ലാവർക്കും ഒരേ സമീപനം അനുയോജ്യമല്ല. രോഗിയുടെ അവസ്ഥ, രോഗത്തിന്റെ വ്യാപ്തി, സമയം എന്നിവ പരിഗണിച്ചാണ് വൈദ്യൻ പ്രവർത്തി ക്കേണ്ടതെന്ന് ഈ കുറൾ വിശദീകരിക്കുന്നു.

உற்றவன் தீர்ப்பான் மருந்துழைச் செல்வான்என்று
அப்பால்நாற் கூற்றே மருந்து. (குறள் 950)

ഉറ്റവൻ തീർപ്പാൻ മരുന്തുഴൈച്ചെൽവാൻ എന്റു
അപ്പാൽനാറ് കൂറ്റേ മരുന്തു.

രോഗി വൈദ്യൻ ഔഷധം ഉറ്റസഹായി
ഇന്നാലു ഭാഗമാം വൈദ്യശാസ്ത്രം. (കുറൾ 950)

രോഗി, വൈദ്യൻ , മരുന്ന്, സഹായി എന്നിവയുൾപ്പെടെ വൈദ്യ പ്രക്രിയയുടെ നിരവധി ഘടകങ്ങളെ വള്ളുവർ ഇതിൽ സംയോജിപ്പിക്കുന്നു.

തിരുക്കുറളിൽ, വൈദ്യശാസ്ത്ര നൈതികത രോഗം ഭേദമാക്കുക മാത്രമല്ല; അത് രോഗിയെ മനസ്സിലാക്കുക, അറിവോടെയും ഗവേഷണത്തിലൂടെയും ഉത്തരവാദിത്തത്തോടെയും പ്രവർത്തിക്കുക എന്നതാണ്. രോഗത്തെയല്ല, രോഗിയെ പരിഗണിക്കുന്ന വൈദ്യവീക്ഷണമാണ് കുറളിന്റെ പ്രത്യേകത.

5.11. തിരുക്കുറളിലെ മാനസികാരോഗ്യം

'മാനസികാരോഗ്യം' എന്ന വാക്ക് തിരുക്കുറളി.ൽ നേരിട്ട് കാണാനാവില്ല. എന്നിരുന്നാലും, ഉത്കണ്ഠ, കോപം, അസൂയ, അത്യാഗ്രഹം, ദുഃഖം, ധൈര്യം, സൗഹൃദം, സ്നേഹം, വിനയം എന്നിവയെക്കുറിച്ചുള്ള കുറൾപാട്ടുകളിൽ മാനസിക സമാധാനത്തിന് സഹായിക്കുന്ന, ജീവൻ നൽകുന്ന ഘടകങ്ങൾ നൽകുന്നു.

அழுக்காறு அவாவெகுளி இன்னாச்சொல் நான்கும்
இழுக்கா இயன்றது அறம். (குறள் 35)

അഴുക്കാറു അവാവെകുളി ഇന്നാച്ചൊൽ നാൻകും
ഇഴുക്കാ ഇയന്റതു അറം.

കോപം അസൂയ ആശ ദുർവചനം
ഇന്നാലും ഒഴിവതേ ധർമ്മം. (കുറൾ 35)

അസൂയ, അമിതമായ ആഗ്രഹം, കോപം, വേദനിപ്പിക്കുന്ന വാക്കുകൾ എന്നിവയിൽ നിന്ന് വിട്ടുനിൽക്കുന്നതിനെ ധർമ്മം എന്ന് പറയുന്നു. ഇവ വ്യക്തിബന്ധങ്ങളെ മാത്രമല്ല, മാനസിക സമാധാനത്തെയും ബാധിക്കുന്ന ഘടകങ്ങളാണ്.

കഷ്ടപ്പാടുകളെ നേരിടാനുള്ള മാനസിക ശക്തി

കഷ്ടപ്പെടുമ്പോൾ അസ്വസ്ഥനാകുന്നത് മനുഷ്യ സ്വഭാവമാണ്. ഇത് മാനസിക അസ്വസ്ഥതയിലേക്ക് നയിക്കുന്നു. അങ്ങനെയെങ്കിൽ, മാനസികാരോഗ്യം

വഷളാകുന്നു. അത്തരമൊരു സാഹചര്യത്തിൽ നിന്ന് സ്വയം സംരക്ഷിക്കുന്നതിനുള്ള ഒരു പരിഹാരം വള്ളുവർ ചൂണ്ടിക്കാണിക്കുന്നു. അതായത്, ഒരു വ്യക്തി കഷ്ടപ്പാട് വരുമ്പോൾ സന്തോഷത്തോടെ സ്വീകരിച്ചാൽ, അവന്റെ കഷ്ടപ്പാട് അവന്റെ മനസ്സിനെ ബാധിക്കില്ല. ഈ ആശയത്തെ

இடுக்கண் வருங்கால் நகுக அதனை
அடுத்தூர்வது அஃதொப்பது இல். (குறள் 621)

ഇടുക്കൺ വരുങ്കാൽ നകുക അതനൈ
അടുത്തൂർവതു അഹ്തൊപ്പതു ഇൽ.

ദുഃഖം വരുമ്പോൾ ചിരിക്കുക അതിനെ
എതിരേൽക്കുവാൻ മറ്റൊന്നില്ല തുല്യം. (കുറൾ 621)

എന്ന കുറൾ വാക്യത്തിൽ അവതരിപ്പിച്ചിരിക്കുന്നു. കഷ്ടപ്പാടുകളെ നിഷേധിക്കണമെന്നല്ല, മറിച്ച് അതിനാൽ പൂർണ്ണമായും നശിച്ചു പോകാതെ അതിനെ നേരിടാനുള്ള മാനസിക ധൈര്യം നേടണമെന്നാണ് ഇതിനർത്ഥം.

നല്ല മനുഷ്യബന്ധങ്ങളും മാനസികാരോഗ്യത്തിന് അത്യാവശ്യമാണ്. സ്നേഹം, സൗഹൃദം, ദയയുള്ള വാക്കുകൾ, കൃതജ്ഞത മുതലായവയ്ക്ക് വള്ളുവർ നൽകുന്ന പ്രാധാന്യം ഒരു വ്യക്തിയുടെ മാനസികാരോഗ്യവും സാമൂഹിക ബന്ധങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

മാനസികാരോഗ്യം നിലനിർത്താനുള്ള വഴികൾ

മറ്റുള്ളവരുടെ വളർച്ചയിൽ അസൂയപ്പെടുന്നത് മാനസികാ രോഗ്യത്തെ ദോഷകരമായി ബാധിക്കും. മറ്റുള്ളവരുടെ വളർച്ചയിൽ അസൂയപ്പെടുന്നതിനുപകരം, അതിനെ അഭിനന്ദിക്കുകയും ആസ്വദിക്കുകയും, നമുക്കും അത്തരം ഉയരങ്ങൾ കൈവരിക്കാൻ കഴിയുമെന്ന വിശ്വാസത്തോടെ പ്രവർത്തിക്കുകയും ചെയ്യുന്നത് മാനസികാരോഗ്യം നിലനിർത്താൻ സഹായിക്കും. ഈ ആശയം

அறனாக்கம் வேண்டாதான் என்பான் பிறனாக்கம்
பேணாது அழுக்கறுப் பான். (குறள் 163)

അറനാക്കം വേണ്ടാതാൻ എൻപാൻ പിറനാക്കം
പേണാതു അഴുക്കറുപ് പാൻ.

അന്യന്റെ നന്മകണ്ട് അസൂയ കൊൾവോൻ
ധർമ്മലാഭങ്ങൾ നിഷേധിപ്പോൻ. (കുറൾ 163)

പുറത്ത് മനസ്സമാധാനം തേടുന്നതിനുമുമ്പ് മനസ്സിനെ ശുദ്ധീകരിക്കാൻ തിരുക്കുറൾ നമ്മോട് പറയുന്നു. വികാരങ്ങളെ അറിയുക, അവയെ നിയന്ത്രിക്കുക, കഷ്ടപ്പാടുകളിൽ നിരാശപ്പെടാതിരിക്കുക, സ്നേഹബന്ധങ്ങൾ വളർത്തിയെടുക്കുക എന്നിവയാണ് കുറളിന്റെ ജീവിത സന്ദേശങ്ങൾ.

5.12. തിരുക്കുറളിലെ മനുഷ്യത്വം

മനുഷ്യനെ ഒരു മനുഷ്യനായി ബഹുമാനിക്കുക, മറ്റുള്ളവരുടെ കഷ്ടപ്പാടുകളിൽ സഹതപിക്കുക, സഹായിക്കുക, ഉപദ്രവിക്കാതിരിക്കുക, വിശപ്പ് ശമിപ്പിക്കുക, മറ്റുള്ളവരോട് സ്നേഹത്തോടെ പെരുമാറുക എന്നിവയാണ് മനുഷ്യത്വത്തിന്റെ അടിസ്ഥാനങ്ങൾ. ഈ ചിന്ത തിരുക്കുറളിൽ പല ഇടങ്ങളിൽ വിവിധ രൂപങ്ങളിൽ വ്യാപിച്ചിരിക്കുന്നു.

அன்பிலார் எல்லாம் தமக்குரியர் அன்புடையார்
என்பும் உரியர் பிறர்க்கு. (குறள் 72)

അൻപിലാർ എല്ലാം തമക്കുരിയർ അൻപുടൈയാർ
എൻപും ഉരിയർ പിറർക്കു.

സ്നേഹശൂന്യർക്ക് എല്ലാം തനതാം സ്നേഹ
ശീലർക്കോ തന്നുടലും അന്യർക്കാം. (കുറൾ 72)

തന്നെ ഉപേക്ഷിച്ച് മറ്റുള്ളവരിലേക്ക് വ്യാപിക്കുന്ന മനസ്സാണ് മനുഷ്യത്വത്തിന്റെ ആരംഭം.

മറ്റുള്ളവരുടെ കഷ്ടപ്പാടുകൾ തന്റേതായ് കാണുക

அறிவினான் ஆகுவது உண்டோ பிறிதின்நோய்
தம்நோய்போல் போற்றாக் கடை. (குறள் 315)

അറിവിനാൻ ആകുവതു ഉണ്ടോ പിറിതിൻ നോയ്
തംനോയ്പോൽ പോറ്റാക് കടൈ.

പരദുഃഖം തന്റെപോൽ നൊന്തു പോക്കായ്കിൽ
അറിവിനാൽ ആർക്കെന്തു ഫലം. (കുറൾ 315)

മറ്റുള്ളവരുടെ കഷ്ടപ്പാടുകൾ സ്വന്തം കഷ്ടപ്പാടായി അനുഭവപ്പെടാത്ത അറിവിന്റെ ഉപയോഗം എന്താണെന്ന ചോദ്യം മനുഷ്യത്വത്തിന്റെ മഹത്വത്തെ സ്പർശിക്കുന്നു. അറിവിന്റെ ഉന്നതി അതിന്റെ വ്യാപ്തിയിലല്ല; അത് മറ്റുള്ളവർക്ക് അതിന്റെ പ്രയോജനത്തിലാണ്.

ദാനധർമ്മവും മനുഷ്യത്വവും

സഹായം ദാനധർമ്മമാകുന്നത് യഥാർത്ഥത്തിൽ ആവശ്യമുള്ള ഒരാൾക്ക് അതു നൽകുമ്പോഴാണ്.

வறியார்க்குஒன்று ஈவதே ஈகைமற் றெல்லாம்
குறியெதிர்ப்பை நீர துடைத்து. (குறள் 221)

വറിയാർക്കുഒന്റു ഈവതേ ഈകൈമറ്റ് റെല്ലാം
കുറിയെതിർപ്പൈ നീര തുടൈത്തു.

ദരിദ്രര്ക്കു നൽകുന്നതത്രേ ദാനം മറ്റെല്ലാം
പ്രതിഫല പ്രതീക്ഷയോടാം. (കുറൾ 221)

ഈ വാക്യത്തിലൂടെ ഫലപ്രതീക്ഷയില്ലാത്ത സഹായമാണ് മനുഷ്യ സ്നേഹത്തിന്റെ ഉന്നത രൂപമെന്നു വിശദീകരിക്കുന്നു, തിരുക്കുറലിൽ, മനുഷ്യത്വം 'ഞാൻ ' എന്നതിൽ നിന്ന് "നമ്മൾ" എന്നതിലേക്കുള്ള ഒരു മാനസിക യാത്രയാണ്. മറ്റുള്ളവരുടെ കഷ്ടപ്പാടുകൾ മനസ്സിലാക്കി അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുമ്പോൾ മാത്രമേ അറിവും സമ്പത്തും മാനുഷിക മൂല്യം കൈവരിക്കുന്നുള്ളൂ.

5.13. തിരുക്കുറളിലെ സാമൂഹിക ഐക്യം

നിയമങ്ങൾ കൊണ്ട് മാത്രം ഒരു സമൂഹത്തിന് നിലനിൽക്കാൻ കഴിയില്ല. പരസ്പര ബഹുമാനം, സ്നേഹം, നീതി, ക്ഷമ, മധുരവാക്കുകൾ, വിട്ടുവീഴ്ച എന്നിവയാണ് സാമൂഹിക ഐക്യത്തിന്റെ അടിസ്ഥാനം.

இனிய உளவாக இன்னாத கூறல்
கனியிருப்பக் காய்கவர்ந் தற்று. (குறள் 100)

ഇനിയ ഉളവാക ഇന്നാത കൂറൽ
കനിയിരുപ്പക് കായ്കവർന് തറ്റു.

നൽവാക്കിരിക്കവേ കടുവാക്കോതുക
കനിയിരിക്കവേ കായ്തിന്നുന്ന പോലെ. (കുറൾ 100)

മധുരമായ വാക്കുകൾക്ക് പകരം പരുഷമായ വാക്കുകൾ പറയുന്നത് ഫലം തിരഞ്ഞെടുക്കാതെ കായ് പറിച്ചെടുക്കുന്നതിന് തുല്യമാണ്. ബന്ധങ്ങൾ നിലനിർത്തുന്നതിൽ വാക്കുകൾക്ക് വലിയ പങ്കുണ്ട്. അതിനാൽ, സാമൂഹിക ബന്ധങ്ങളിൽ ഭാഷയുടെ ഉത്തരവാദിത്തത്തെ ഈ കുറൾ മുന്നിർത്തുകയാണ്.

തിന്മയ്ക്ക് നന്മ

പഴിക്ക് പഴി, പകയ്ക്ക് പക എന്ന ചാക്രിക പ്രക്രിയ തുടരുന്നതിനുപകരം തിന്മയോട് നന്മ കൊണ്ട് പ്രതികരിക്കുക എന്നതാണ് ഏറ്റവും ഉയർന്ന സ്വഭാവമെന്ന് വള്ളുവർ പറയുന്നു. സാമൂഹിക ഐക്യത്തിനായുള്ള ആഴത്തിലുള്ള ഒരു ധാർമ്മിക സമീപനമാണിത്. ഇത് വ്യക്തമാക്കുന്ന തിരുക്കുറൾ ഇങ്ങനെ പറയുന്നു,

இன்னாசெய் தாரை ஒறுத்தல் அவர்நாண
நன்னயம் செய்து விடல். (குறள் 314)

ഇന്നാചെയ് താരൈ ഒറുത്തൽ അവർനാണ
നന്നയം ചെയ്തു വിടൽ.

ദ്രോഹിച്ചവരെ ശിക്ഷിക്കൽ അവര്
നാണിക്കുമാറു നന്മകൾ ചെയ്യൽ. (കുറൾ 314)

നിഷ്പക്ഷത

സാമൂഹിക ഐക്യത്തിന് നീതി പരമപ്രധാനമാണ്. പക്ഷപാതമില്ലാതെ എല്ലാവരെയും തുല്യമായി സമീപിക്കുന്ന നിഷ്പക്ഷതയില്ലാതെ, ശാശ്വതമായ ഐക്യം കൈവരിക്കാനാവില്ല. അതിനാൽ, തിരുക്കുറളിലെ ഐക്യം ഭിന്നതകളെ നശിപ്പിക്കുന്നതിനെക്കുറിച്ചല്ല; ഭിന്നതകൾക്കിടയിലും മനുഷ്യന്റെ നന്മയെ സംരക്ഷിക്കുന്നതിനെക്കുറിച്ചാണ്.

സ്നേഹം, ദയയുള്ള വാക്കുകൾ, ക്ഷമ, നീതി, എന്നിവയാണ് തിരുക്കുറൾ കാണിക്കുന്ന സാമൂഹിക ഐക്യത്തിന്റെ തൂണുകൾ. ഐക്യം എന്നാൽ എല്ലാവരും ഒരുപോലെയാണെന്ന് അർത്ഥമാക്കുന്നില്ല; വ്യത്യസ്തരായവർ പോലും ബഹുമാനത്തോടെ ഒരുമിച്ച് ജീവിക്കുന്നു എന്നാണനർത്ഥം.

5.14. തിരുക്കുറളിൽ സൗഹൃദം

തിരുക്കുറളിൽ, സൗഹൃദത്തെ വെറും വിനോദ ബന്ധമായി കണക്കാക്കുന്നില്ല. ഒരു നല്ല സുഹൃത്തിനെ തിരഞ്ഞെടുക്കൽ, സൗഹൃദം പരീക്ഷിക്കൽ, യഥാർത്ഥ സൗഹൃദം നിലനിർത്തൽ, മോശം സൗഹൃദം ഒഴിവാക്കൽ തുടങ്ങിയ സൗഹൃദത്തിന്റെ പല മാനങ്ങളും വള്ളുവർ പര്യവേക്ഷണം ചെയ്യുന്നു.

முகநக நட்பது நட்பன்று நெஞ்சத்து
அகநக நட்பது நட்பு. (குறள் 786)

മുകനക നട്പതു നട്പന്റു നെഞ്ചത്തു
അകനക നട്പതു നട്പു.

മുഖംനിറയെ ചിരിയല്ല സ്നേഹം നെഞ്ചിൻ
അകംനിറഞ്ഞ ചിരിതന്നെ സ്നേഹം. (കുറൾ 786)

മുഖത്ത് പുഞ്ചിരിക്കുന്നത് മാത്രം സൗഹൃദമല്ല; ഹൃദയത്തിൽ നിന്ന് പൂക്കുന്ന യഥാർത്ഥ സ്നേഹമാണ് സൗഹൃദം.

തെറ്റുകൾ തിരുത്തുന്ന സുഹൃത്ത്

സന്തോഷത്തിൽ നിങ്ങളോടൊപ്പമുള്ളവൻ മാത്രമല്ല സുഹൃത്ത്. തെറ്റായ പാതയിൽ നിന്ന് നിങ്ങളെ നല്ലവഴിയിൽ നയിക്കുകയും കഷ്ടകാലത്ത് നിങ്ങളെ പിന്തുണയ്ക്കുകയും ചെയ്യുന്നവനാണ് സ്നേഹിതനെന്ന് അദ്ദേഹം നിർവചിക്കുന്നു.

அழிவின் அவைநீக்கி ஆறுஉய்த்து அழிவின்கண்
அல்லல் உழப்பதாம் நட்பு. (குறள் 787)

അഴിവിൻ അവൈനീക്കി ആറുഉയ്ത്തു അഴിവിൻകൺ
അല്ലൽ ഉഴപ്പതാം നട്പു.

തിന്മകൾനീക്കി നേർവഴികാട്ടി പതനത്തിൽ
ഒരുമിച്ച് ദുഖിപ്പതേ സ്നേഹിതം . (കുറൾ.787)

കുറളിൽ സൗഹൃദത്തിന്റെ കടമയെ ഊന്നിപ്പറയുന്നു. ദുരിതത്തിൽ കഷ്ടപ്പെടുന്ന ഒരു സുഹൃത്തിനെ രക്ഷിക്കുന്ന പ്രവൃത്തിയെ ചിത്രീകരിക്കാൻ വള്ളുവർ ഒരു ഉദാത്തമായ ഉപമ ഉപയോഗിച്ചിട്ടുണ്ട്.

உடுக்கை இழந்தவன் கைபோல ஆங்கே
இடுக்கண் களைவதாம் நட்பு. (குறள் 788)

ഉടുക്കൈ ഇഴന്തവൻ കൈപോല ആങ്കേ
ഇടുക്കൺ കളൈവതാം നട്പു.

ഉടുമുണ്ടഴിഞ്ഞോൻ കൈപോൽ തുമ്പത്തിൽ
ഉടനടി തുണയ്പ്പതേ സൌഹൃതം . (കുറൾ 788)

വസ്ത്രം അഴിയുമ്പോൾ കൈയെത്ര സ്വാഭാവികമായി കാക്കുന്നുവോ അതുപോലെയായിരിക്കണം ഒരു സുഹൃത്തിനെ സഹായിക്കുന്ന സൗഹൃദവുമെന്ന് അദ്ദേഹം പറയുന്നു, ഒരു വിളിക്ക് കാത്തുനിൽക്കാതെ സുഹൃത്തിനെ ദുരിതത്തിൽ സഹായിക്കുകയാണ് സൌഹൃതം

സന്തോഷം പങ്കിടുന്നതിനേക്കാൾ, തെറ്റുകൾ തിരുത്തുന്നതിലും, ദുരിതത്തിൽ പിന്തുണയ്ക്കുന്നതിലും, സത്യസന്ധത പുലർത്തുന്നതിലുമാണ് സൗഹൃദത്തിന്റെ യതാർത്ഥ മൂല്യം ശേഷിക്കുന്നത്.

5.15. തിരുക്കുറളിലെ രാഷ്ട്രീയം

തിരുക്കുറളിൽ അർത്ഥ പ്രകാരണത്തിൽ സർക്കാർ, ഭരണാധികാരി, മന്ത്രി, കോട്ട, സൈന്യം, പൗരന്മാർ, നീതി, സമ്പദ്വ്യവസ്ഥ, ദൂതു തുടങ്ങിയ രാഷ്ട്രീയ ഘടകങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നു. വള്ളുവരുടെ രാഷ്ട്രീയ ചിന്തയിൽ ജനക്ഷേമവും നീതിയുമാണ് മുൻപന്തിയിലാണ്.

படைகுடி கூழ்அமைச்சு நட்புஅரண் ஆறும்
உடையான் அரசருள் ஏறு. (குறள் 381)

പടൈകുടി കൂഴ്അമൈച്ചു നട്പുഅരൺ ആറും
ഉടൈയാൻ അരചരുൾ ഏറു.

പടനാട് ധനംമന്ത്രി സഖ്യംകോട്ട ഇവയാറും
ഉടയോൻ അരചരിൽ സിംഹതുല്യൻ (കുറൾ 381)

സൈന്യം, പൗരന്മാർ, സാമ്പത്തിക വിഭവങ്ങൾ, മന്ത്രാലയം, സൗഹൃദം, കോട്ട എന്നി ആറ് ഘടകങ്ങളെ ഭരണത്തിന്റെ പ്രധാന ഭാഗങ്ങളായി വള്ളുവർ പരാമർശിക്കുന്നു:

ചെങ്കോൽ

வான்நோக்கி வாழும் உலகெல்லாம் மன்னவன்
கோல்நோக்கி வாழும் குடி. (குறள் 542)

വാൻനോക്കി വാഴും ഉലകെല്ലാം മന്നവൻ
കോൽനോക്കി വാഴും കുടി.

മഴയല്ലോ ലോകത്തിന്നാശ്രയം മന്നവൻ
ചെങ്കോൽ നീതി മനുഷ്യർക്കും. (കുറൾ 542)

മഴയ്ക്കായി കാത്തിരിക്കുന്ന ലോകത്തെപ്പോലെ, പൗരന്മാരുടെ ജീവിതവും ഭരണകൂടത്തിന്റെ ചെങ്കോലിനെ ആശ്രയിച്ചിരിക്കുന്നു. രാഷ്ട്രീയം വ്യക്തിയുടെ മഹത്വത്തിനുള്ള ഒരു ഉപകരണമല്ല; അത് ജനങ്ങളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും വേണ്ടിയുള്ള ഉത്തരവാദിത്തമാണ്. തിരുക്കുറളിന്റെ രാഷ്ട്രീയ സിദ്ധാന്തത്തിൽ, നീതി അധികാരത്തേക്കാൾ പ്രധാനമാണ്, പൗരന്മാരുടെ ക്ഷേമം ഭരണാധികാരിയേക്കാൾ പ്രധാനമാണ്, ഉത്തരവാദിത്തം ശക്തിയേക്കാൾ പ്രധാനമാണ്.

5.16. തിരുക്കുറളിലെ ഭരണപരമായ കഴിവുകൾ

നിർവാഹം എന്നത് തീരുമാനങ്ങൾ എടുക്കുക മാത്രമല്ല; ശരിയായ സമയത്ത് ശരിയായ വ്യക്തിക്ക് ശരിയായ പ്രവൃത്തി ഏൽപ്പിക്കുകയും ഫലങ്ങൾ വിലയിരുത്തുകയും അത് നടപ്പിലാക്കുകയും ചെയ്യുക എന്നതാണ്. തിരുക്കുറളിലെ പല അദ്ധ്യായങ്ങളിലും

இதனை இதனால் இவன்முடிக்கும் என்றாய்ந்து
அதனை அவன்கண் விடல். (குறள் 517)

ഇതനൈ ഇതനാൽ ഇവൻമുടിക്കും എന്റായ്ന്തു
അതനൈ അവൻകൺ വിടൽ.

ഇക്കര്മ്മം ഇവ്വിതമിവൻ തീര്ക്കുമെന്നറിഞ്ഞ്
അക്കര്മ്മം അവനിലേൽപ്പിക്കണം. (കുറൾ 517)

ഒരു ജോലി ആരാണ് ഫലപ്രദമായി എങ്ങനെ പൂർത്തിയാക്കുമെന്ന് പരിശോധിച്ച് ആ ജോലി അയാളിൽ ഏൽപ്പിക്കണം. നിർവാഹ തത്വത്തിൽ പരാമർശിച്ചിരിക്കുന്നതുപോലെ ശരിയായ ജോലിക്ക് ശരിയായ വ്യക്തി എന്ന ആശയവുമായി ഇതിനു ബന്ധമുണ്ട്.

ആസൂത്രണവും നടപ്പാക്കലും

எண்ணித் துணிக கருமம் துணிந்தபின்
எண்ணுவம் என்பது இழுக்கு. (குறள் 467)

എണ്ണിത് തുണിക കരുമം തുണിന്തപിൻ
എണ്ണുവം എൻപതു ഇഴുക്കു.

ചിന്തിച്ചു ചെയ്യുക കര്മ്മം ചെയ്ത പിൻ
ചിന്തിക്കുക പിഴയത്രേ. (കുറൾ 467)

പ്രവർത്തിക്ക് മുമ്പ് ആലോചിക്കണം. ആലോചിച്ചു തീരുമാനമെടുത്തതിനുശേഷം അനാവശ്യമായ മടിയോ വീണ്ടു വിചാരമോ പാടില്ല. ആസൂത്രണത്തിനും നടപ്പാക്കലിനും ഇടയിലുള്ള സന്തുലിതാവസ്ഥയെ വള്ളുവർ എടുത്തുകാണിക്കുന്നു.

ഒരു നല്ല ഭരണാധികാരി വിഭവങ്ങൾ, സമയം, പ്രക്രിയ, ജോലിയിലുള്ള ബുദ്ധിമുട്ടുകള് തരണം ചെയ്യാനുള്ള ശേഷി എന്നിവ അറിയുന്നവനാണെന്ന് വള്ളുവർ ഒരു കുറളിൽ പറയുന്നു

கருவியும் காலமும் செய்கையும் செய்யும்
அருவினையும் மாண்டது அமைச்சு. (குறள் 631)

കരുവിയും കാലമും ചെയ്കൈയും ചെയ്യും
അരുവിനൈയും മാണ്ടതു അമൈച്ചു.

കരണവും കാലവും കണ്ടു കർമ്മത്തിലും
കർമ്മയുക്തിയിലും കേമൻ മന്ത്രി. (കുറൾ 631)

കുറളിൽ പറയുന്ന നിർവാഹചിന്ത, ആസൂത്രണം, മനുഷ്യ വിഭവശേഷി തിരഞ്ഞെടുപ്പ്, സമയബന്ധിതം, ഉത്തരവാദിത്തം, കാര്യക്ഷമത എന്നിവയുടെ സംയോജനമാണ്. ഒരു നല്ല ഭരണാധികാരി എല്ലാം സ്വയം ചെയ്യുന്നവനല്ല; അവൻ നടപ്പിലാക്കുന്നവനാണ്.

5.17. തിരുക്കുറളിലെ സാമ്പത്തിക ചിന്തകൾ

ധർമ്മ മാർഗ്ഗത്തിൽ സമ്പത്തിന്റെ സമ്പാദനം, സംരക്ഷണം, ശരിയായ ഉപയോഗം, എന്നിവയ്ക്ക് തിരുക്കുറൾ ഊന്നൽ നൽകുന്നു. അങ്ങനെ, സാമ്പത്തികശാസ്ത്രം മനുഷ്യക്ഷേമവുമായി ബന്ധപ്പെട്ടിരിക്കുന്നു.

இயற்றலும் ஈட்டலும் காத்தலும் காத்த
வகுத்தலும் வல்லது அரசு. (குறள் 385)

ഇയറ്റലും ഈട്ടലും കാത്തലും കാത്ത
വകുത്തലും വല്ലതു അരചു.

ആർജിക്കൽ സംഭരിക്കൽ കാക്കൽ കാത്തതു
വീതിക്കലും നൃപധർമ്മം. (കുറൾ 385)

ഉചിതമായ രീതിയിൽ വരുമാനം സൃഷ്ടിക്കുക, നേടുക, സംരക്ഷിക്കുക, തുടർന്ന് വിതരണം ചെയ്യുക എന്നിവയാണ് നല്ല സാമ്പത്തിക നിർവാഹത്തിന്റെ ഘടകങ്ങൾ.

ഭൗതികതയുടെ സാമൂഹിക പ്രയോജനം

ഒരു രാജ്യം സാമ്പത്തികമായി സ്വയംപര്യാപ്തമാകുമ്പോൾ, അത് ശത്രുത ഇല്ലാതാക്കും. ഒരു രാജ്യത്തിന് അത്തരം സാമ്പത്തിക പുരോഗതി ഉണ്ടായിരിക്കണമെന്ന ആശയം വള്ളുവർ അവതരിപ്പിക്കുന്നു. ഈ ആശയം തിരുക്കുറളിൽ പ്രതിധ്വനിക്കുന്നു,

செய்க பொருளைச் செறுநர் செருக்கறுக்கும்
எஃகுஅதனிற் கூரியது இல். (குறள் 759)

ചെയ്ക പൊരുളൈച് ചെറുനർ ചെരുക്കറുക്കും
എഹ്കുഅതനിറ്റ് കൂരിയതു ഇൽ.

നേടുവിൻ ധനം ശത്രുദർപ്പം മുറിക്കും
മൂർച്ചയുള്ള ആയുധം വേറെയില്ല.(കുറൾ 759)

സാമ്പത്തിക ശക്തി വ്യക്തിക്കും സംസ്ഥാനത്തിനും പ്രവർത്തിക്കാനുള്ള കഴിവ് നൽകുന്നു. എന്നാൽ സമ്പത്ത് ധാർമ്മിക / സദ്ഗുണത്തിന്റെ നിയന്ത്രണത്തിലായിരിക്കണം എന്നതാണ് തിരുക്കുറളിന്റെ വിശാലമായ ചിന്ത. ദാനം, അനുരഞ്ജനം, ആതിഥ്യം

തുടങ്ങിയ ശക്തികളും സമ്പത്തിന്റെ സാമൂഹിക ഉത്തരവാദിത്തത്തെ എടുത്തുകാണിക്കുന്നു. അതിനാൽ, സമ്പത്തിന്റെ ആത്യന്തിക ലക്ഷ്യം സമാഹരണം മാത്രമല്ല; അത് ശരിയായ വഴികളിൽ ഉപയോഗപ്രദമാക്കുക എന്നത് കൂടിയാണ്.

തിരുക്കുറളിന്റെ സാമ്പത്തിക ചിന്തയിൽ ഉത്പാദനം - സമ്പാദനം - സംരക്ഷണം - പങ്കിടൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. സമ്പത്ത് മനുഷ്യനെ ഭരിക്കരുത്; അത് മനുഷ്യക്ഷേമത്തിനായി ഉപയോഗപ്രതമാവണം. ധാർമ്മിക / സദ്ഗുണവുമായി സംയോജിപ്പിച്ച സമ്പദ്വ്യവസ്ഥയാണ് സുസ്ഥിരമായ സമ്പത്ത്സമൃതി എന്നതാണു വള്ളുവയുടെ അടിസ്ഥാന സന്ദേശം.

5.18. തിരുക്കുറളിൽ ഉഴവ്

തിരുവള്ളൂർ ഉഴവിനെ / കാർഷികം വെറുമൊരു തൊഴിലായി കണക്കാക്കുന്നില്ല, മറിച്ച് സാമൂഹിക ജീവിതത്തിന്റെ അടിത്തറയായി കാണുന്നു. ഭക്ഷ്യോത്പാദനമില്ലാതെ ലോകത്തിന് പ്രവർത്തിക്കാൻ കഴിയില്ല. അതിനാൽ, തിരുവള്ളുവർ കർഷകനു ഉയർന്ന സ്ഥാനം നൽകുന്നു.

சுழன்றும்ஏர்ப் பின்னது உலகம் அதனால்
உழந்தும் உழவே தலை. (குறள் 1031)

ചുഴന്റുംഏർപ് പിന്നതു ഉലകം അതനാൽ
ഉഴന്തും ഉഴവേ തലൈ.

കറങ്ങിലും ലോകം കലപ്പയ്ക്കു പിന്നിലാം അതിനാൽ
കഠിനമാകിലും കൃഷിയേ അഭികാമ്യം. (കുറൾ 1031)

ലോകം നിരവധി തൊഴിലുകളിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും, എല്ലാം ആത്യന്തികമായി ഭക്ഷണത്തിനു ഉഴവിനെ ആശ്രയിച്ചിരിക്കുന്നു.

സമൂഹത്തിന്റെ വേരുകൾ

ലോകത്തിലെ ജീവജാലങ്ങളുടെ വിശപ്പ് ശമിപ്പിക്കാനും മാനസിക സന്തോഷവും ആന്തരിക വ്യക്തതയും നൽകാനും ഉഴവ് സഹായിക്കും. വിശപ്പ് ശമിപ്പിക്കുന്ന കർഷകരെ സ്തുതിച്ചുകൊണ്ട്, വള്ളുവർ ഇനിപ്പറയുന്ന കുറൾ നൽകിയിട്ടുണ്ട്.

உழுதுண்டு வாழ்வாரே வாழ்வார்மற் றெல்லாம்
தொழுதுண்டு பின்செல் பவர். (குறள் 1033)

ഉഴുതുണ്ടു വാഴ് വാരേ വാഴ് വാർമറ് റെല്ലാം
തൊഴുതുണ്ടു പിൻചെൽ പവർ.

ഉഴുതുണ്ട് വാഴ് വോർ ശ്രേഷ്ഠ൪ മറ്റുള്ളോ൪
തൊഴുതുണ്ട് പിറകേ കൂടുന്നോ൪. (കുറൾ 1033)

അധ്വാനത്തിലൂടെ ഭക്ഷണം ഉൽപ്പാദിപ്പിക്കുന്നവരുടെ സ്വാശ്രയത്വവും സാമൂഹിക സംഭാവനയും ഈ കുറൾ അവതരിപ്പിക്കുന്നു.

உழவினார் கைம்மடங்கின் இல்லை விழைவதூஉம்
விட்டேமென் பார்க்கு நிலை. (குறள் 1036)

ഉഴവിനാർ കൈമ്മടങ്കിൻ ഇല്ലൈ വിഴൈവതൂഉം
വിട്ടേമെൻ പാർക്കു നിലൈ.

ഉഴവന്റെ കൈകൾ മുടങ്ങുകിലില്ല സർവ്വം
ത്യജിച്ച സന്ന്യാസിക്കും ജീവിതം. (കുറൾ 1036)

കർഷകരുടെ കൈകൾ പ്രവർത്തിക്കുന്നില്ലെങ്കിൽ മറ്റ് മേഖലകളെയും ബാധിക്കുമെന്ന സാമൂഹിക-സാമ്പത്തിക സത്യം വള്ളുവർ അറിയിക്കുന്നു. തിരുക്കുറളിൽ, ഉഴവ് ഭക്ഷ്യോൽപ്പാദനം മാത്രമല്ല; അത് മനുഷ്യ സമൂഹത്തിന്റെ ജീവരക്തമാണ്. കർഷകനെ ബഹുമാനിക്കുക എന്നാൽ ഒരു തൊഴിലിനെ ബഹുമാനിക്കുക എന്നല്ല; മനുഷ്യജീവിതത്തെ നിലനിർത്തുന്ന അടിസ്ഥാന അധ്വാനത്തെ ബഹുമാനിക്കുക എന്നതാണ്.

5.19. തിരുക്കുറളിൽ പരിസ്ഥിതി

തിരുക്കുറളിൽ 'പരിസ്ഥിതി'യെ കുറിച്ചുള്ള ആശയങ്ങൾ നേരിട്ട് പരാമർശിച്ചിട്ടില്ലെങ്കിലും, മഴ, വെള്ളം, കൃഷി, ജൈവവൈവിധ്യം, കൊല്ലാതിരിക്കൽ, മിതമായ ഉപഭോഗം തുടങ്ങിയ ആശയങ്ങളിലൂടെ പ്രകൃതിയും മനുഷ്യജീവിതവും തമ്മിലുള്ള ബന്ധത്തെ തിരുക്കുറളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ജലത്തിന്റെ പ്രാധാന്യം

ലോകത്തിലെ ജീവിതചക്രം തടസ്സമില്ലാതെ മുന്നോട്ട് പോകണമെങ്കിൽ ജലസ്രോതസ്സുകൾ അത്യാവശ്യമാണ്. ജലസ്രോതസ്സുകളുടെ പ്രാധാന്യം വള്ളുവർ ഊന്നിപ്പറയുന്നുണ്ട്.

நீர்இன்று அமையாது உலகெனின் யார்யார்க்கும்
வான்இன்று அமையாது ஒழுக்கு. (குறள் 20)

നീർഇന്റു അമൈയാതു ഉലകെനിൻ യാർയാർക്കും
വാൻഇന്റു അമൈയാതു ഒഴുക്കു.

വെള്ളമില്ലായ്കിൽ ലോകമില്ല ആര്ക്കുമേ
മഴയില്ലായ്കിലോ ധര്മ്മവും. (കുറൾ 20)

വെള്ളമില്ലാതെ ലോകത്തിലെ ജീവൻ നിലനിൽക്കില്ല; .മഴയില്ലാതായാൽ ഉലകിൽ ധർമ്മത്തിനും നിലനിൽപ്പില്ലാതാവുമെന്ന്, ജലസ്രോതസ്സായ മഴയുടെ പ്രാധാന്യവും വള്ളുവർ പ്രസ്താവിക്കുന്നു.

விசும்பின் துளிவீழின் அல்லால்மற் றாங்கே
பசும்புல் தலைகாண்பு அரிது. (குறள் 16)
വിചുമ്പിൻ തുളിവീഴിൻ അല്ലാൽ മറ്റാങ്കേ
പചുമ്പുൽ തലൈകാൺപു അരിതു.

വാനം പെയ്യുന്ന മഴത്തുള്ളിയില്ലേൽ
കാണില്ല ഭൂമിയിൽ പുല്ലിനിളന്തല. (കുറൾ 16)

എന്ന കുറളിൽ മനുഷ്യനും സസ്യവും വെള്ളവും മഴയും വെവ്വേറെ അസ്തിത്വങ്ങളല്ലെന്നും അവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന ഒരു സ്വാഭാവിക ശൃംഖലയാണെന്നും അദ്ദേഹം എടുത്തു പറയുന്നു.

ജൈവവൈവിധ്യവും പരിസ്ഥിതിയും

ജലമില്ലാത്ത ഒരു രാജ്യം ദരിദ്രമായ ഒരു സ്ഥലമായി മാറും. ഇതുമൂലം, രോഗങ്ങൾ, വിശപ്പ്, ശത്രുത എന്നിവ വർദ്ധിക്കുകയും രാജ്യത്തിന്റെ പ്രകൃതിയെ നശിപ്പിക്കുകയും ചെയ്യും. അതിനാൽ, ഇവ ഇല്ലാതാക്കുന്നതിനുള്ള ഏറ്റവും വലിയ ഉറവിടം ജലസ്രോതസ്സുകളാണ്. ഒരു രാജ്യം പ്രകൃതിവിഭവങ്ങളാൽ സമ്പന്നമാകുമ്പോൾ, വിശപ്പ് അപ്രത്യക്ഷമാകും. എല്ലാവർക്കും ഭക്ഷണം ലഭ്യമാകുന്നതിനാൽ, ആന്തരിക ക്ഷേമവും ആരോഗ്യവും മെച്ചപ്പെടും, എല്ലാവർക്കും എല്ലാത്തിലും ലഭ്യമാകുന്നതിനാൽ, ശത്രുത ഉണ്ടാകില്ല. ദാനവും തപസ്സും കൈവരിക്കപ്പെടും. അതിനാൽ, പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്,

தானம் தவமிரண்டும் தங்கா வியனுலகம்
வானம் வழங்காது எனின். (குறள் 19)

താനം തവമിരണ്ടും തങ്കാ വിയനുലകം
വാനം വഴങ്കാതു എനിൻ.

തപദാനങ്ങളില്ലീ വിശാലഭൂവിൽ
മഴതൻ ദാനമില്ലേൽ. (കുറൾ 19)

"മഴയാണ് മഹത്തായ ദാനം. മണ്ണിൽ മഴയുടെ ദാനം ഇല്ലെന്നാൽ വിന്നിലെ ദേവറക്കും പൂജാദി കാര്യങ്ങളില്ലെന്ന സത്യം നമ്മെ ബോധിക്കുന്നു.

തിരുക്കുറളിന്റെ പാരിസ്ഥിതിക ചിന്തകൾ മനുഷ്യന് പ്രകൃതിയിൽ നിന്ന് ഒറ്റപ്പെട്ട് ജീവിക്കാൻ കഴിയില്ലെന്ന് കാണിക്കുന്നു. പ്രകൃതിയെ സംരക്ഷിക്കുക എന്നത് ബാഹ്യ ലോകത്തെ സംരക്ഷിക്കുക മാത്രമല്ല; മനുഷ്യജീവിതത്തിന്റെ അടിത്തറയെ തന്നെ സംരക്ഷിക്കുകയുമാണ്, എന്നതാണ് വള്ളുവരുടെ ആശയം.

5.20. തിരുക്കുറളിൽ കുടുംബ ധർമ്മം

തിരുക്കുറളിൽ, കുടുംബം വെറുമൊരു സ്വകാര്യ വാസസ്ഥലമായി മാത്രം കണക്കാക്കപ്പെടുന്നില്ല; സദ്ധർമ്മത്തിന്റെ ഉറവിടമായ ആദ്യത്തെ സാമൂഹിക സ്ഥാപനമാണ്. സ്നേഹം, ഉത്തരവാദിത്തം, ആതിഥ്യം, പുത്ര വാത്സല്യം, സ്നേഹം , മധുര ബന്ധം എന്നിവയാണ് കുടുംബ ധർമ്മത്തിന്റെ ഘടകങ്ങൾ.

அன்பும் அறனும் உடைத்தாயின் இல்வாழ்க்கை
பண்பும் பயனும் அது. (குறள் 45)

അൻപും അറനും ഉടൈത്തായിൻ ഇൽവാഴ്കൈ
പൺപും പയനും അതു.

സ്നേഹവും ധർമ്മവും ഉണ്ടാകിലതുതന്നെ
കുടുമ്പജീവിതത്തിൻ ഗുണപുണ്യം. (കുറൾ 45)

ഒരു കുടുംബത്തിന്റെ മഹത്വം സമ്പത്തിലല്ല; അത് സ്നേഹവും സദ്ധർമ്മവും നിറഞ്ഞ ഒരു ബന്ധത്തിലാണ് സ്ഥിതി ചെയ്യുന്നത്.

കുടുംബത്തിന്റെ സാമൂഹിക ഉത്തരവാദിത്തം

സ്വന്തം കുടുംബമായി ജീവിക്കുന്നതല്ല വ്യക്തിജീവിതം. ഓരോ വ്യക്തിയും തന്നെയോ അവളെയോ സൃഷ്ടിച്ചതും സംരക്ഷിക്കുന്നതുമായ ലോകത്തോടുള്ള സ്വന്തം ചെറിയ

കടമ നിർവഹിക്കണം. ഒരാൾക്ക് വലിയ തോതിൽ സാമൂഹിക പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നില്ലെങ്കിൽ പോലും, തന്റെ ചുറ്റുമുള്ള ബന്ധങ്ങളെയും ജീവിതങ്ങളെയും കഴിയുന്നത്ര സംരക്ഷിക്കേണ്ടത് ഓരോ വ്യക്തിയുടെയും കടമയാണ്. ഇത് മനസ്സിൽ വെച്ചുകൊണ്ട്, ഈ ജീവിതത്തിൽ ഒരാൾ സ്വീകരിക്കേണ്ട പ്രവർത്തനങ്ങളെ വള്ളുവർ വളരെ വ്യക്തമായി നിർവചിക്കുന്നു. സന്യാസിമാരെയും, ദരിദ്രരെയും, പിദൃക്കളെയും പിന്തുണയ്ക്കുക കൂടുംമ്പ ജീവിതത്തിന്റെ ധർമ്മമാണ്. കുടുംബ ജീവിതത്തിൽ കൈക്കൊള്ളേണ്ട മാർഗ്ഗത്തെ വള്ളുവർ,

இல்வாழ்வான் என்பான் இயல்புடைய மூவர்க்கும்
நல்லாற்றின் நின்ற துணை. (குறள் 41)

ഇൽവാഴ് വാൻ എൻപാൻ ഇയൽപുടൈയ മൂവർക്കും
നല്ലാറ്റിൻ നിന്റ തുണൈ.

അന്യാശ്രമസ്ഥർക്കും അവരുടെ ധർമ്മത്തിൽ
തുണയാവോൻ ഗൃഹസ്ഥൻ. (കുറൾ 41)

എന്നു ഉദ്ധരിക്കുന്നു.

കുടുംബപജീവിതം തനിക്കുവേണ്ടി മാത്രം ജീവിക്കുന്ന ഒരു വ്യവസ്ഥയല്ലെന്നും; മറ്റുള്ളവർക്ക് കൂട്ടാളിയാകാനുള്ള സാമൂഹിക ഉത്തരവാദിത്തമ അതിനുണ്ടെന്നും പരാമർശിക്കപ്പെടുന്നു. അത്തരം സാമൂഹിക ഉത്തരവാദിത്തത്തിന്റെ അടിസ്ഥാനം ഒരു നല്ല കുടുംബവ്യവസ്ഥയാണ്. അതിനാൽ, നല്ല ഭാര്യയും മക്കളുമാണ് കുടുംബത്തിന്റെ ഐശ്വര്യമെന്ന് വള്ളുവർ വ്യക്തമാക്കിയിട്ടുണ്ട്.

மங்கலம் என்ப மனைமாட்சி மற்றதன்
நன்கலம் நன்மக்கட் பேறு. (குறள் 60)

മങ്കലം എൻപ മനൈമാട്ചി മറ്റതൻ
നൻകലം നൻമക്കട് പേറു.

കുടുംബത്തിനഴക് ഗുണവതിയാം പത്നി
മറ്റതിൻ ഭൂഷണം നന്മക്കളല്ലോ (കുറൾ 60)

കുടുംബത്തെ അടുത്ത തലത്തിലേക്ക് കൊണ്ടുപോകുന്ന സദ്ഗുണസമ്പന്നയായ ഭാര്യയും നല്ല മക്കളും കുടുംബത്തിന്റെ അഭിവൃദ്ധിക്ക് അനിവാര്യമാണ്. കുടുംബത്തിന്റെ പ്രത്യേകത നല്ല കുടുംബ ഗുണങ്ങളിലും അടുത്ത തലമുറയെ നല്ല രീതിയിൽ സൃഷ്ടിക്കുന്നതിലുമാണ്.

തിരുക്കുറളിന്റെ കുടുംബധർമ്മം സദ്ഗുണം, സ്നേഹം, ഉത്തരവാദിത്തം, പങ്കിടൽ, നല്ല തലമുറയുടെ സൃഷ്ടി എന്നിവയുടെ സംയോജനമാണ്. ഒരു നല്ല സമൂഹം രൂപപ്പെടണമെങ്കിൽ, അതിന്റെ ആദ്യ പാഠശാലയായ കുടുംബം, ധർമ്മ ചിന്ത്യയിലൂന്നി സ്ഥാപിക്കപ്പെടണം.

5.21. തിരുക്കുറളിലെ സ്ത്രീകൾ

തിരുക്കുറളിൽ സ്ത്രീകളെക്കുറിച്ചുള്ള ആശയങ്ങൾ അക്കാലത്തെ സമൂഹ പശ്ചാത്തലത്തിൽ വായിക്കേണ്ടത് പ്രധാനമാണ്. ജീവിതം, ഇണ, സന്താനോൽപ്പാദനം, ആനന്ദം എന്നീ മേഖലകളിൽ സ്ത്രീകളുടെ സ്ഥാനം വിവിധ കോണുകളിൽ നിന്ന് വെളിപ്പെടുത്തുന്നു. അവയിൽ, ഇണയുടെ സ്വഭാവം, കുടുംബ നിർവഹണം ബന്ധത്തിന്റെ ആഴം ഇവയെല്ലാം പ്രധാനമാണ്.

കുടുംബപ ജീവിതത്തിൽ സ്ത്രീ

കുടുംബത്തെ അതിൻ സമ്പത്ത് വ്യവസ്ഥയ്ക്കനുസരിച്ച് നിർവഹിച്ചു കൊണ്ടു പോകുന്നവളാണ് ജീവിത പങ്കാളിയായ ഭാര്യ.

மனைத்தக்க மாண்புடையள் ஆகித்தற் கொண்டான்
வளத்தக்காள் வாழ்க்கைத் துணை. (குறள் 51)

മനൈത്തക്ക മാൺപുടൈയൾ ആകിത്തറ് കൊണ്ടാൻ
വളത്തക്കാൾ വാഴ്ക്കൈത് തുണൈ.

കുടുംബത്തിനൊത്ത ശീലങ്ങളോടു തൻകണവന്റെ
സമ്പത്തിനൊത്തു ജീവിപ്പവൾ ഭാര്യ. (കുറൾ 51)

എന്ന കുറളിൽ വള്ളുവർ കുടുംബവ്യവസ്ഥയിൽ സ്ത്രീയുടെ ഉത്തരവാദിത്തവും പ്രാധാന്യവും പ്രവചിക്കുന്നു.

மனைமாட்சி இல்லாள்கண் இல்லாயின் வாழ்க்கை
எனைமாட்சித் தாயினும் இல். (குறள் 52)

മനൈമാട്ചി ഇല്ലാൾകൺ ഇല്ലായിൻ വാഴ്ക്കൈ
എനൈമാട്ചിത് തായിനും ഇൽ.

മനയ്ക്കൊത്ത ഗുണമേന്മ പത്നിക്കില്ലേൽ
മറ്റെന്തുണ്ടാകിലും ശൂന്യം. (കുറൾ 52)

എന്ന വാക്യത്തിൽ ഒരു നല്ല കുടുംബനാഥയെ ലഭിച്ചില്ലെങ്കിൽ വീട് അഭിവൃദ്ധിപ്പെടില്ലെന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു. എത്രതന്നെ ഐശ്വര്യം ഉണ്ടെങ്കിലും, നല്ലൊരു ഭാര്യയില്ലേൽ കുടുംബം ശൂന്യമാവുമെന്ന് വ്യക്തമാക്കുന്നു.

അനുരാഗിണിയായ സ്ത്രീയുടെ ശബ്ദം

കവിതയിൽ, നായിക പ്രണയം, വേർപിരിയൽ, ആഗ്രഹം, കാമം തുടങ്ങിയ വികാരങ്ങൾ ഒരു അതുല്യമായ ശബ്ദത്തിൽ പ്രകടിപ്പിക്കുന്നു. അതിനാൽ, തിരുക്കുറളിൽ, സ്ത്രീയെ കുടുംബത്തിലെ ഉത്തരവാദിത്തമുള്ള വ്യക്തിയായി മാത്രമല്ല, ആഴത്തിലുള്ള വികാരങ്ങളും ആഗ്രഹങ്ങളും ഉള്ള ഒരു വ്യക്തിയായും ചിത്രീകരിച്ചിരിക്കുന്നു. ഈ ഭാഗം ഇണയുടെ അന്തസ്സ്, കുടുംബത്തിൽ അവളുടെ പ്രധാന പങ്ക്, പ്രണയ ജീവിതത്തിൽ അവളുടെ വൈകാരിക ശബ്ദം എന്നിവയെല്ലാം തന്നെ തിരുക്കുറളിൽ പ്രകടമാണ്.

5.22. തിരുക്കുറളിൽ നിർവ്വാഹ ശേഷി

തിരുക്കുറളിൽ നിർവഹണം / 'മാനേജ്മെന്റ്' എന്ന പദം കാണുന്നില്ലെങ്കിലും, ആസൂത്രണം, മനുഷ്യവിഭവശേഷി തിരഞ്ഞെടുപ്പ്, സമയ നിർവാഹം, സ്ഥല ജ്ഞാനം, ഉത്തരവാദിത്തം, തീരുമാനമെടുക്കൽ, നിരീക്ഷണം തുടങ്ങിയ നിർവാഹ ശേഷിയോടു ബന്ധമുള്ള ഘടകങ്ങൾ വ്യാപകമായി കാണാം. ഏതെങ്കിലും നടപടി സ്വീകരിക്കുന്നതിന് മുമ്പ് ആസൂത്രണം ആവശ്യമാണ്. എന്നാൽ ഒരു തീരുമാനം എടുത്തതിനുശേഷം മടി കാണിക്കുന്നത് കാര്യക്ഷമതയെ ബാധിക്കുന്നു. ഈ ആശയം കുറളിൽ രേഖപ്പെടുത്തിയിട്ടുണ്ട്,

எண்ணித் துணிக கருமம் துணிந்தபின்
எண்ணுவம் என்பது இழுக்கு. (குறள் 467)

എണ്ണിത് തുണിക കരുമം തുണിന്തപിൻ
എണ്ണുവം എൻപതു ഇഴുക്കു.

ചിന്തിച്ചു ചെയ്യുക കർമ്മം ചെയ്ത പിൻ
ചിന്തിക്കുക പിഴയത്രേ . (കുറൾ 467)

മനുഷ്യവിഭവശേഷി നിർവഹണം

ശരിയായ വ്യക്തിയെ തിരഞ്ഞെടുക്കുന്നതിലും, ഒരു ജോലി ഏൽപ്പിക്കുന്നതിലും, നിശ്ചിത സമയത്തിനുള്ളിൽ അത് പൂർത്തിയാക്കുന്നതിലും മനുഷ്യവിഭവശേഷി ഒരു പ്രധാന പങ്ക് വഹിക്കുന്നു. ആ വിഭവം കാര്യക്ഷമമായി ഉപയോഗിക്കുന്നത് വിജയത്തിലേക്ക് നയിക്കുന്നു. ഇത്തരത്തിലുള്ള ചിന്തയാണ് മാനേജ്മെന്റിലെ ഏറ്റവും മികച്ചതായി കണക്കാക്കപ്പെടുന്നത്. പല തിരുക്കുറളിൽ അത്തരം ചിന്തകൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതിലൊന്നാണ് ഈ കുറൾ :

இதனை இதனால் இவன்முடிக்கும் என்றாய்ந்து
அதனை அவன்கண் விடல். (குறள் 517)

ഇതനൈ ഇതനാൽ ഇവൻമുടിക്കും എന്റായ്ന്തു
അതനൈ അവൻകൺ വിടൽ.

ഇക്കര്മ്മം ഇവ്വിതമിവൻ തീര്ക്കുമെന്നറിഞ്ഞ്
അക്കര്മ്മം അവനിലേൽപ്പിക്കണം. (കുറൾ 517)

ജോലിയുടെ സ്വഭാവം, അത് പൂർത്തിയാക്കാനുള്ള വഴി, അത് ചെയ്യുന്ന വ്യക്തിയുടെ കഴിവ് എന്നിവ വിലയിരുത്തിയതിനുശേഷം മാത്രമേ ഉത്തരവാദിത്തങ്ങൾ നൽകാവൂ. കഴിവ് അടിസ്ഥാനമാക്കിയുള്ള ജോലി വിഹിതത്തിന്റെ ഏറ്റവും മികച്ച തത്വമാണിത്.

സമയവും പ്രവൃത്തിയും

ഒരു പ്രവൃത്തിയുടെ വിജയത്തിൽ സമയവും സ്ഥലവും ഒരു പ്രധാന പങ്ക് വഹിക്കുന്നു. അതിനാൽ,

ஞாலம் கருதினும் கைகூடும் காலம்
கருதி இடத்தாற் செயின். (குறள் 484)

ഞാലം കരുതിനും കൈകൂടും കാലം
കരുതി ഇടത്താറ്റ് ചെയിൻ.

കാലവും ഇടവും കണ്ടറിഞ്ഞു ചെയ്യുകിൽ
ഇച്ഛിച്ച ലോകവും കയ്യടക്കാം. (കുറൾ 484)

പ്രവർത്തനം നടത്തുമ്പോൾ ഈ ഘടകങ്ങൾ കണക്കിലെടുക്കണമെന്ന് കുറൾ വാക്യം വിശദീകരിക്കുന്നു. ശരിയായ സമയവും പരിസ്ഥിതിയും അറിഞ്ഞുകൊണ്ട് പ്രവർത്തിച്ചാൽ വലിയ ലക്ഷ്യങ്ങൾ പോലും കൈവരിക്കാൻ കഴിയും. അതിനാൽ, മാനേജ്മെന്റിൽ, വിഭവങ്ങൾ മാത്രമല്ല; സമയവും പരിസ്ഥിതിയും വിഭവങ്ങളാണ്. തിരുക്കുറളിലെ മാനേജ്മെന്റ് ചിന്ത ആസൂത്രണം ചെയ്യുക - ഗവേഷണം ചെയ്യുക - ശരിയായ വ്യക്തിയെ തിരഞ്ഞെടുക്കുക - സമയം അറിയുക - ദൃഢനിശ്ചയത്തോടെ നടപ്പിലാക്കുക എന്നതാണ്. നല്ല മാനേജ്മെന്റ് കൂടുതൽ ജോലി ചെയ്യുകയല്ല; ശരിയായ സമയത്ത് ശരിയായ ജോലി ശരിയായ രീതിയിൽ പൂർത്തിയാക്കുക എന്നതാണ്.

5.23. ലോക ഭാഷകളിൽ തിരുക്കുറൾ

തിരുക്കുറൾ തമിഴിലാണ് രചിക്കപ്പെട്ടതെങ്കിലും, അതിന്റെ കേന്ദ്ര ആശയങ്ങൾ മനുഷ്യജീവിതത്തിന്റെ പൊതുവായ പ്രശ്നങ്ങളെ സ്പർശിക്കുന്നവയാണ്. സദ്ഗുണം, സ്നേഹം, നീതി, സൗഹൃദം, ഭരണം, വിദ്യാഭ്യാസം, ജോലി, കുടുംബം, പ്രണയം മുതലായവ ലോകത്തിലെ എല്ലാ ജനതയ്ക്കും പൊതുവായുള്ളതാണ്. അതിന്റെ, സാർവത്രിക സ്വഭാവം കാരണമായി തിരുക്കുറൾ ലോകത്തിനാകെ ഒരു പൊതു വേദമായി വാഴ്ത്തപ്പെടുന്നു. വിവിധ ഭാഷകളിലുള്ള ആളുകൾ തിരുക്കുറൾ അവരുടെ ഭാഷകളിലേക്ക് വിവർത്തനം ചെയ്തതിന്റെ അടിസ്ഥാന കാരണം അതിൽ പൊതുവായ ആശയങ്ങൾ അടങ്ങിയിരിക്കുന്നു എന്നതാണ്.

വിദ്യാഭ്യാസം ഒരു വ്യക്തിയെ നാട്, നഗരം തുടങ്ങിയ അതിരുകൾ മറികടക്കാൻ പ്രാപ്തനാക്കുന്നു. അതുപോലെ, തിരുക്കുറൾ അതിന്റെ മൂലഭാഷയ്ക്ക് അപ്പുറം വിവിധ രാജ്യങ്ങളിൽ നിന്നുള്ള ആളുകളിലേക്കും വിവർത്തനങ്ങളിലൂടെ എത്തിയിട്ടുണ്ട്. തിരുക്കുറൾ വിവർത്തനം ചെയ്യുന്നത് വാക്കുകൾ മാറ്റുക മാത്രമല്ല. രണ്ട് പാദങ്ങളുള്ള കുറളിന്റെ തീവ്രത, രൂപകം, വ്യാകരണ ഘടന, സാംസ്കാരിക സൂക്ഷ്മത എന്നിവ മറ്റൊരു ഭാഷയിലേക്ക് എത്തിക്കുക എന്നത് ഒരു വലിയ വെല്ലുവിളിയാണ്. അതിനാൽ, ഓരോ വിവർത്തനവും മൂലത്തിനും പുതിയ ഭാഷാ പരിതസ്ഥിതിക്കും ഇടയിൽ നിർമ്മിച്ച ഒരു സാംസ്കാരിക പാലമാണ്.

തിരുക്കുറളിന്റെ സാർവത്രിക പ്രസക്തി അതിന്റെ വിവർത്തനങ്ങളുടെ എണ്ണം കൊണ്ട് മാത്രം നിർണ്ണയിക്കപ്പെടുന്നില്ല. മനുഷ്യജീവിതത്തിന്റെ അടിസ്ഥാനപരമായ

ചോദ്യങ്ങളെ സംക്ഷിപ്തമായി അഭിസംബോധന ചെയ്യാനുള്ള കഴിവാണ് അതിന്റെ വിശാലമായ വായനക്കാരുടെ എണ്ണത്തിന് പ്രധാന കാരണം.

“ഒരു നല്ല മനുഷ്യനായി എങ്ങനെ ജീവിക്കാം?”, “അധികാരം എങ്ങനെ ഉപയോഗിക്കാം?”, “സമ്പത്തിന്റെ ഉപയോഗം എന്താണ്?”, “സൗഹൃദം എങ്ങനെയായിരിക്കണം?”, “മറ്റുള്ളവരെ ദ്രോഹിക്കാതെ എങ്ങനെ ജീവിക്കാം?” എന്നിവ കാലത്തിനും ഭാഷയ്ക്കും അതീതമായതും ലോകത്തിലെ എല്ലാ ആളുകൾക്കും പൊതുവായുള്ളതുമായ ചോദ്യങ്ങളാണ്.

ഇന്ത്യൻ ഭാഷകൾ, യൂറോപ്യൻ ഭാഷകൾ, തെക്കുകിഴക്കൻ ഏഷ്യൻ ഭാഷകൾ തുടങ്ങി വിവിധ ഭാഷകളിലേക്ക് തിരുക്കുറൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട് എന്നത് 'തിരുക്കുറൾ ' ഒരു ആഗോള പൊതുസ്വത്താണെന്നതിന്റെ തെളിവാണ്. അങ്ങനെ, തിരുക്കുറൾ വിവർത്തനങ്ങൾ തമിഴിനും മറ്റ് ഭാഷാ സംസ്കാരങ്ങൾക്കും ഇടയിലുള്ള ഒരു അറിവും സാംസ്കാരിക കൈമാറ്റവുമാണ്.

തിരുക്കുറൾ തമിഴിന്റെ ഒരു നിധിയായി ഉയർന്നുവന്നിട്ടുണ്ട്, വിവർത്തനങ്ങളിലൂടെ വിശാലമായ ഒരു മനുഷ്യ സമൂഹത്തോട് സംസാരിക്കുന്ന ഒരു പുസ്തകമായി വളർന്നിരിക്കുന്നു. അതിന്റെ ആഗോള യാത്രയുടെ ശക്തി അതിന്റെ ഇടുങ്ങിയ രൂപത്തിലല്ല; ആ ഇടുങ്ങിയ രൂപത്തിനുള്ളിൽ അടങ്ങിയിരിക്കുന്ന വിശാലമായ മാനുഷിക ചിന്തയിലാണ് അത് സ്ഥിതിചെയ്യുന്നത്. ഭാഷകൾ മാറുന്നുണ്ടെങ്കിലും, സ്നേഹം, സദ്ഗുണം, നീതി, മനുഷ്യത്വം എന്നിവയുടെ ആവശ്യകത മാറുന്നില്ല. ആ പൊതു മനുഷ്യത്വം തിരുക്കുറളിനെ ഭാഷാ അതിരുകൾക്കപ്പുറത്തേക്ക് സഞ്ചരിക്കാൻ പ്രാപ്തമാക്കുന്നു; പ്രേരിപ്പിക്കുന്നു.

വാനോളം വള്ളുവം എന്ന ഈ ലേഖനത്തിൽ, തിരുക്കുറൾ സംസാരിക്കുന്ന സാർവത്രിക പൊതുസ്വത്തുക്കളെക്കുറിച്ച് നമ്മൾ പഠിച്ചു. അടുത്ത വിഭാഗത്തിൽ, കുറൾ മണിമലൈയിലൂടെ തിരുക്കുറൾ പഠിക്കും.

അദ്ധ്യായം – 6 കുറൾ മണിമാല

തിരുക്കുറളിലെ ധർമ്മപ്രകരണത്തിൽ നിന്നും അർത്ഥ പ്രകരണത്തിൽ നിന്നും ഒരോ അദ്ധ്യായത്തിൽ നിന്നും ഓരോ കുറൾ എന്ന നിലയിൽ സമാഹരിച്ചാണ് ഈ കുറൾ മണിമാല കോർത്തിട്ടുള്ളത്. ഒരു ദിവസം ഒരു കുറൾ എങ്കിലും നിങ്ങൾ പഠിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

കുറൾ മണിമാലൈ

(108 അദ്ധ്യായങ്ങളിൽ നിന്നും 108 സൂക്തങ്ങൾ)

1. அறத்துப்பால்
അറത്തുപ്പാൽ - ധർമ്മ പ്രകരണം

1. கடவுள் வாழ்த்து
   കടവുൾ വാഴ്ത്തു - ദൈവസ്തുതി

   அகர முதல எழுத்தெல்லாம் ஆதி
   பகவன் முதற்றே உலகு. (குறள் 1)

   അകര മുതല എഴുത്തെല്ലാം ആതി
   പകവൻ മുതറ്റേ ഉലകു.

   അകരം അക്ഷരങ്ങൾക്കെല്ലാം ആദിയാം
   ലോകത്തിനാദി ഭഗവൻ. (കുറൾ 1)

2. வான்சிறப்பு
   വാൻചിറപ്പു – മഴമഹത്ത്വം

   வான்நின்று உலகம் வழங்கி வருதலால்
   தான்அமிழ்தம் என்றுணரல் பாற்று. (குறள் 11)

   വാൻ നിന്റു ഉലകം വഴങ്കി വരുതലാൽ
   താൻഅമിഴ്തം എന്റുണരൽ പാറ്റു.

   മഴയാലീ ലോകം നിലനിൽക്കയാൽ
   മഴയാണീ മണ്ണിനു അമൃതം. (കുറൾ 11)

3. நீத்தார் பெருமை
നീത്താർ പെരുമൈ - സന്ന്യാസി മഹിമ

அந்தணர் என்போர் அறவோர்மற் றெவ்வுயிர்க்கும்
செந்தண்மை பூண்டுஒழுக லான். (குறள் 30)

അന്തണർ എൻപോർ അറവോർ മറ്റെവ്വുയിർക്കും
ചെന്തൺമൈ പൂണ്ടുഒഴുക ലാൻ.

അന്തണരാകുവോര് ധര്മ്മജ്ഞര് സർവ്വ
ചരാചരങ്ങളിലും കരുണയുള്ളവർ. (കുറൾ 30)

4. அறன் வலியுறுத்தல்
അറൻ വലിയുറുത്തൽ - ധർമ്മ ശാസനം

அன்றறிவாம் என்னாது அறம்செய்க மற்றது
பொன்றுங்கால் பொன்றாத் துணை. (குறள் 36)

അൻററിവാം എന്നാതു അറംചെയ്ക മറ്റതു
പൊൻറുങ്കാൽ പൊൻറാത് തുണൈ.

നീട്ടാതെ ചെയ്യുക ധര്മ്മം അതൊന്നേ
കൂട്ടായിടും അന്ത്യത്തിൽ. (കുറൾ 36)

5. இல்வாழ்க்கை
ഇൽവാഴ്കൈ - കുടുംബ ജീവിതം

வையத்துள் வாழ்வாங்கு வாழ்பவன் வான்உறையும்
தெய்வத்துள் வைக்கப் படும். (குறள் 50)

വൈയത്തുൾ വാഴ് വാങ്കു വാഴ്പവൻ വാൻഉറൈയും
തെയ് വത്തുൾ വൈക്കപ് പടും.

മണ്ണിതിൽ നല്ലവണ്ണം വാഴ്പവൻ വിണ്ണിലെ
ദൈവത്തിൽ ഒരുവനായിടും. (കുറൾ 50)

6. வாழ்க்கைத் துணைநலம்
വാഴ്ക്കൈത്തുണൈനലം - സഹധർമ്മിണി

மங்கலம் என்ப மனைமாட்சி மற்றதன்
நன்கலம் நன்மக்கட் பேறு. (குறள் 60)

മങ്കലം എൻപ മനൈമാട്ചി മറ്റതൻ
നൻകലം നൻമക്കട് പേറു.

കുടുംബത്തിനഴക് ഗുണവതിയാം പത്നി
മറ്റതിൻ ഭൂഷണം നന്മക്കളല്ലോ. (കുറൾ 60)

7. மக்கட்பேறு
മക്കട്പേറു - സൽപുത്രലാഭം

குழலினிது யாழினிது என்பதம் மக்கள்
மழலைச்சொல் கேளா தவர். (குறள் 66)

കുഴലിനിതു യാഴിനിതു എൻപതം മക്കൾ
മഴലൈച്ചൊൽ കേളാ തവർ.

കുഴലും യാഴും മധുരമെന്നോതും തൻമക്കൾ
കൊഞ്ഞൽമൊഴി കേൾക്കാത്തവർ. (കുറൾ 66)

8. அன்புடைமை
അൻപുടൈമൈ - സ്നേഹം

அன்பிலார் எல்லாம் தமக்குரியர் அன்புடையார்
என்பும் உரியர் பிறர்க்கு. (குறள் 72)
അൻപിലാർ എല്ലാം തമക്കുരിയർ അൻപുടൈയാർ
എൻപും ഉരിയർ പിറർക്കു.

സ്നേഹശൂന്യർക്ക് എല്ലാം തനതാം സ്നേഹ
ശീലർക്കോ തന്നുടലും അന്യർക്കാം. (കുറൾ 72)

9. விருந்தோம்பல்
വിരുന്തോമ്പൽ - വിരുന്നുപചാരം

மோப்பக் குழையும் அனிச்சம் முகம்திரிந்து
நோக்கக் குழையும் விருந்து. (குறள் 90)

മോപ്പക് കുഴൈയും അനിച്ചം മുകംതിരിന്തു
നോക്കക് കുഴൈയും വിരുന്തു.

മുകർന്നാൽ വാടും അനിച്ചം മുഖംകറുത്തു
നോക്കിയാൽ വാടും അതിഥി. (കുറൾ 90)

10. இனியவை கூறல்
ഇനിയവൈ കൂറൽ - മധുരഭാഷണം

இனிய உளவாக இன்னாத கூறல்
கனியிருப்பக் காய்கவர்ந் தற்று. (குறள் 100)

ഇനിയ ഉളവാക ഇന്നാത കൂറൽ
കനിയിരുപ്പക് കായ്കവർന് തറ്റു.

നൽവാക്കിരിക്കവേ കടുവാക്കോതുക
കനിയിരിക്കവേ കായ്തിന്നുന്ന പോലെ. (കുറൾ 100)

11. செய்ந்நன்றி அறிதல்
ചെയ്ന്നന്റി അറിതൽ - ഉപകാരസ്മരണ

செய்யாமல் செய்த உதவிக்கு வையகமும்
வானகமும் ஆற்றல் அரிது. (குறள் 101)

ചെയ്യാമൽ ചെയ്ത ഉതവിക്കു വൈയകമും
വാനകമും ആറ്റൽ അരിതു.

ചെയ്യാതെ ചെയ്തൊരു ഉപകാരത്തിന്
ഈടല്ല മണ്ണും വിണ്ണും. (കുറൾ 101)

12. நடுவுநிலைமை
നടുവുനിലൈമൈ - നിഷ്പക്ഷത

வாணிகம் செய்வார்க்கு வாணிகம் பேணிப்
பிறவும் தமபோல் செயின். (குறள் 120)

വാണികം ചെയ് വാർക്കു വാണികം പേണിപ്
പിറവും തമപോൽ ചെയിൻ.

അന്യരുടെ ധനവും തൻധനംപോൽ കാക്കും
നാന്യമേ വാണിഭ ധർമ്മം. (കുറൾ 120)

13. அடக்கமுடைமை
അടക്കമുടൈമൈ - സംയമനം

தீயினால் சுட்டபுண் உள்ளாறும் ஆறாதே
நாவினால் சுட்ட வடு. (குறள் 129)

തീയിനാൽ ചുട്ടപുൺ ഉള്ളാറും ആറാതേ
നാവിനാൽ ചുട്ട വടു.

തീചുട്ട പുണ്ണിൻ ഉള്ളാറും ആറില്ല
നാവാൽ ചുട്ട വടു. (കുറൾ 129)

14. ஒழுக்கமுடைமை
ഒഴുക്കമുടൈമൈ - സദാചാരം

ஒழுக்கம் விழுப்பம் தரலான் ஒழுக்கம்
உயிரினும் ஓம்பப் படும். (குறள் 131)

ഒഴുക്കം വിഴുപ്പം തരലാൻ ഒഴുക്കം
ഉയിരിനും ഓമ്പപ് പടും.

സദാചാരം മേന്മയേകിടുമാകയാലതു
കാക്കുക ജീവനേക്കാളതി മുഖ്യം. (കുറൾ 131)

15. பிறனில் விழையாமை
പിറനിൽ വിഴൈയാമൈ - പരഭാര്യാസക്തി വര്ജ്ജനം

பிறன்மனை நோக்காத பேராண்மை சான்றோர்க்கு
அறனொன்றோ ஆன்ற ஒழுக்கு. (குறள் 148)

പിറന്മനൈ നോക്കാത പേരാണ്മൈ ചാന്റോർക്കു
അറനൊന്റോ ആന്റ ഒഴുക്കു.

അപരയെ മോഹിക്കാ ആണത്തം തന്നെ
മഹാന്മാര്ക്ക് ധര്മ്മവും സദാചാരവും. (കുറൾ 148)

16. பொறையுடைமை
പൊറൈയുടൈമൈ - ക്ഷമാശീലം

பொறுத்தல் இறப்பினை என்றும் அதனை
மறத்தல் அதனினும் நன்று. (குறள் 152)

പൊറുത്തൽ ഇറപ്പിŕ ¯ Ð ന്റും അതനൈ
മറത്തൽ അതനിനും ന‖ Ðń.

ദ്രോഹം പൊറുക്കുക നന്നാം അതിലും
മറക്കുക ഏറേ നന്നാം. (കുറൾ 152)

17. அழுக்காறாமை
അഴുക്കാറാമൈ - അസൂയ ഇല്ലായ്മ

ஒழுக്காறாக் கொள்க ஒருவன்தன் நெஞ்சத்து
அழுக்காறு இலாத இயல்பு. (குறள் 161)

ഒഴുക്കാറാക് കൊൾക ഒരുവൻതൻ നെഞ്ചത്തു
അഴുക്കാറു ഇലാത ഇയൽപു.

മാര്ഗ്ഗമായ് കൊൾക ഒരുവൻ തന്നുള്ളത്തിൽ
അസൂയയില്ലാ സ്വഭാവം. (കുറൾ 161)

18. வெஃகாமை
വെഹ്കാമൈ - ലോഭരാഹിത്യം

அஃகாமை செல்வத்திற்கு யாதெனின் வெஃகாமை
வேண்டும் பிறன்கைப் பொருள். (குறள் 178)

അഹ്കാമൈ ചെൽവത്തിറ്റ്കു യാതെനിൻ വെഹ്കാമൈ
വേണ്ടും പിറൻകൈപ് പൊരുൾ.

അക്ഷയ സമ്പത്തിൻ അടിത്തറയാകുന്നു
അന്യധന ലോഭ രാഹിത്യം. (കുറൾ 178)

19. புறங்கூறாமை
പുറങ്കൂറാമൈ - പരദൂഷണം പറയായ്ക

ஏதிலார் குற்றம்போல் தம்குற்றம் காண்கிற்பின்
தீதுண்டோ மன்னும் உயிர்க்கு. (குறள் 190)

ഏതിലാർ കുറ്റംപോൽ തംകുറ്റം കാൺകിറ്റ്പിൻ
തീതുണ്ടോ മന്നും ഉയിർക്കു.

പരദോഷംപോലെ തൻദോഷവും കാണുകിൽ
തിന്മകളുണ്ടോ ജീവിതത്തിൽ. (കുറൾ 190)

20. பயனில சொல்லாமை
പയനില ചൊല്ലാമൈ - വീൺവാക്ക് ചൊല്ലായ്ക

சொல்லுக சொல்லில் பயனுடைய சொல்லற்க
சொல்லில் பயனிலாச் சொல். (குறள் 200)

ചൊല്ലുക ചൊല്ലിൽ പയനുടൈയ ചൊല്ലറ്റ്ക
ചൊല്ലിൽ പയനിലാച് ചൊൽ.

ചൊല്ലുകിൽ ചൊൽക നന്മയുള്ളവ ചൊല്ലായ്ക
ചൊല്ലിൽ നന്മയില്ലാച്ചൊൽ. (കുറൾ 200)

21. தீவினையச்சம்
തീവിനൈയച്ചം - പാപകർമഭയം

தீயவை தீய பயத்தலால் தீயவை
தீயினும் அஞ்சப் படும். (குறள் 202)

തീയവൈ തീയ പയത്തലാൽ തീയവൈ
തീയിനും അഞ്ചപ് പടും.

തിന്മകളാലുണ്ട് തിന്മയാകയാൽ അഞ്ചുക
തിന്മയെ തീയിനെക്കാൾ. (കുറൾ 202)

22. ஒப்புரவறிதல்
ഒപ്പുരവറിതൽ - ഉപകാരബോധം

கைம்மாறு வேண்டா கடப்பாடு மாரிமாட்டு
என்னாற்றும் கொல்லோ உலகு. (குறள் 211)

കൈമ്മാറു വേണ്ടാ കടപ്പാടു മാരിമാട്ടു
എന്നാറ്റും കൊല്ലോ ഉലകു.

പ്രതിഫലം നോക്കിയല്ല ഉപകാരം മഴമുകിലിനു
എന്തു നൽകുന്നു ലോകം. (കുറൾ 211)

23. ஈகை
ഈകൈ - ദാനം

அற்றார் அழிபசி தீர்த்தல் அஃதொருவன்
பெற்றான் பொருள்வைப் புழி. (குறள் 226)

അറ്റാർ അഴിപചി തീർത്തൽ അഹ്തൊരുവൻ
പെറ്റാൻ പൊരുൾവൈപ് പുഴി.

നിസ്വർതൻ പശിതീർക്കും വിത്തമേ ഒരുവന്റെ
സുസ്ഥിരമാം നിക്ഷേപം. (കുറൾ 226)

24. புகழ்
പുകഴ് - കീർത്തി

ஈதல் இசைபட வாழ்தல் அதுவல்லது
ஊதியம் இல்லை உயிர்க்கு. (குறள் 231)

ഈതൽ ഇചൈപട വാഴ്തൽ അതുവല്ലതു
ഊതിയം ഇല്ലൈ ഉയിർക്കു.

ദാനത്താൽ കീർത്തിയൊടു വാഴ് വതല്ലാതെ
ലാഭമൊന്നുമില്ല ഉയിരിന്. (കുറൾ 231)

25. அருளுடைமை
അരുളുടൈമൈ - കാരുണ്യം

அருட்செல்வம் செல்வத்துள் செல்வம் பொருட்செல்வம்
பூரியார் கண்ணும் உள. (குறள் 241)

അരുട്ചെൽവം ചെൽവത്തുൾ ചെൽവം പൊരുട്ചെൽവം
പൂരിയാർ കണ്ണും ഉള.

കാരുണ്യം മഹാധനം മറ്റു ധനം
ഹീനർക്കും ഉണ്ടാം. (കുറൾ 241)

26. புலால் மறுத்தல்
പുലാൽ മറുത്തൽ - മാംസ വർജ്ജനം

கொல்லான் புலாலை மறுத்தானைக் கைகூப்பி
எல்லா உயிரும் தொழும். (குறள் 260)

കൊല്ലാൻ പുലാലൈ മറുത്താനൈക് കൈകൂപ്പി
എല്ലാ ഉയിരും തൊഴും.

കൊല്ലാത്തോൻ മാംസമുണ്ണാത്തോനെ കൈകൂപ്പി
എല്ലാ ഉയിരും തൊഴും. (കുറൾ 260)

27. தவம்

തവം - തപസ്സ്

உற்றநோய் நோன்றல் உயிர்க்குஉறுகண் செய்யாமை
அற்றே தவத்திற்கு உரு. (குறள் 261)

ഉറ്റനോയ് നോന്റൽ ഉയിർക്കുഉറുകൺ ചെയ്യാമൈ
അറ്റേ തവത്തിറ്റ്കു ഉരു.

തൻതുമ്പം പൊറുത്തു പരപീഡ ചെയ്യായ്ക
പരമമാം തപചര്യയത്രേ. (കുറൾ 261)

28. கூடாவொழுக்கம்

കൂടാവൊഴുക്കം - അനാചാരം

வலியில் நிலைமையான் வல்லுருவம் பெற்றம்
புலியின்தோல் போர்த்துமேய்ந் தற்று. (குறள் 273)

വലിയിൽ നിലൈമൈയാൻ വല്ലുരുവം പെറ്റം
പുലിയിൻതോൽ പോർത്തുമേയ്ന് തറ്റു.

തപോബലമില്ലാതോൻ മുനിവേഷം പുലിത്തോൽ
പുതച്ച് പുൽമേയും പൈപോലെ. (കുറൾ 273)

29. கள்ளாமை

കള്ളാമൈ - കളവു ചെയ്യായ്ക

எள்ளாமை வேண்டுவான் என்பான் எனைத்தொன்றும்
கள்ளாமை காக்கதன் நெஞ்சு. (குறள் 281)

എള്ളാമൈ വേണ്ടുവാൻ എൻപാൻ എനൈത്തൊന്റും
കള്ളാമൈ കാക്കതൻ നെഞ്ചു.

പഴിച്ചൊൽ കേൾക്കാതിരിപ്പാൻ കളവൊന്നും
ചെയ്യാതെ കാക്കുക തന്നുള്ളം. (കുറൾ 281)

30. வாய்மை

വായ്മൈ - സത്യസന്ധത

வாய்மை எனப்படுவது யாதெனின் யாதொன்றும்
தீமை இலாத சொலல். (குறள் 291)

വായ്മൈ എനപ്പടുവതു യാതെനിൻ യാതൊന്റും
തീമൈ ഇലാത ചൊലൽ.

ഉണ്മയെന്നതു ആർക്കുമേ അൽപ്പവും
തിന്മയില്ലാത്തവ ചൊല്ലുകയാം'. (കുറൾ 291)

31. வெகுளாமை
വെകുളാമൈ - കോപിക്കായ്ക

தன்னைத்தான் காக்கின் சினம்காக்க காவாக்கால்
தன்னையே கொல்லும் சினம். (குறள் 305)

തന്നൈത്താൻ കാക്കിൻ ചിനംകാക്ക കാവാക്കാൽ
തന്നൈയേ കൊല്ലും ചിനം.

തന്നെത്താൻ കാക്കുവാൻ കോപമടക്കുക അല്ലായ്കിൽ
തന്നെ കൊല്ലും കോപം. (കുറൾ 305)

32. இன்னா செய்யாமை
ഇന്നാ ചെയ്യാമൈ - ദ്രോഹം ചെയ്യായ്ക

இன்னாசெய் தாரை ஒறுத்தல் அவர்நாண
நன்னயம் செய்து விடல். (குறள் 314)

ഇന്നാചെയ് താരൈ ഒറുത്തൽ അവർനാണ
നന്നയം ചെയ്തു വിടൽ.

ദ്രോഹിച്ചവരെ ശിക്ഷിക്കൽ അവര്
നാണിക്കുമാറു നന്മകൾ ചെയ്യൽ. (കുറൾ 314)

33. கொல்லாமை
കൊല്ലാമൈ - അഹിംസ

பகுத்துண்டு பல்லுயிர் ஓம்புதல் நூலோர்
தொகுத்தவற்றுள் எல்லாம் தலை. (குறள் 322)

പകുത്തുണ്ടു പല്ലുയിർ ഓമ്പുതൽ നൂലോർ
തൊകുത്തവറ്റുൾ എല്ലാം തലൈ.

പങ്കിട്ടുണ്ടുയിര് പലതു പോറ്റൽ പണ്ഡിതന്മാർ
പറഞ്ഞതിലെല്ലാം ശ്രേഷ്ടം. (കുറൾ 322)

34. நிலையாமை
നിലൈയാമൈ - അസ്ഥിരത

நெருநல் உளனொருவன் இன்றில்லை என்னும்
பெருமை உடைத்திவ் வுலகு. (குறள் 336)

നെരുനൽ ഉളനൊരുവൻ ഇന്റില്ലൈ എന്നും
പെരുമൈ ഉടൈത്തിവ് വുലകു.

ഇന്നലെയിരുന്നവൻ ഇന്നില്ലയെന്ന
പെരുമയുള്ളത് ഈ ലോകം. (കുറൾ 336)

35. துறவு
തുറവു - പരിത്യനം

பற்றுக பற்றற்றான் பற்றினை அப்பற்றைப்
பற்றுக பற்று விடற்கு. (குறள் 350)

പറ്റുക പറ്ററ്റാൻ പറ്റിനൈ അപ്പറ്റൈപ്
പറ്റുക പറ്റു വിടറ്റ്കു.

പറ്റുക പറ്ററ്റോനിലെ പറ്റിനെ ആപറ്റിനെ
പറ്റുക പറ്റൊഴിഞ്ഞിടുവാനായ്. (കുറൾ 350)

36. மெய்யுணர்தல்
മെയ്യുണർതൽ - തത്വബോധം

எப்பொருள் எத்தன்மைத்து ஆயினும் அப்பொருள்
மெய்ப்பொருள் காண்பது அறிவு. (குறள் 355)

എപ്പൊരുൾ എത്തന്മൈത്തു ആയിനും അപ്പൊരുൾ
മെയ്പ്പൊരുൾ കാൺപതു അറിവു.

എപ്പൊരുൾ എമ്മട്ടിലാകിലും അപ്പൊരുളിൻ
മെയ്പ്പൊരുൾ കാണമതേയറിവ്. (കുറൾ 355)

37. அவா அறுத்தல்
അവാ അറുത്തൽ - ആശയൊഴിക്കൽ

அவாஎன்ப எல்லா உயிர்க்கும்எஞ் ஞான்றும்
தவாஅப் பிறப்பீனும் வித்து. (குறள் 361)

അവാഎൻപ എല്ലാ ഉയിർക്കുംഎഞ് ഞാന്റും
തവാഅപ് പിറപ്പീനും വിത്തു.

ആശതാനത്രേ അഖിലജിവനുമെന്നാളും
മറുപിറവിയേകിടും ബീജം. (കുറൾ 361)

38. ஊழ்
ഊഴ് - വിധി

ஊழின் பெருவலி யாவுள மற்றொன்று
சூழினும் தான்முந் துறும். (குறள் 380)

ഊഴിൻ പെരുവലി യാവുള മറ്റൊന്റു
ചൂഴിനും താൻമുന് തുറും.

വിധിയിലും ശക്തമെന്തുണ്ട് മറികടക്കിലും
അതു മുന്നിലെത്തിടും. (കുറൾ 380)

2. பொருட்பால்
പൊരുട്പാൽ - അർത്ഥ പ്രകരണം

39. இறைமாட்சி
ഇറൈമാട്ചി - രാജമഹത്ത്വം

முறைசெய்து காப்பாற்றும் மன்னவன் மக்கட்கு
இறையென்று வைக்கப் படும். (குறள் 388)

മുറൈചെയ്തു കാപ്പാറ്റും മന്നവൻ മക്കട്കു
ഇറൈയെന്റു വൈക്കപ്പടും.

നീതിയൊട് കാക്കുന്ന മന്നവനെ ജനം
വാഴ്ത്തുന്നു ദൈവമെന്ന്. (കുറൾ 388)

40. கல்வி
കൽവി - വിദ്യ / സാക്ഷരത

கற்க கசடறக் கற்பவை கற்றபின்
நிற்க அதற்குத் தக. (குறள் 391)

കറ്റ്ക കചടറക് കറ്റ്പവൈ കറ്റപിൻ
നിറ്റ്ക അതറ്റ്കുത് തക.

പഠിക്കുക പതിരില്ലാതെ പഠിക്കേണ്ടവ പഠിച്ചാൽപിൻ
നിൽക്കുക അതിൻ വഴി. (കുറൾ 391)

41. கல்லாமை
കല്ലാമൈ - നിരക്ഷരത

விலங்கொடு மக்கள் அனையர் இலங்குநூல்
கற்றாரோடு ஏனை யவர். (குறள் 410)

വിലങ്കൊടു മക്കൾ അനൈയർ ഇലങ്കുനൂൽ
കറ്റാരോടു ഏനൈ യവർ.

മനുഷ്യർക്കിടയിൽ ആടുമാടുകൾപോലെയാം
സദ്ഗ്രന്ഥജ്ഞാനികൾക്കിടയിലെ മൂഢർ. (കുറൾ 410)

42. കേൾവി
കേൾവി - കേൾവിജ്ഞാനം

செல்வத்துள் செல்வம் செவிச்செல்வம் அச்செல்வம்
செல்வத்துள் எல்லாம் தலை. (குறள் 411)

ചെൽവത്തുൾ ചെൽവം ചെവിച്ചെൽവം അച്ചെൽവം
ചെൽവത്തുൾ എല്ലാം തലൈ.

ധനങ്ങളിൽ മഹാധനം ശ്രവണധനം അതു
ധനങ്ങളിൽ എല്ലാം പ്രധാനം. (കുറൾ 411)

43. அறிவுடைமை
അറിവുടൈമൈ - അറിവ്

எப்பொருள் யார்யார்வாய்க் கேட்பினும் அப்பொருள்
மெய்ப்பொருள் காண்பது அறிவு. (குறள் 432)

എപ്പൊരുൾ യാർയാർവായ്ക് കേട്പിനും അപ്പൊരുൾ
മെയ്പ്പൊരുൾ കാൺപതു അറിവു.

ആരെന്ത് ചൊല്ലി കേൾക്കിലും അതിൻ
മെയ്പ്പൊരുൾ കാണ്മതേ അറിവു. (കുറൾ 432)

44. குற்றங்கடிதல்
കുറ്റങ്കടിതൽ - കുറ്റ വർജ്ജനം

தன்குற்றம் நீக்கிப் பிறர்குற்றம் காண்கிற்பின்
என்குற்றம் ஆகும் இறைக்கு. (குறள் 436)

തൻകുറ്റം നീക്കിപ് പിറർകുറ്റം കാൺകിറ്റ്പിൻ
എൻകുറ്റം ആകും ഇറൈക്കു.

തൻകുറ്റംഅകറ്റി അന്യന്റെ കുറ്റം കാണുകിൽ
പിൻഎന്തുണ്ടാം അരചന് കുറ്റം. (കുറൾ 436)

45. பெரியாரைத் துணைக்கோடல்
പെരിയാരൈത് തുണൈക്കോടൽ - മഹാന്മാരെ തുണയാക്കൽ

இடிப்பாரை இல்லாத ஏமரா மன்னன்
கெடுப்பார் இலானும் கெடும். (குறள் 448)

ഇടിപ്പാരൈ ഇല്ലാത ഏമരാ മന്നൻ
കെടുപ്പാർ ഇലാനും കെടും.

ഖണ്ഡിപ്പോരില്ലാ കാവലറ്റ മന്നവൻ
ശത്രുക്കളില്ലേലും കെടും. (കുറൾ 448)

46. சிற்றினம் சேராமை
சിറ്റിനം ചേരാമൈ - അല്പരോട് ചേരായ്ക

நிலத்தியல்பால் நீர்திரிந்து அற்றாகும் மாந்தர்க்கு
இனத்தியல்ப தாகும் அறிவு. (குறள் 452)

നിലത്തിയല്പാൽ നീർതിരിന്തു അറ്റാകും മാന്തർക്കു
ഇനത്തിയല്പ താകും അറിവു.

നിലത്തിൻ ഗുണഭേദം നീരിനുണ്ടാക പോൽ
ഇനത്തിൻ ഗുണമല്ലോ ബോധം. (കുറൾ 452)

47. தெரிந்து செயல்வகை
തെരിന്തു ചെയൽ വകൈ - കർമ്മകൌശലം

எண்ணித் துணிக கருமம் துணிந்தபின்
எண்ணுவம் என்பது இழுக்கு. (குறள் 467)

എണ്ണിത് തുണിക കരുമം തുണിന്തപിൻ
എണ്ണുവം എൻപതു ഇഴുക്കു.

ചിന്തിച്ചു ചെയ്യുക കർമ്മം ചെയ്ത പിൻ
ചിന്തിക്കുക പിഴയത്രേ. (കുറൾ 467)

48. வலியறிதல்
വലിയറിതൽ - ശക്തി അറിയൽ

வினைவலியும் தன்வலியும் மாற்றான் வலியும்
துணைவலியும் தூக்கிச் செயல். (குறள் 471)

വിനൈവലിയും തൻവലിയും മാറ്റാൻ വലിയും
തുണൈവലിയും തൂക്കിച് ചെയൽ.

കർമ്മബലവും തൻബലവും ശത്രുവിൻ ബലവും
തുണബലവും ആരാഞ്ഞ്ചെയ്യുക കർമ്മം. (കുറൾ 471)

49. காலமறிதல்
കാലമറിതൽ - കാലജ്ഞാനം

கொக்கொக்க கூம்பும் பருவத்து மற்றதன்
குத்தொக்க சீர்த்த இடத்து. (குறள் 490)

കൊക്കൊക്ക കൂമ്പും പരുവത്തു മറ്റതൻ
കുത്തൊക്ക ചീർത്ത ഇടത്തു.

തഞ്ചം കാത്തിരിക്കണം കൊക്കുപോലെ
തക്കത്തിൽ നേടണമതിൻ കൊത്തുപോലെ. (കുറൾ 490)

50. இடனறிதல்
ഇടനറിതൽ - സ്ഥലജ്ഞാനം

நெடும்புனலுள் வெல்லும் முதலை அடும்புனலின்
நீங்கின் அதனைப் பிற. (குறள் 495)

നെടുമ്പുനലുൾ വെല്ലും മുതലൈ അടുമ്പുനലിൻ
നീങ്കിൻ അതനൈപ് പിറ.

വെള്ളത്തിൽ വെല്ലുന്ന മുതലയെ വെല്ലുന്നു മറ്റെല്ലാം
വെള്ളത്തിൽ നിന്നതു കയറുകിൽ. (കുറൾ 495)

51. தெரிந்து தெளிதல்
തെരിന്തു തെളിതൽ - തിരഞ്ഞെടുക്കൽ

குணம்நாடிக் குற்றமும் நாடி அவற்றுள்
மிகைநாடி மிக்க கொளல். (குறள் 504)

കുണംനാടിക് കുറ്റമും നാടി അവറ്റുൾ
മികൈനാടി മിക്ക കൊളൽ.

ഗുണവും കുറ്റവുമാരാഞ്ഞ് അവയിലെ
മികവറിഞ്ഞ് കൊള്ളേണ്ട കൊള്ളുക. (കുറൾ 504)

52. தெரிந்து வினையாடல்
തെരിന്തു വിനൈയാടൽ - കർത്തവ്യബോധം

இதனை இதனால் இவன்முடிக்கும் என்றாய்ந்து
அதனை அவன்கண் விடல். (குறள் 517)

ഇതനൈ ഇതനാൽ ഇവൻമുടിക്കും എൻറായ്ന്തു
അതനൈ അവൻകൺ വിടൽ.

ഇക്കര്മ്മം ഇവ്വിതമിവൻ തീര്ക്കുമെന്നറിഞ്ഞ്
അക്കര്മ്മം അവനിലേൽപ്പിക്കണം. (കുറൾ 517)

53. சுற்றந்தழால்
ചുറ്റന്തഴാൽ - ബന്ധുജനാദരണം

காக்கை கரவா கரைந்துண்ணும் ஆக்கமும்
அன்னநீ ரார்க்கே உள. (குறள் 527)

കാക്കൈ കരവാ കരൈന്തുണ്ണും ആക്കമും
അന്നനീ രാർക്കേ ഉള.

കാക്ക വിളികൂട്ടി ഇനത്തോടിര കൊള്ളും
അത്തരക്കാരിലേ ചേർന്നിടും ശ്രീ. (കുറൾ 527)

54. பொச்சாவாமை
പൊച്ചാവാമൈ - മറവി ഇല്ലായ്മ

முன்னுறக் காவாது இழுக்கியான் தன்பிழை
பின்னூறு இரங்கி விடும். (குறள் 535)

മുന്നുറക് കാവാതു ഇഴുക്കിയാൻ തൻപിഴൈ
പിന്നൂറു ഇരങ്കി വിടും.

മുൻകൂട്ടി കരുതാൻ മറന്നോൻ പിന്നെതൻ
പിഴയോര്ത്തു ക്ലേശിക്കുമേറേ. (കുറൾ 535)

55. செங்கோன்மை
ചെങ്കോമൈ - സദ്ഭരണം

வான்நோக்கி வாழும் உலகெல்லாம் மன்னவன்
கோல்நோக்கி வாழும் குடி. (குறள் 542)

വാൻനോക്കി വാഴും ഉലകെല്ലാം മന്നവൻ
കോൽനോക്കി വാഴും കുടി.

മഴയല്ലോ ലോകത്തിന്നാശ്രയം മന്നവൻ
ചെങ്കോൽ നീതി മനുഷ്യർക്കും. (കുറൾ 542)

56. கொடுங்கோன்மை
കൊടുങ്കോമൈ - ദുര്ഭരണം

அல்லற்பட்டு ஆற்றாது அழுதகண் ணீரன்றே
செல்வத்தைத் தேய்க்கும் படை. (குறள் 555)

അല്ലറ്റ്പട്ടു ആറ്റാതു അഴുതകണ് ണീരന്റേ
ചെൽവത്തൈത് തേയ്ക്കും പടൈ.

അല്ലലുറ്റു കുടികൾ നൊന്തഴുത കണ്ണീർ
സമ്പത്തറുക്കുന്ന സസ്ത്രം. (കുറൾ 555)

57. வெருவந்த செய்யாமை
വെരുവന്ത ചെയ്യാമൈ - ക്രൂരദണ്ഡം ചെയ്യായ്ക

தக்காங்கு நாடித் தலைச்செல்லா வண்ணத்தால்
ஒத்தாங்கு ஒறுப்பது வேந்து. (குறள் 561)

തക്കാങ്കു നാടിത് തലൈച്ചെല്ലാ വണ്ണത്താൽ
ഒത്താങ്കു ഒറുപ്പതു വേന്തു.

തക്കപടി ആരായ്ഞ്ഞ് വീണ്ടുമതു നടക്കാതേ
ഒത്തപടി ദണ്ഡിപ്പോൻ മന്നൻ. (കുറൾ 561)

58. கண்ணோட்டம்
കണ്ണോട്ടം - ദാക്ഷണ്യം

பெயக்கண்டும் நஞ்சுண்டு அமைவர் நயத்தக்க
நாகரிகம் வேண்டு பவர். (குறள் 580)

പെയക്കണ്ടും നഞ്ചുണ്ടു അമൈവർ നയത്തക്ക
നാകരികം വേണ്ടു പവർ.

നഞ്ഞൊഴിപ്പതു കണ്ടും ഉണ്ടിരിക്കും
നയമുറ്റ സംസ്ക്കാര ശീലര്. (കുറൾ 580)

59. ஒற்றாடல்
ഒറ്റാടൽ - ചാരനിയോഗം

ஒற்றும் உரைசான்ற நூலும் இவையிரண்டும்
தெற்றென்க மன்னவன் கண். (குறள் 581)

ഒറ്റും ഉരൈചാൻറ നൂലും ഇവൈയിരണ്ടും
തെറ്റെൻക മന്നവൻ കൺ.

ചാരനും നീതിശാസ്ത്രവും ഇവരണ്ടും
അരചനു തെളിക നേത്രങ്ങളായ്. (കുറൾ 581)

60. ஊக்கமுடைமை
ഊക്കമുടൈമൈ - മനക്കരുത്ത്

வெள்ளத் தனைய மலர்நீட்டம் மாந்தர்தம்
உள்ளத் தனையது உயர்வு. (குறள் 595)

വെള്ളത് തനൈയ മലർനീട്ടം മാന്തർതം
ഉള്ളത് തനൈയതു ഉയർവു.

വെള്ളത്തിനോളം ഉയരുന്നു മലര് തൻ
ഉൾക്കരുത്തിനോളം മനുഷ്യര്. (കുറൾ 595)

61. மடியின்மை
മടിയിന്മൈ - മടിയില്ലായ്മ

நெடுநீர் மறவி மடிதுயில் நான்கும்
கெடுநீரார் காமக் கலன். (குறள் 605)

നെടുനീർ മറവി മടിതുയിൽ നാൻകും
കെടുനീരാർ കാമക് കലൻ.

അമാന്തം മറവി മടി ഉറക്കം നാലും
കെടുന്നോര് കയറുന്ന മരക്കലം. (കുറൾ 605)

62. ஆள்வினையுடைமை
ആൾവിനൈയുടൈമൈ - പരിശ്രമശീലം

அருமை உடைத்தென்று அசாவாமை வேண்டும்
பெருமை முயற்சி தரும். (குறள் 611)

അരുമൈ ഉടൈത്തെന്റു അചാവാമൈ വേണ്ടും
പെരുമൈ മുയറ്ചി തരും.

അസാധ്യമെന്നോർത്തു തളരായ്ക
ഉറച്ച പരിശ്രമമേകും ഉന്നതി. (കുറൾ 611)

63. இடுக்கணழியாமை
ഇടുക്കണഴിയാമൈ - തുൻപത്തിൽ മനം തളരായ്ക

இடுக்கண் வருங்கால் நகுக அதனை
அடுத்தூர்வது அஃதொப்பது இல். (குறள் 621)

ഇടുക്കൺ വരുങ്കാൽ നകുക അതനൈ
അടുത്തൂർവതു അഹ്തൊപ്പതു ഇൽ.

ദുഃഖം വരുമ്പോൾ ചിരിക്കുക അതിനെ
എതിരേൽക്കുവാൻ മറ്റൊന്നില്ല തുല്യം. (കുറൾ 621)

64. அமைச்சு
അമൈച്ചു - മന്ത്രി

கருவியும் காலமும் செய்கையும் செய்யும்
அருவினையும் மாண்டது அமைச்சு. (குறள் 631)

കരുവിയും കാലമും ചെയ്കൈയും ചെയ്യും
അരുവിനൈയും മാണ്ടതു അമൈച്ചു.

കരണവും കാലവും കണ്ടു കർമ്മത്തിലും
കർമ്മയുക്തിയിലും കേമൻ മന്ത്രി. (കുറൾ 631)

65. சொல்வன்மை
ചൊൽവൻമൈ - വാക്ചാതുര്യം

சொல்லுக சொல்லைப் பிறிதோர்சொல் அச்சொல்லை
வெல்லும்சொல் இன்மை அறிந்து. (குறள் 645)

ചൊല്ലുക ചൊല്ലൈപ് പിറിതോർചൊൽ അച്ചൊല്ലൈ
വെല്ലുംചൊൽ ഇൻമൈ അറിന്തു.

ചൊല്ലിടാം അച്ചൊല്ലിനെ വെല്ലുന്ന
മറുചൊൽ ഇല്ലെന്നറിവോടെ. (കുറൾ 645)

66. வினைத்தூய்மை
വിനൈത്തൂയ്മൈ - കര്മ്മശുദ്ധി

ஈன்றாள் பசிகாண்பான் ஆயினும் செய்யற்க
சான்றோர் பழிக்கும் வினை. (குறள் 656)

ഈന്റാൾ പചികാൺപാൻ ആയിനും ചെയ്യറ്റ്ക
ചാന്റോർ പഴിക്കും വിനൈ.

പെറ്റമ്മ വിശന്നിരിക്കിലും ചെയ്യായ്ക
മഹാന്മാർ നിന്ദിക്കും കർമ്മം. (കുറൾ 656)

67. வினைத்திட்பம்
വിനൈത്തിട്പം - കര്മ്മദാര്ഢ്യം

எண்ணிய எண்ணியாங்கு எய்துப எண்ணியார்
திண்ணியர் ஆகப் பெறின். (குறள் 666)

എണ്ണിയ എണ്ണിയാങ്കു എയ്തുപ എണ്ണിയാർ
തിണ്ണിയർ ആകപ്പെറിൻ.

എണ്ണിയതെല്ലാം സാദ്ധ്യമാം എണ്ണുന്നോർ
തിണ്ണമാം കർമ്മശീലരാകിൽ. (കുറൾ 666)

68. வினைசெயல்வகை
വിനൈ ചെയൽവകൈ - കര്മ്മനിര്വഹണം

தூங்குக தூங்கிச் செயற்பால தூங்கற்க
தூங்காது செய்யும் வினை. (குறள் 672)

തൂങ്കുക തൂങ്കിച് ചെയറ്പാല തൂങ്കറ്റ്ക
തൂങ്കാതു ചെയ്യും വിനൈ.

വൈകിടാം വൈകേണ്ട കാര്യം വൈകരുതു
വൈകാതെ ചെയ്യേണ്ട കാര്യം. (കുറൾ 672)

69. தூது
തൂതു - ദൂത്

இறுதி பயப்பினும் எஞ்சாது இறைவற்கு
உறுதி பயப்பதாம் தூது. (குறள் 690)

ഇറുതി പയപ്പിനും എഞ്ചാതു ഇറൈവറ്റ്കു
ഉറുതി പയപ്പതാം തൂതു.

മരണത്തിലും അഞ്ചാതെ തൻവേന്തന്
നന്മയുണ്ടാക്കുവോൻ ദൂതൻ. (കുറൾ 690)

70. மன்னரைச் சேர்ந்தொழுகல்
മന്നരൈച് ചേർന്തൊഴുകൽ - രാജസേവ

அகலாது அணுகாது தீக்காய்வார் போல்க
இகல்வேந்தர்ச் சேர்ந்தொழுகு வார். (குறள் 691)

അകലാതു അണുകാതു തീക്കായ് വാർ പോൽക
ഇകൽ വേന്തർച് ചേർന്തൊഴുകു വാർ.

അകലാതെ അടുക്കാതെ തീകായുന്നവർപോലെ
നിൽക്കണം രാജ സേവകർ. (കുറൾ 691)

71. குறிப்பறிதல்
കുറിപ്പറിതൽ - ഇംഗിതജ്ഞാനം

அடுத்தது காட்டும் பளிங்குபோல் நெஞ்சம்
கடுத்தது காட்டும் முகம். (குறள் 706)

അടുത്തതു കാട്ടും പളിങ്കുപോൽ നെഞ്ചം
കടുത്തതു കാട്ടും മുകം.

അടുത്തുള്ളതെ കാട്ടും പളിങ്കു പോലുള്ളിൽ
മികച്ചതെ കാട്ടും മുഖം. (കുറൾ 706)

72. அவையறிதல்
അവൈയറിതൽ - സഭാജ്ഞാനം

அவையறிந்து ஆராய்ந்து சொல்லுக சொல்லின்
தொகையறிந்த தூய்மை யவர். (குறள் 711)

അവൈയറിന്തു ആരായ്ന്തു ചൊല്ലുക ചൊല്ലിൻ
തൊകൈയറിന്ത തൂയ്മൈ യവർ.

സഭയറിഞ്ഞ് ആരാഞ്ഞ് ചൊല്ലുക ചൊല്ലിൻ
വിലയറിഞ്ഞ വിശുദ്ധന്മാർ. (കുറൾ 711)

73. அவையஞ்சாமை
അവൈയഞ്ചാമൈ - സഭാകമ്പം ഇല്ലായ്ക

கற்றாருள் கற்றார் எனப்படுவர் கற்றார்முன்
கற்ற செலச்சொல்லு வார். (குறள் 722)

കറ്റാരുൾ കറ്റാർ എനപ്പടുവർ കറ്റാർമുൻ
കറ്റ ചെലച്ചൊല്ലു വാർ.

പണ്ഡിത ശ്രേഷ്ഠനാവോൻ പ്രബുദ്ധ സഭയിങ്കൽ
തൻവിദ്യ പാടവമോടെ ചൊൽവോൻ. (കുറൾ 722)

74. நாடு
നാടു - രാജ്യം

பிணியின்மை செல்வம் விளைவின்பம் ஏமம்
அணியென்ப நாட்டிற்கிவ் வைந்து. (குறள் 738)

പിണിയിൻമൈ ചെൽവം വിളൈവിൻപം ഏമം
അണിയെൻപ നാട്ടിറ്റ് കിവ് വൈന്തു.

ആരോഗ്യം ഐശ്വര്യം വിളവു സുഖം കാവൽ
ഈയഞ്ചും നാടിന് ഭൂഷണം. (കുറൾ 738)

75. அரண்
അരൺ - കോട്ട

மணிநீரும் மண்ணும் மலையும் அணிநிழல்
காடும் உடையது அரண். (குறள் 742)

മണിനീരും മണ്ണും മലൈയും അണിനിഴൽ
കാടും ഉടൈയതു അരൺ.

തെളിനീരും തുറന്നിടവും ഠ കുന്നും കുളിര
ചോലയും ഒത്തത് കോട്ട. (കുറൾ 742)

76. பொருள்செயல்வகை
പൊരുൾചെയൽവകൈ - ധനസമ്പാദനം

செய்க பொருளைச் செறுநர் செருக்கறுக்கும்
எஃகுஅதனிற் கூரியது இல். (குறள் 759)

ചെയ്ക പൊരുളൈച് ചെറുനർ ചെരുക്കറുക്കും
എഹ്കുഅതനിറ്റ് കൂരിയതു ഇൽ.

നേടുവിൻ ധനം ശത്രുദര്പ്പം മുറിക്കും
മൂര്ച്ചയുള്ള ആയുധം വേറെയില്ല. (കുറൾ 759)

77. படைமாட்சி
പടൈമാട്ചി - സൈന്യപ്രശസ്തി

மறம்மானம் மாண்ட வழிச்செலவு தேற்றம்
எனநான்கே ஏமம் படைக்கு. (குறள் 766)

മറംമാനം മാണ്ട വഴിച്ചെലവു തേറ്റം
എനനാൻകേ ഏമം പടൈക്കു.

വീര്യം മാന്യത അണിനിര തെളിഞ്ഞ പാടവം
ഈനാലും സൈന്യത്തിന് കാവൽ. (കുറൾ 766)

78. படைச்செருக்கு
പടൈച്ചെരുക്കു - യുദ്ധവീര്യം

പேராண்மை என்ப தறுகண்ஒன்று உற்றக்கால்
ஊராண்மை மற்றதன் எஃகு. (குறள் 773)

പേരാൺമൈ എൻപ തറുകൺഒന്റു ഉറ്റക്കാൽ
ഊരാൺമൈ മറ്റതൻ എഹ്കു.

ആണ്മയെന്നത് വീര്യം തന്നെ ആവശ്യമെങ്കിൽ
യുദ്ധം ചെയ്യുവാനുള്ള ആയുധം. (കുറൾ 773)

79. நட்பு
നട്പു - മിത്രം

உடுக்கை இழந்தவன் கைபோல ஆங்கே
இடுக்கண் களைவதாம் நட்பு. (குறள் 788)

ഉടുക്കൈ ഇഴന്തവൻ കൈപോല ആങ്കേ
ഇടുക്കൺ കളൈവതാം നട്പു.

ഉടുമുണ്ടഴിഞ്ഞോൻ കൈപോലുടനെ
ഉടനടി തുണയ്പ്പതേ സ്നേഹം. (കുറൾ 788)

80. நட்பாராய்தல்
നട്പാരായ്തൽ - സൗഹൃദ പരീക്ഷണം

கேட்டினும் உண்டுஓர் உறுதி கிளைஞரை
நீட்டி அளப்பதோர் கோல். (குறள் 796)

കേട്ടിനും ഉണ്ടുഓർ ഉറുതി കിളൈഞരൈ
നീട്ടി അളപ്പതോർ കോൽ.

കേട്ടിലുമുണ്ടൊരു ഗുണപാഠം അതു ബന്ധുജന
കൂറളക്കുന്നൊരു കോലാം. (കുറൾ 796)

81. பழைமை
പഴൈമൈ - പഴക്കം

பழைமை எனப்படுவது யாதெனின் யாதும்
கிழமையைக் கீழ்ந்திடா நட்பு. (குறள் 801)

പഴൈമൈ എനപ്പടുവതു യാതെനിൻ യാതും

കിഴമൈയൈക് കീഴ്ന്തിടാ നട്പു.

പഴമയെന്നത് സൗഹാർദ്ദത്തിൽ ചെയ്യുന്നവ
ഇകഴ്ത്താതെ ഏൽക്കുന്ന സ്നേഹം. (കുറൾ 801)

82. தீநட்பு
തീനട്പു - ദുഷ്ട സംസർഗ്ഗം

கனவினும் இன்னாது மன்னோ வினைவேறு
சொல்வேறு பட்டார் தொடர்பு. (குறள் 819)

കനവിനും ഇന്നാതു മന്നോ വിനൈവേറു
ചൊൽവേറു പട്ടാർ തൊടർപു.

കനവിലും ദുഃഖദം ചൊല്ലും ചെയലും
വിപരീതമായവർ ബന്ധം. (കുറൾ 819)

83. கூடாநட்பு
കൂടാനട്പു - നിഷിദ്ധസൗഹൃദം

தொழுதகை யுள்ளும் படையொடுங்கும் ஒன்னார்
அழுதகண் ணீரும் அனைத்து. (குறள் 828)

തൊഴുതകൈ യുള്ളും പടൈയൊടുങ്കും ഒന്നാർ
അഴുതകണ് ണീരും അനൈത്തു.

കൂപ്പുകൈക്കുള്ളിലും ഒളിക്കാമായുധം ശത്രുവിൻ
കണ്ണീരും അതുപോലെയാം. (കുറൾ 828)

84. பேதைமை
പേതൈമൈ - മൗഢ്യം

பேதைமை என்பதுஒன்று யாதெனின் ஏதம்கொண்டு
ஊதியம் போக விடல். (குறள் 831)

പേതൈമൈ എൻപതുഒന്റു യാതെനിൻ ഏതംകൊണ്ടു
ഊതിയം പോക വിടൽ.

നാശത്തിൻ വഴി കൈക്കൊണ്ട് തൻ
നന്മ വെടിയുകയത്രേ മന്യഢ്യം. (കുറൾ 831)

85. புல்லறிவாண்மை
പുല്ലറിവാണ്മൈ - അൽപജ്ഞാനം

உலகத்தார் உண்டென்பது இல்லென்பான் வையத்து
அலகையா வைக்கப் படும். (குறள் 850)

ഉലകത്താർ ഉണ്ടെൻപതു ഇല്ലെൻപാൻ വൈയത്തു
അലകൈയാ വൈക്കപ് പടും.

ലോകം ഉണ്ടെന്ന് ചൊൽവതില്ലെന്ന് ചൊൽവോൻ
ഭൂമിയിൽ പിശാചായി കാണപ്പെടും. (കുറൾ 850)

86. இகல்
ഇകൽ - ക്രോധം

இகலென்ப எல்லா உயிர்க்கும் பகலென்னும்
பண்பின்மை பாரிக்கும் நோய். (குறள் 851)

ഇകലെൻപ എല്ലാ ഉയിർക്കും പകലെന്നും
പൺപിൻമൈ പാരിക്കും നോയ്.

ക്രോധമേ ജീവികളിലൊക്കെയും പകയെന്ന
തിന്മ പെരുക്കുന്ന രോഗം. (കുറൾ 851)

87. பகைமாட்சி
പകൈമാട്ചി - ശത്രുത

வலியார்க்கு மாறுஏற்றல் ஓம்புக ஓம்பா
மெலியார்மேல் மேக பகை. (குறள் 861)

വലിയാർക്കു മാറുഏറ്റൽ ഓമ്പുക ഓമ്പാ
മെലിയാർമേൽ മേക പകൈ.

അതീശരോടു കൊള്ളുക പക വെടിയുക
അശക്തരോടുള്ള പക. (കുറൾ 861)

88. பகைத்திறம் தெரிதல்
പകൈത്തിറം തെരിതൽ - ശത്രുബലം അറിയൽ

பகையென்னும் பண்பி லதனை ஒருவன்
நகையேயும் வேண்டற்பாற்று அன்று. (குறள் 871)

പകൈയെന്നും പൺപി ലതനൈ ഒരുവൻ
നകൈയേയും വേണ്ടറ്റ്പാറ്റു അന്റു.

പകയെന്ന ദുർഗുണം തന്നുള്ളിൽ
കളിയായും കൊള്ളുക വേണ്ടാ. (കുറൾ 871)

89. உட்பகை
ഉട്പകൈ - ഉൾപ്പക

உடம்பாடு இலாதவர் வாழ்க்கை குடங்கருள்
பாம்போடு உடனுறைந் தற்று. (குறள் 890)

ഉടമ്പാടു ഇലാതവർ വാഴ്ക്കൈ കുടങ്കരുൾ
പാമ്പോടു ഉടനുറൈൻ തറ്റു.

ഇണങ്ങാത്തോര് തമ്മിലെ ജീവിതം ഒരുകുടിലിൽ
പാമ്പോടൊത്തു പാർക്കുന്ന പോൽ. (കുറൾ 890)

90. பெரியாரைப் பிழையாமை
പെരിയാരൈപ് പിഴൈയാമൈ - മഹന്മാരെ നിന്ദിക്കായ്ക

பெரியாரைப் பேணாது ஒழுகின் பெரியாரால்
பேரா இடும்பை தரும். (குறள் 892)

പെരിയാരൈപ് പേണാതു ഒഴുകിൻ പെരിയാരാൽ
പേരാ ഇടുമ്പൈ തരും.

മഹാന്മാരേ മാനിക്കായ്കിൽ അവർമൂലം
ഒഴിയാ ദുരിതമേ വന്നുചേരും. (കുറൾ 892)

91. பெண்வழிச் சேறல்
പെൺ വഴിച് ചേറൽ - സ്ത്രീ ദാസ്യം

மனைவிழைவார் மாண்பயன் எய்தார் வினைவிழைவார்
வேண்டாப் பொருளும் அது. (குறள் 901)

മനൈവിഴൈവാർ മാൺപയൻ എയ്താർ വിനൈവിഴൈവാർ
വേണ്ടാപ് പൊരുളും അതു.

ഭാര്യാദാസർക്കില്ല സൽഫലം ആദാസ്യം
കർമ്മധീരർക്കു നിഷിദ്ധം. (കുറൾ 901)

92. வரைவின் மகளிர்
വരൈവിൻ മകളിർ - വാരനാരി

அன்பின் விழையார் பொருள்விழையும் ஆய்தொடியார்
இன்சொல் இழுக்குத் தரும். (குறள் 911)

അൻപിൻ വിഴൈയാർ പൊരുൾവിഴൈയും ആയ്തൊടിയാർ
ഇൻചൊൽ ഇഴുക്കുത് തരും.

അൻപില്ലാത്ത ധനമോഹിയാം പെണ്ണിൻ
മധുമൊഴികൾ ദുഃഖം തരും. (കുറൾ 911)

93. கள்ளுண்ணாமை
കള്ളുണ്ണാമൈ - മദ്യവർജ്ജനം

கள்ளுண்ணாப் போழ்தில் களித்தானைக் காணுங்கால்
உள்ளான்கொல் உண்டதன் சோர்வு. (குறள் 930)
കള്ളുണ്ണാപ് പോഴ്തിൽ കളിത്താനൈക് കാണുങ്കാൽ
ഉള്ളാൻകൊൽ ഉണ്ടതൻ ചോർവു.

വെളിവുള്ള വേളയിൽ കുടിയന്റെ നിലകണ്ടും
തെളിയില്ലേ കള്ളിൻ ഹീനത്വം. (കുറൾ 930)

94. சூது

ചൂതു - ചൂതു

வேண்டற்க வென்றிடினும் சூதினை வென்றதூஉம்
தூண்டில்பொன் மீன்விழுங்கி யற்று. (குறள் 931)

വേണ്ടറ്റ്ക വെന്റിടിനും ചൂതിനൈ വെന്റതൂഉം
തൂണ്ടിൽ പൊൻ മീൻവിഴുങ്കി യറ്റു.

വേണ്ട ജയിക്കിലും ചൂതാട്ടം വിജയവും
ചൂണ്ടൽ കൊഴുത്ത് മീൻവിഴുങ്ങലാം. (കുറൾ 931)

95. மருந்து

മരുന്തു - ഔഷധം

மாறுபாடு இல்லாத உண்டி மறுத்துண்ணின்
ஊறுபாடு இல்லை உயிர்க்கு. (குறள் 945)

മാറുപാടു ഇല്ലാത ഉണ്ടി മറുത്തുണ്ണിൻ
ഊറുപാടു ഇല്ലൈ ഉയിർക്കു.

വിരുദ്ധമല്ലാത്ത ഭക്ഷ്യം നിയന്ത്രിച്ചുണ്ണുകിൽ
ഉയിരിന്നു ഇല്ലൊരു രോഗം. (കുറൾ 945)

96. குடிமை

കുടിമൈ - കുലീനത്വം

இல்பிறந்தார் கண்ணல்லது இல்லை இயல்பாகச்
செப்பமும் நாணும் ஒருங்கு. (குறள் 951)

ഇൽപിറന്താർ കണ്ണല്ലതു ഇല്ലൈ ഇയൽപകച്
ചെപ്പമും നാണും ഒരുങ്കു.

കുലീനർക്കല്ലാതെയില്ല സഹജമാം
മനശുദ്ധിയും ലജ്ജയും ഒപ്പം. (കുറൾ 951)

97. மானம்

മാനം - മാനം

மயிர்நீப்பின் வாழாக் கவரிமா அன்னார்
உயிர்நீப்பர் மானம் வரின். (குறள் 969)

മയിർനീപ്പിൻ വാഴാക്കവരിമാ അന്നാർ
ഉയിർനീപ്പർ മാനം വരിൻ.

രോമം പോകിലുയിർ വാഴാ കവരിമാവൊത്തവർ
മരിക്കുന്നു മാനം വരിക്കുവാൻ. (കുറൾ 969)

98. பெருமை

പെരുമൈ - മഹത്ത്വം

பிறப்பொக்கும் எல்லா உயிர்க்கும் சிறப்பொவ்வா
செய்தொழில் வேற்றுமை யான். (குறள் 972)

പിറപ്പൊക്കും എല്ലാ ഉയിർക്കും ചിറപ്പൊവ്വാ
ചെയ്തൊഴിൽ വേറ്റുമൈ യാൻ.

ജന്മത്താൽ അകിലരും തുല്യർ മഹത്വമോ
കർമ്മസിദ്ധിയിലുള്ള ഭിന്നം. (കുറൾ 972)

99. சான்றாண்மை

ചാന്റാൺമൈ - സദ്ഗുണം

ஆற்றுவார் ஆற்றல் பணிதல் அதுசான்றோர்
மாற்றாரை மாற்றும் படை. (குறள் 985)

ആറ്റുവാർ ആറ്റൽ പണിതൽ അതുചാന്റോർ
മാറ്റാരൈ മാറ്റും പടൈ.

കാര്യം നേടുവാനായുള്ള താഴ്മ മാന്യർക്ക്
പക വെല്ലും ആയുധം. (കുറൾ 985)

100. பண்புடைமை

പൺപുടൈമൈ - സംസ്ക്കാരം

அரம்போலும் கூர்மைய ரேனும் மரம்போல்வர்
மக்கட்பண்பு இல்லா தவர். (குறள் 997)

അരം പോലും കൂർമൈയ രേനും മരം പോൽവർ
മക്കട്പൺപു ഇല്ലാ തവർ.

അരംപോലെ ബുദ്ധി കൂർത്തോരാകിലും
മരത്തിനു തുല്യർ സംസ്ക്കാരശൂന്യർ. (കുറൾ 997)

101. நன்றியில் செல்வம்

നന്റിയിൽ ചെൽവം - വിഫലസമ്പത്ത്

வைத்தான்வாய் சான்ற பெரும்பொருள் அஃதுஉண்ணான்
செத்தான் செயக்கிடந்தது இல். (குறள் 1001)

വൈത്താൻവായ് ചാന്റ പെരുമ്പൊരുൾ അഹ്തുഉണ്ണാൻ
ചെത്താൻ ചെയക്കിടന്തതു ഇൽ.

ധനംനിറയെ കുട്ടിവെച്ചും ഉണ്ണാതെ മരിക്കിൽ
ധനത്താൽ അവനെന്ത് ഫലം. (കുറൾ 1001)

102. நாணுடைமை
നാണുടൈമൈ - നാണം

கருமத்தால் நாணுதல் நாணுத் திருநுதல்
நல்லவர் நாணுப் பிற. (குறள் 1011)

കരുമത്താൽ നാണുതൽ നാണുത് തിരുനുതൽ
നല്ലവർ നാണുപ് പിറ.

ഹീനകർമ്മത്തിൽ നാണുവതല്ലോ നാണം
മറ്റുനാണം കുലസ്ത്രീകൾക്കു മാത്രം. (കുറൾ 1011)

103. குடிசெயல்வகை
കുടിചെയൽ വകൈ - കുലാഭിവൃത്തി

கருமம் செயஒருவன் கைதூவேன் என்னும்
பெருமையின் பீடுடையது இல். (குறள் 1021)

കരുമം ചെയഒരുവൻ കൈതൂവേൻ എന്നും
പെരുമൈയിൻ പീടുടൈയതു ഇൽ.

കുലോന്നതിക്കായുള്ള കാര്യങ്ങൾ ചെയ്കിൽ
അതിലേറേ ശ്രേഷ്ഠം മറ്റൊന്നുമില്ല. (കുറൾ 1021)

104. உழவு
ഉഴവു - കൃഷി

சுழன்றும்ஏர்ப் பின்னது உலகம் அதனால்
உழந்தும் உழவே தலை. (குறள் 1031)

ചുഴന്റുംഏർപ് പിന്നതു ഉലകം അതനാൽ
ഉഴന്തും ഉഴവേ തലൈ.

കറങ്ങിലും ലോകം കലപ്പയ്ക്കു പിന്നിലാം അതിനാൽ
കഠിനമാകിലും കൃഷിയേ അഭികാമ്യം. (കുറൾ 1031)

105. நல்குரவு
നൽകുരവു - ദാരിദ്ര്യം

இன்மையின் இன்னாதது யாதெனின் இன்மையின்
இன்மையே இன்னா தது. (குறள் 1041)

ഇൻമൈയിൻ ഇന്നാതതു യാതെനിൻ ഇൻമൈയിൻ
ഇൻമൈയേ ഇന്നാ തതു.

ഇല്ലായ്മയെക്കാൾ ദുഃഖമുണ്ടെങ്കിൽ അത്
ഇല്ലായ്മയാലുള്ള ദുഃഖം മാത്രം. (കുറൾ 1041)

106. இரவு
ഇരവു - യാചന

இரக்க இரத்தக்கார்க் காணின் கரப்பின்
அவர்பழி தம்பழி அன்று. (குறள் 1051)

ഇരക്ക ഇരത്തക്കാർക് കാണിൻ കരപ്പിൻ
അവർപഴി തംപഴി അന്റു.

ദാനശീലരോട് ഇരക്കാം ഒളിക്കിലതിൻ ദോഷം
അവര്ക്കുതന്നെ നമുക്കല്ല. (കുറൾ 1051)

107. இரவச்சம்
ഇരവച്ചം - യാചനാഭയം

இரந்தும் உயிர்வாழ்தல் வேண்டின் பரந்து
கெடுக உலகியற்றி யான். (குறள் 1062)

ഇരന്തും ഉയിർവാഴ്തൽ വേണ്ടിൻ പരന്തു
കെടുക ഉലകിയറ്റി യാൻ.

യാചിച്ചേ ജീവീക്കണമെങ്കിൽ തെണ്ടി
നശിക്കട്ടേ ഈലോക വിധാതാ. (കുറൾ 1062)

108. கயமை
കയമൈ - നീചത്വം

மக்களே போல்வர் கயவர் அவரன்ன
ஒப்பாரி யாம்கண்டது இல். (குறள் 1071)

മക്കളേ പോൽവർ കയവർ അവരന്ന
ഒപ്പാരി യാം കണ്ടതു ഇൽ.

മനുഷ്യരേ പോലെ നീചരും അത്രയും
സാമ്യർ ഞാൻ കണ്ടതിലില്ല. (കുറൾ 1071)

*****